കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക


# തളിര്

2025 ആഗസ്റ്റ്
വില ₹25



# ലഹരിക്കെതിരെ

## ലഹരിക്കെതിരെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ





വിമുക്തി
ശിവപ്രസാദ് പാലോട്
(നാടകം)
വില ₹80




കുട്ടിയും ചേച്ചിയുടെ കൂട്ടുകാരും
എൽസ
(കഥ)
വില ₹90





നിഴൽവർണ്ണങ്ങൾ
അജി മാത്യു കോളൂത്ര
(നോവൽ)
വില ₹80



ലഹരിക്കെതിരെ പടയൊരുക്കം
ഡോ. ബി പത്മകുമാർ
(വൈജ്ഞാനികം)
വില ₹150




മാമലക്കാട്ടിലെ മിഠായി മരം
ഡോ. അഞ്ജു മരിയ സെബാസ്റ്റ്യൻ
(കഥ)
വില ₹90



നിഴൽ യുദ്ധം
സാഗ ജെയിംസ്
(വൈജ്ഞാനികം)
വില ₹90




അവൻ
സൈജ എസ്
(കഥ)
വില ₹60




ലഹരിയുടെ ശാസ്ത്രം
ഡോ.അരുൺ ബി നായർ
(പഠനം)
വില ₹90




പുനർജനി
പി ഐ മിനി
(നോവൽ)
വില ₹100




കുട്ടിക്കൂട്ടം ഉഷാറാണ്
ഡോ. രതീഷ് കാളിയാടൻ
(വൈജ്ഞാനികം)
വില ₹110

**10 പുതിയ പുസ്തകങ്ങൾക്ക് മുഖവില 940 രൂപ ഒരുമിച്ചു വാങ്ങുമ്പോൾ 500 രൂപയ്ക്ക് സ്വന്തമാക്കാം.**

~~₹940~~

**₹500/- ONLY**
**SPECIAL OFFER**

## പുസ്തകം സ്വന്തമാക്കാൻ

**website : www.ksicl.org**

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,
പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,
ഫോൺ 0471-233 3790, e-mail : director@ksicl.org

താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.

MOB: 8547971483, ACCOUNT NUMBER : 67178297569.
NAME: DIRECTOR KSICL, IFSC : SBIN0000941

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം


# തളിര്

Vol:32, Issue: 08
August 2025

ഉള്ളടക്കം

## കഥയല്ല യുദ്ധം 09

**ആതിര മുരളീധരൻ**



രണ്ടാം ലോക മഹായുദ്ധത്തിലെ അങ്ങേയറ്റം ദുരന്തപൂർണവുമായ സംഭവങ്ങളായിരുന്നു. ഹിരോഷിമയിലും നാഗസാക്കിയിലുമുണ്ടായ അണുബോംബ് സ്ഫോടനങ്ങൾ. അമേരിക്ക വർഷിച്ച ഈ അണുബോംബ് സ്ഫോടനങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ തൽക്ഷണം കൊല്ലപ്പെടുകയും നിരവധി പേർ പിന്നീട് റേഡിയേഷൻ മൂലമുണ്ടാകുന്ന രോഗങ്ങൾ ബാധിച്ച് മരിക്കുകയും ചെയ്തു.

## ബാറ്റിൽഷിപ് പൊടെംകിൻ നൂറു വർഷങ്ങൾ 20

**വിനു എ**




ലോകസിനിമയിലെ എക്കാലത്തെയും ക്ലാസിക്കുകളിലൊന്നാണ് ബാറ്റിൽഷിപ് പൊടെംകിൻ. ലോകപ്രശസ്ത റഷ്യൻ ചലച്ചിത്ര സംവിധായകനായ സെർജി ഐസൻസ്റ്റീൻ സംവിധാനം ചെയ്ത ഈ നിശ്ശബ്ദ ചിത്രം നൂറ്റാണ്ട് പിന്നിടുകയാണ്. ചരിത്ര പ്രധാന്യമുള്ള ഈ സിനിമയെക്കുറിച്ച് വായിക്കാം...

## ചരിത്രം കുറിച്ച് ശുഭാംശു ശുക്ല 36

**സീമ ശ്രീലയം**



41 വർഷം മുമ്പാണ് ഇന്ത്യക്കാരനായ രാകേഷ് ശർമ്മ ആദ്യമായി ബഹിരാകാശത്ത് എത്തിയത്. ശർമ്മയ്ക്ക് ശേഷം ബഹിരാകാശ യാത്ര നടത്തുന്ന ഇന്ത്യക്കാരൻ, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരൻ, ഏറ്റവും കൂടുതൽ സമയം ബഹിരാകാശത്ത് ചെലവഴിച്ച ഇന്ത്യക്കാരൻ തുടങ്ങിയ റെക്കോഡുകളും ഇപ്പോൾ 39 വയസ്സുകാരനായ ശുഭാംശുവിന് സ്വന്തം.

**തെരുവിലെക്കുട്ടി** ................ 05
എൻ പി ചന്ദ്രശേഖരൻ
**വി എസ്: യുഗനായകൻ**....... 06
**ചില ആനക്കാര്യങ്ങൾ**.......... 12
വിജയകുമാർ ബ്ലാത്തൂർ
**കാവുകൾ**.......................... 17
സുനീഷ് മുയിപ്പോത്ത്
**വലിയവരും ചെറിയവരും** ..... 18
പള്ളിയറ ശ്രീധരൻ
**മാനത്തുകണ്ണി** ..................... 19
ശിവപ്രസാദ് പാലോട്
**പളുങ്കുമണികൾ**.................. 23
അജിത മാധവ്
**ലാവോയ്സിയെയുടെ തല; മനുഷ്യരാശിയുടെ നഷ്ടം**....... 24
സി എം മുരളീധരൻ
**ഇന്ത്യൻ സ്വാതന്ത്ര്യ സമരം: ചരിത്രം ഒറ്റ നോട്ടത്തിൽ**....... 28
അനീഷ പി എം
**ഒരു കുഞ്ഞു സ്നേഹം** ........ 30
സന്ധ്യ യു
**കുഞ്ഞുഭാഷ** ........................ 32
സതീശൻ മോറായി
**ഭാഷാവിചാരം** ...................... 33
സാബു കോട്ടുക്കൽ
**ചവിട്ടിനിന്ന മണ്ണ്**.................. 34
ഹരീഷ് ആർ നമ്പൂതിരിപ്പാട്.
**ഡോക്കിംഗ്**.......................... 40
രേഖ ആർ താങ്കൾ
**ഇളംതളിര്**........................... 42

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സഫിയ ഒ സി**

എഡിറ്റോറിയൽ സപ്പോർട്ട്
**സാജി എസ് വി**

ഡിസൈൻ , ലേഔട്ട്
**സുജയ് സുധാകരൻ**

കവർ
**വെങ്കി**

പ്രൊഡക്ഷൻ ഓഫീസർ
**വിനോദ് ആർ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790, 8547971483
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

# സ്നേഹചിന്തകൾ പൂക്കുന്ന ആഗസ്റ്റ്

കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിയും നൂറ്റാണ്ടിന്റെ ഇതിഹാസവുമായ ശ്രീ വി എസ് അച്യുതാനന്ദൻ വിടപറഞ്ഞതിന്റെ ദുഃഖ സാന്ദ്രമായ അന്തരീക്ഷത്തിലാണ് നാമെല്ലാവരും. 1947 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്ക് ഇന്ത്യൻ ജനത ഉണർന്നെഴുന്നേറ്റപ്പോൾ ജയിലറയിൽ കഴിയേണ്ടിവന്ന പോരാളിയാണ് വി എസ്. തന്റെ ആയുഷ്ക്കാലം മുഴുവൻ അധഃസ്ഥിത വർഗ്ഗത്തിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിച്ച ശ്രീ വി എസിന് സ്നേഹാഞ്ജലികൾ അർപ്പിക്കട്ടെ...

1947 ആഗസ്റ്റ് 14 അർദ്ധരാത്രി. ദർബാർ ഹാളിൽ സ്വാതന്ത്ര്യ പോരാളി സുചേതാ കൃപലാനി വന്ദേ മാതരം ആലപിച്ചു. പ്രഥമ പ്രധാന മന്ത്രിയായി ചുമതലയേറ്റ ജവഹർലാൽ നെഹ്റുവിന്റെ വികാരോജ്ജ്വലമായ ശബ്ദം മുഴങ്ങി. 'വർഷങ്ങൾക്ക് മുമ്പ് വിധിയുമായി നാമൊരു കരാറിലേർപ്പെട്ടിരുന്നു. ആ കരാർ, പ്രതിജ്ഞ, നിറവേറ്റാനുള്ള സമയമിതാ സമാഗതമായിരിക്കുന്നു. നാമത് നിറവേറ്റും; പൂർണമായല്ലെങ്കിലും വലിയൊരളവുവരെ. ഈ അർദ്ധരാത്രിയിൽ, ലോകം മുഴുവൻ ഉറങ്ങുന്ന സമയത്ത്, ഇന്ത്യ പുതുജീവിതത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും ഉണരുകയാണ്.' ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെട്ട മഹത്തായ പ്രസംഗങ്ങളിൽ ഒന്ന്.

അതേ ദിവസം മഹാത്മാ ഗാന്ധി, വർഗ്ഗീയ ഭ്രാന്തൻമാർ അഴിഞ്ഞാടി തീ പിടിച്ച കൽക്കത്തയിലെ തെരുവുകളിൽ സാന്ത്വനവുമായി അലയുകയായിരുന്നു. കത്തിയമർന്ന, അർദ്ധപ്രാണരായ മനുഷ്യർ നിലവിളിക്കുന്ന, ശവഗന്ധം മണക്കുന്ന ഗ്രാമങ്ങളെ സാക്ഷി നിർത്തി ഗാന്ധിജിപറഞ്ഞു, 'ഞാൻ കൊല്ലപ്പെടുന്നുണ്ടെങ്കിൽ, അത് നിങ്ങളുടെ കൈകൊണ്ട് മാത്രമായിരിക്കും...'

രാജ്യം എഴുപത്തിയൊൻപതാമത് സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ ഈ രണ്ടു ദൃശ്യങ്ങളും പേർത്തും പേർത്തും നമ്മുടെ ഓർമ്മകളിൽ കടന്നുവരേണ്ടതുണ്ട്. കാരണം വിഭജനത്തിന്റെ മുറിവുകളോടെ കൈവന്നതാണ് നമ്മുടെ സ്വാതന്ത്ര്യം. അത് ഒരേ സമയം അത്യാഹ്ലാദത്തിന്റെയും തീവ്രവേദനയുടെയും അനുഭവമായിരുന്നു എന്ന യാഥാർഥ്യമാണ് മതേതരത്വവും സമത്വവും ജനാധിപത്യവും ഉറപ്പുതരുന്ന സുദൃഢമായ ഭരണഘടന രൂപപ്പെടുത്തുന്ന തിലേക്ക് നമ്മെ നയിച്ചത്. സ്വാതന്ത്ര്യത്തിന്റെ എട്ട് പതിറ്റാണ്ടുകൾ ഇടറാതെ, തകരാതെ നമ്മെ കാത്തതും ആ ഉറപ്പാണ്. ആ ഇന്ത്യയെ നിലനിർത്തേണ്ടത് നമ്മുടെ കടമയാണ്. വർത്തമാന കാല ഇന്ത്യൻ സാഹചര്യങ്ങൾ ആവശ്യപ്പെടുന്നത് അതാണ്.

നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനും രണ്ടു വർഷം മുൻപത്തെ ആഗസ്റ്റ് മാസത്തിൽ ലോകം നടുങ്ങി വിറച്ച ഏറ്റവും വലിയ മനുഷ്യ ദുരന്തത്തിന് നാം സാക്ഷ്യം വഹിക്കുകയുണ്ടായി. രണ്ടാം ലോക മഹായുദ്ധമെന്ന അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് ജപ്പാനിലെ ഹിരോഷിമയ്ക്കും നാഗസാക്കിക്കും മേൽ മരണത്തിന്റെ കൂൺമേഘങ്ങളെ വിരിയിച്ചത് 1945 ആഗസ്റ്റ് 6, 9 തിയതികളിലായിരുന്നു. അമേരിക്കയുടെ അണുബോംബ് വർഷത്തിൽ ലക്ഷക്കണക്കിനാളുകൾ കൊല്ലപ്പെട്ടു. അനേകശതം ആളുകൾ ഇന്നും അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും പാഠം പഠിക്കാത്ത ലോക ഭരണകൂടങ്ങൾ യുദ്ധഭ്രാന്തിന്റെ പുതിയ അധ്യായങ്ങൾ രചിച്ചുകൊണ്ടിരിക്കുന്നു. ജപ്പാനിൽ നിന്നും കേട്ട കുഞ്ഞുങ്ങളുടെ അതേനിലവിളി ഇന്ന് നാം ഗാസയിൽ നിന്നും കേൾക്കുന്നു.

ഏത് തരത്തിലുള്ള ഹിംസയെയും, എല്ലാതരം വിഭജനങ്ങളെയും എതിർത്തുതോൽപ്പിക്കുക എന്നതാണ് ആഗസ്റ്റ് മാസത്തിന്റെ സന്ദേശം. അത്തരമൊരു ആത്മബോധത്തിലേക്ക് ഓരോ കുഞ്ഞുങ്ങളും ഉയരണമെങ്കിൽ വായനയിലൂടെ മാത്രമേ സാധിക്കൂ എന്ന കാഴ്ചപ്പാടാണ് എല്ലാകാലത്തും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഉയർത്തിപ്പിടിച്ചിട്ടുള്ളത്. കുഞ്ഞുവായനയ്ക്കും വലിയ ചിന്തകൾക്കുംവേണ്ടി ഒരു കൂട്ടം കഥകളും കവിതകളും ലേഖനങ്ങളും ഉൾപ്പെടുത്തിയാണ് ആഗസ്റ്റ് ലക്കം തളിര് മാസിക നിങ്ങളുടെ കൈകളിൽ എത്തുന്നത്. എല്ലാ കൊച്ചു കൂട്ടുകാർക്കും സ്നേഹ ചിന്തകൾ പൂക്കുന്ന സ്വാതന്ത്ര്യ ദിനാശംസകൾ നേരുന്നു.

പള്ളിയറ ശ്രീധരൻ
ഡയറക്ടർ
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

# തെരുവിലെക്കുട്ടി


എൻ പി ചന്ദ്രശേഖരൻ

തെരുവിലെക്കുട്ടി നിനക്കു മത്സര
ക്കളിയരങ്ങിലെ വിജയദൃശ്യമോ?

തെരുവിലെക്കുട്ടി ഒരു വീട്ടിൽ നിന്നും
നിറബലൂൺ കണ്ടു നടന്നുനീങ്ങിയോൻ
ഒരു നാട്ടിൻപുറത്തുറങ്ങിയേറ്റപ്പോൾ
പുതുനഗരത്തിൽ മിഴിതുറന്നവൾ
ഒരു ശതകം തൻ രഥത്തിൽ മാഞ്ഞപ്പോൾ
പഴയ നൂറ്റാണ്ടിൽ പുതഞ്ഞുപോയവൻ
നിധിയന്വേഷകർ മറുത്തകന്നപ്പോൾ
തൊടിവിളകൾക്കു കനിവുപാർന്നവൾ
ഒരു തുണ്ടു മണ്ണും ഒരു പുല്ലുവീടു
മൊഴിഞ്ഞപ്പോൾ നിത്യപഥികനായവൻ
ഒരു മരച്ചോട്ടിൽ മനുഷ്യപുത്രിയായ്
പ്പിറന്നു നക്ഷത്രം കളഞ്ഞുപോയവൾ

അവൻ  നടരാജശിവന്റെ ഗോത്രത്തിൽ
ശിവത്വം കിട്ടാതെ വഴിക്കൂത്താടുവോൻ
അവൾ  കിരാതിയായ് തപസ്വിനീപദ
മനുഗ്രഹിക്കാതെ തപിച്ചുതീരുവോൾ
അവനിലുണ്ടിനി കിളിക്ക്പാടാനുള്ള
ചരിതങ്ങൾ നഷ്ടമനുഷ്യഗാഥകൾ
അവളിലുണ്ടിന്നിൻ പഠനപദ്ധതീ
പരിധിയ്ക്കപ്പുറം കുതറും പാഠങ്ങൾ

തെരുവിലെക്കുട്ടി തെരുവിലുള്ളത്
നിനക്കു വായിക്കാൻ മനംകടയുവാൻ
തെരുവിലെക്കുട്ടി തെരുവിൽനില്പത്
ഒരു ദിനം നാടു തിരിച്ചുകിട്ടുവാൻ
ഒരു ദിനം വീടു തുറന്നുകിട്ടുവാൻ
ഒരു ദിനം നിന്നെ മനുഷ്യനാക്കുവാൻ!



വര:ബോബി എം പ്രഭ



# വി എസ്: യുഗനായകൻ

**1946.** പാലായിലെ ലോക്കപ്പിൽ ഇൻസ്പെക്ടർ ഇടിയൻ നാരായണ പിള്ള വി എസ് അച്യുതാനന്ദനെ അതിക്രൂരമായി മർദ്ദിച്ചവശനാക്കി. കാല് രണ്ടും ലോക്കപ്പിന്റെ കമ്പിയിൽ കെട്ടിലാത്തി കൊണ്ട് കാൽവെള്ളയിൽ ആയിരുന്നു മർദ്ദനം. ഇതിനിടയിൽ ഒരു പോലീസുകാരൻ തോക്കിന്റെ ബയണറ്റ് കൊണ്ട് കാലിൽ ആഞ്ഞുകുത്തി. അതോടെ ബോധംപോയി. മരിച്ചു എന്നു കരുതി കാട്ടിൽ കൊണ്ടുപോയി കളയാൻ ഇടിയൻ പോലീസ് നിർദ്ദേശം നൽകി. കാട്ടിൽ കളയാൻ പോകുന്ന വണ്ടിയിൽ ലോക്കപ്പിൽ ഉണ്ടായിരുന്ന കള്ളൻ കോലപ്പനും കയറി. ഇറക്കാനും കയറ്റാനും ആള് വേണമല്ലോ. വഴിക്കു വെച്ചു വി എസ് അനങ്ങുന്നത് കോലപ്പൻ കണ്ടു. അക്കാര്യം കോലപ്പൻ പോലീസുകാരോട് പറഞ്ഞു. അങ്ങനെ നേരെ പാലാ ആശുപത്രിയിലേക്ക്... തന്റെ ജീവൻ രക്ഷിച്ച കോലപ്പനെ എല്ലാ കാലത്തും വി എസ് ഓർമ്മയിൽ സൂക്ഷിച്ചു.

1923 ഒക്ടോബർ 20ന് ആലപ്പുഴയിലെ പുന്നപ്രയിൽ വേലിക്കകത്ത് ശങ്കരന്റെയും അക്കമ്മയുടെയും മകനായിട്ടാണ് വി എസ് അച്യുതാനന്ദന്റെ ജനനം. നാലാം വയസിൽ അമ്മയെയും പതിനൊന്നാം വയസിൽ അച്ഛനെയും നഷ്ടപ്പെട്ടു. അച്ഛന്റെ മരണത്തോടെ ഏഴാം ക്ലാസിൽ പഠനം നിലച്ചു. അച്ഛന്റെ ജൗളിക്കടയും തയ്യൽക്കടയും ജ്യേഷ്ഠൻ ഗംഗാധരൻ ഏറ്റെടുത്തപ്പോൾ സഹായിയായി അച്യുതാനന്ദൻ കൂടെക്കൂടി.

ഈ കാലത്താണ് രാഷ്ട്രീയ ചിന്തകൾ വി എസിന്റെ മനസിൽ മുളപൊട്ടുന്നത്. ബ്രിട്ടീഷ് വാഴ്ചയും ഇന്ത്യൻ സ്വാതന്ത്ര്യ സമരവും മഹാത്മാ ഗാന്ധിയും ജാതി വിവേചനവും ജന്മിത്തവുമൊക്കെയാണ് അവിടത്തെ ചർച്ച. വി എസിന്റെ രാഷ്ട്രീയ പാഠശാലയായി ജ്യേഷ്ഠന്റെ തുണിക്കട മാറി.

ജാതീയതയും അയിത്തവും കൊടികുത്തി വാണിരുന്ന കാലമായിരുന്നു വി എസിന്റെ കുട്ടിക്കാലം. പറവൂരിലെ വീട്ടിൽ നിന്ന് മൂന്നു കിലോമീറ്റർ അകലെ കളർകോട് സ്കൂളിലായിരുന്നു പഠനം. സ്കൂളിലേക്ക് നടന്നു പോവുമ്പോൾ വഴിയിൽ സവർണരായ കുട്ടികൾ അച്യുതാനന്ദനെ ജാതിപ്പേർ വിളിച്ചു കളിയാക്കുമായിരുന്നു. അവരെ നേരിടാൻ പിടിയുള്ള അരഞ്ഞാണം ഉണ്ടാക്കിക്കൊടുത്തു അച്ഛൻ.

1939ൽ ആലപ്പുഴയിലെ ആസ്പിൻവാൾ ഫാക്ടറിയിൽ കയർ തടുക്ക് തുന്നുന്ന തൊഴിലാളിയായി വി എസ്. അതേ വർഷം തന്നെ സ്റ്റേറ്റ് കോൺഗ്രസിൽ അംഗമായി. കയർ ഫാക്ടറികളിൽ ആ കാലത്ത് അടിമപ്പണിയായിരുന്നു നിലനിന്നിരുന്നത്. തൊഴിലാളി ചൂഷണം അതിന്റെ മൂർധന്യത്തിൽ ആയിരുന്നു. തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ സജീവ പ്രവർത്തകനായി വി എസ് മാറി.

1940ൽ കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം എടുത്തു. ആ അവസരത്തിലാണ് പതിനേഴുകാരനായ വി എസ് കമ്യൂണിസ്റ്റ് നേതാവ് പി കൃഷ്ണപിള്ളയുടെ ശ്രദ്ധയിൽപ്പെടുന്നത്. തുടർന്ന് വി എസിനെ കുട്ടനാട്ടിലെ കർഷകത്തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കാൻ കൃഷ്ണപിള്ള നിയോഗിച്ചു. 'തമ്പ്രാനെന്നു വിളിക്കരുത്, പാളേൽ കഞ്ഞിക്കുടിക്കരുത്' എന്നു അധസ്ഥിത വർഗ്ഗത്തെ ആഹ്വാനം ചെയ്യുന്ന മുദ്രാവാക്യവുമായി 1943ൽ വി എസ് കുട്ടനാട്ടിലെത്തി. കള്ള അള

വുപാത്രം പിൻവലിക്കുക, കൂലി രണ്ടിടങ്ങഴിയായി വർദ്ധിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ കർഷകത്തൊഴിലാളികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിൽ വി എസ് മുഖ്യപങ്കു വഹിച്ചു.

1946ൽ ദിവാൻ സി പിയുടെ ദുർഭരണത്തിനെതിരെ നടന്ന പുന്നപ്ര വയലാർ സമരത്തിലെ മുന്നണിപ്പോരാളിയായി. അമ്പലപ്പുഴ ഭാഗത്തെ സമര ഭടൻമാരെ പരിശീലിപ്പിക്കുന്നതിന്റെ നേതൃത്വം വി എസിനായിരുന്നു. അറസ്റ്റ് വാറന്റിനെ തുടർന്ന് കോട്ടയം ഭാഗത്തേക്ക് ഒളിവിൽ പോയ വി എസിനെ ആരോ ഒറ്റുകൊടുത്തു. പോലീസ് പിടിയിലായ വി എസിനെ പാലാ പോലീസ് സ്റ്റേഷനിൽ ഇടിയൻ നാരായണപ്പിള്ള അതിക്രൂരമായി മർദിച്ചു. തുടർന്ന് ജയിലിൽ അടയ്ക്കപ്പെട്ടു. 1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്രയായപ്പോൾ സ്വാതന്ത്ര്യം ലഭിക്കാതെ ജയിലിൽ കഴിയുകയായിരുന്നു വി എസ്.


1946 മുതൽ പലകാലങ്ങളിലായി അഞ്ചു വർഷത്തോളം ജയിലിൽ കിടന്നു. 1965ൽ ജയിലിൽ കിടന്നുകൊണ്ടു അമ്പലപ്പുഴയിൽ നിന്നും നിയമസഭയിലേക്ക് മത്സരിച്ചെങ്കിലും പരാജയപ്പെട്ടു. 1967ൽ അമ്പലപ്പുഴയിൽ നിന്നും ആദ്യമായി നിയമസഭയിലേക്ക്. തുടർന്ന് അഞ്ചു തവണ നിയമസഭയിൽ എത്തി. 1992, 2001, 2011 വർഷങ്ങളിൽ പ്രതിപക്ഷ നേതാവ്. 2006ൽ 82ാം വയസിൽ കേരളത്തിന്റെ മുഖ്യമന്ത്രിയായി. അങ്ങനെ കേരളത്തിന്റെ ഏറ്റവും പ്രായം കൂടിയ മുഖ്യമന്ത്രിയായി വി എസ്.

പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി എന്നീ പദവികൾ വഹിക്കുമ്പോൾ കേരളത്തിന്റെ സാമൂഹ്യജീവിതത്തെ രൂപപ്പെടുത്തുകയും മാറ്റിമറിക്കുകയും ചെയ്ത നിരവധി വിഷയങ്ങൾ വി എസ് അച്യുതാനന്ദൻ ഏറ്റെടുത്തു. പരിസ്ഥിതി സൗഹൃദ വികസന നയം ഉയർത്തിപ്പിടിച്ച വി എസ് മലയാളിയുടെ സുസ്ഥിര ജീവിതത്തിനു വേണ്ടി നിലകൊണ്ട മഹാനായ ഭരണാധികാരിയായി. എൻഡോസൾഫാൻ ഇരകളായ കുഞ്ഞുങ്ങൾക്ക് വേണ്ടി ശബ്ദമുയർത്തിയ വി എസ് മനുഷ്യസ്നേഹത്തിന്റെ കാവൽ വിളക്കായി.

തിരുവനന്തപുരത്ത് വെച്ചു 2025 ജൂലൈ 21ന് അന്തരിക്കുമ്പോൾ 101 വയസായിരുന്നു ആ ഇതിഹാസ ജീവിതത്തിന്.







# കഥയല്ല യുദ്ധം

ആതിര മുരളീധരൻ

**ഹിരോഷിമയിലും നാഗസാക്കിയിലുമുണ്ടായ അണുബോംബ് സ്ഫോടനങ്ങൾ രണ്ടാം ലോക മഹായുദ്ധത്തിലെ അങ്ങേയറ്റം ദുരന്തപൂർണമായ സംഭവങ്ങളായിരുന്നു. ആഗസ്റ്റ് 6ന് രാവിലെ 8:15ന് ലിറ്റിൽ ബോയ് എന്ന അണുബോംബ് ഹിരോഷിമയിൽ പതിച്ചു. ആഗസ്റ്റ് 9ന് രാവിലെ 11:02ന് ഫാറ്റ് മാൻ എന്ന അണുബോംബ് നാഗസാക്കിയെയും തകർത്തു. അമേരിക്ക വർഷിച്ച അണുബോംബ് സ്ഫോടനങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ തൽക്ഷണം കൊല്ലപ്പെടുകയും നിരവധി പേർ പിന്നീട് റേഡിയേഷൻ മൂലമുണ്ടാകുന്ന രോഗങ്ങൾ ബാധിച്ച് മരിക്കുകയും ചെയ്തു.**

മഴയൽപം വിട്ടു നിന്നപ്പോൾ എല്ലാ ഒഴിവു ദിവസങ്ങളിലെയും പോലെ അയൽപക്കത്തെ കുട്ടികൾ പറമ്പിൽ കളിക്കാൻ ഇറങ്ങിയിരിക്കുന്നു. ബാൽക്കണിയിൽ നിന്നാൽ കാണാവുന്ന ഗെയ്റ്റിനപ്പുറത്തെ ഒഴിഞ്ഞ പറമ്പിൽ സ്ഥിരം കലമ്പലുകൾ. തൊട്ടടുത്ത ഉയരം കുറഞ്ഞ രണ്ട് പറങ്കിമാവിൻ ചുവടുകൾ രണ്ട് കുടുംബ വീടുകളാണെന്ന് തോന്നുന്നു. ഓരോ വീട്ടിലും അച്ഛനും അമ്മയും കുട്ടികളുമായി അവർ കളിക്കാരെ പകുത്തു കൊടുക്കുന്നുണ്ട്. മതിലിനു മുകളിലേക്കു ചാരിയ ഒറ്റ ഓലയുടെ മറവിൽ ഒരു കച്ചവട സ്ഥാപനം ആണെന്ന് തോന്നുന്നു. രണ്ട് കുടുംബങ്ങളുടെയും ഏതാവശ്യവും നിറവേറ്റാൻ പാകത്തിന് ആ കട പലവ്യഞ്ജനക്കടയും തുണിക്കടയും മരുന്ന് കടയുമൊക്കെയായി മാറുന്നുണ്ട്. കുട്ടികൾ അവർക്ക് ചുറ്റിലുമുള്ളലോകത്തെ അനുക

രിച്ചു കൊണ്ട് അവരുടേതായ കളികളിൽ മുഴുകിയിരിക്കുകയാണ്. ഒരു ചായ എടുത്ത് തിരികെ വന്നപ്പോളേക്കും കളിയുടെ മട്ട് മാറിയതായി മനസ്സിലായി. ചില കുട്ടികൾ പറമ്പിലൂടെ ഭയന്നോടുന്നു. ഒരു കൂട്ടർ അവരുടെ വീടുകൾ ലക്ഷ്യം വെച്ച് ആക്രമണം നടത്തുന്നു. പറമ്പിനു മുകളിലൂടെ പറക്കുന്ന കാക്കകളെ അവർ യുദ്ധ വിമാനങ്ങളായി സങ്കൽപ്പിച്ച് അവയുടെ പറക്കലിന്റെ എതിർ ദിശയിൽ ഓടി രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഒരു കുട്ടി ചൂണ്ടിയ ഓല മടലിന്റെ മുന്നിൽ മറ്റൊരുവൻ തലയ്ക്കു പിന്നിൽ കൈ കെട്ടി നിൽക്കുന്നു. കൊല്ലരുതേ എന്ന് ഉറക്കെ കരയുന്നുമുണ്ട് മടല് ചൂണ്ടിയ കുട്ടി കൊലവിളി നടത്തി ആർത്തു ചിരിക്കുന്നു. കൂട്ടത്തിൽ ഏറ്റവും ചെറിയ കുഞ്ഞിനെ വാരിയെടുത്ത പെൺകുട്ടി ആരോ എറിഞ്ഞ ഒരു പന്ത് മുന്നിൽ വന്നു വീണ ഉടനെ ചിതറിത്തെറിച്ചിട്ടെന്ന പോലെ മറിഞ്ഞു വീഴുന്നു. അവർ യുദ്ധം കളിക്കുകയാണ്. എന്തോ വല്ലാത്ത അസ്വസ്ഥത തോന്നി.

കളി കഴിഞ്ഞ് ദേഹത്തു പറ്റിയ അഴുക്ക് കഴുകിക്കളയാൻ അവർ എന്നത്തേയും പോലെ മുറ്റത്തെ പൈപ്പിൻ ചുവട്ടിൽ വന്നു. വിളിച്ചപ്പോൾ അവർ പരുങ്ങി പരുങ്ങി അടുത്തേക്ക് വന്നു. ഞാൻ അവർക്ക് കയ്യിൽ കരുതിയ കടലാസ് പക്ഷിയെ സമ്മാനിച്ചപ്പോൾ അവർ അത്ഭുതത്തോടെ എന്നെ നോക്കി.. 'എന്താ ഇന്ന് യുദ്ധം കളിച്ചേന്ന്' ചോദിച്ചപ്പോൾ ഒരു രസത്തിനെന്ന് കൂട്ടത്തിൽ നേതാവിന്റെ ഉത്തരം. ശരിയാ... യുദ്ധം മുതിർന്നവരുടെ കളിയാണ്. അത് അവർ അനുകരിക്കുന്നു. ഞാനും ചിരിച്ചു.

''ഈ പക്ഷി ഏതാന്ന് അറിയോ?'' ഞാൻ പിന്നെയും ചോദിച്ചു... സ്കൂളിൽ എല്ലാ കൊല്ലവും ഉണ്ടാക്കാറുണ്ടെന്ന് ഉത്തരം... ''നിങ്ങൾക്ക് ഈ പക്ഷിയുടെ കഥ പറഞ്ഞു തരാം ഇരിക്ക്'' ഞാൻ അവർക്ക് മുറ്റത്ത് കസേരകൾ ഇട്ടു കൊടുത്തു. അവർ കഥ കേൾക്കാൻ തയ്യാറായി.. ഈ കഥ ഞങ്ങൾക്കൊക്കെ നേരത്തെ അറിയാം എന്ന ഭാവം ആയിരുന്നു പലർക്കും. നേരത്തെ മടല് ചൂണ്ടിയ പട്ടാളക്കാരൻ അത് പറയുകയും ചെയ്തു.

''എങ്കിലും ചിലതൊക്കെ വീണ്ടും വീണ്ടും പറയാനും അത് കേൾക്കാനും ആള് വേണം.'' ഞാൻ കണ്ണിറുക്കി.

**'THIS IS OUR CRY, THIS IS OUR PRAYER, PEACE IN THE WORLD'** എന്നാലേഖനം ചെയ്ത ഒരു സ്മാരകമുണ്ട് ജപ്പാനിൽ. കയ്യിൽ ഇതുപോലൊരു കൊക്കുമായി നിൽക്കുന്ന ഒരു പെൺകുട്ടിയുടെ പ്രതിമയും. സഡാക്കോ സസക്കി...

''എനിക്കറിയാം... 664 കൊക്കുകളെ ഉണ്ടാക്കിയപ്പോഴേക്കും ആ കുട്ടി മരിച്ചു പോയി... ല്ല്യേടീച്ചറേ.'' പട്ടാളക്കാരൻ വീണ്ടും അവന്റെ അറിവ് പങ്കുവെച്ചു..

അതെ... ഓട്ടക്കാരി ആകാൻ ആഗ്രഹിച്ച ആ മിടുക്കിയെ അവളുടെ പന്ത്രണ്ടാം വയസ്സിൽ അപഹരിച്ച ദുരന്തം നടന്നത് അവൾക്ക് രണ്ട് വയസ്സുള്ളപ്പോഴാണ്. നമ്മളിന്ന് എത്ര സമാധാനം ഉള്ള ദിവസത്തിൽ ആണല്ലേ ഇങ്ങനെ കൂടിയിരിക്കുന്നത്. ഇത് പോലെ തെളിഞ്ഞ ഒരു ദിവസം ജപ്പാനിലെ ഹിരോഷിമയിലെ ജനങ്ങൾ സാധാരണ ജോലിക്ക് പോകാനുള്ള തിരക്കുകളിൽ



ആയിരുന്നു. യുദ്ധം നടക്കുന്ന സമയം ആയതിനാൽ അവർക്ക് ആശങ്കകളും ഉണ്ടായിരുന്നു. 1945 ആഗസ്റ്റ് ആറാം തിയതി, അന്നൊരു തിങ്കളാഴ്ചയായിരുന്നു. പുലർച്ചെ ശാന്ത സമുദ്രത്തിലെ മറിയാനാ ദ്വീപു സമൂഹത്തിലെ ടിനിയൻ ദ്വീപിൽ നിന്ന് എനോളഗെ ബി 29 എന്ന അമേരിക്കൻ ബോംബർ വിമാനം 1500 മൈലുകൾക്കപ്പുറമുള്ള ജപ്പാനിലെ ഹോൺഷൂ ദ്വീപ് നഗരമായ ഹിരോഷിമ ലക്ഷ്യമാക്കി പറന്നു. 12 സൈനികർ സഞ്ചരിച്ച ആ വിമാനത്തിൽ ആയിരുന്നു ലോക മനസാക്ഷിയെ ഞെട്ടിച്ച ദുരന്തത്തിന് കാരണമാകാൻ പോകുന്ന ലിറ്റിൽ ബോയ് എന്ന അണുബോംബ് ഉണ്ടായിരുന്നത്.

രണ്ടാം ലോക മഹായുദ്ധം അതിൻെറ അന്ത്യഘട്ടത്തിൽ എത്തിനിൽക്കുമ്പോഴാണ് ഇന്നും എല്ലാവർക്കും ഒരു തീരാ ദു:ഖത്തിൻെറ ഓർമയായ ആ സംഭവം നടക്കുന്നത്. 1941 ഡിസംബർ ഏഴിന് അമേരിക്കൻ നാവികസങ്കേതമായ പേൾ ഹാർബറും ബ്രിട്ടീഷ് യുദ്ധക്കപ്പലായ പ്രിൻസ് ഓഫ് വെയിത്സും ജപ്പാൻ ബോംബിട്ട് നശിപ്പിച്ചതിനെ തുടർന്ന് അമേരിക്കയും ബ്രിട്ടനും ജപ്പാനെതിരായി യുദ്ധം പ്രഖ്യാപിച്ചു. 1945 ജൂലൈ 26 ന് അമേരിക്കൻ പ്രസിഡൻ്റ് ഹാരി എസ് ട്രൂമാനും മറ്റ് സഖ്യനേതാക്കളും പോട്ട്സ്ഡാമിൽ സമ്മേളിച്ച് ജപ്പാനോട് കീഴടങ്ങുവാൻ ആവശ്യപ്പെട്ടു. കീഴടങ്ങാൻ തയ്യാറാകാതീരുന്ന ജപ്പാനെ കാത്തിരുന്നത് ലോകം അന്നേ വരെ കണ്ടോ കേട്ടോ അനുഭവിച്ചോ അറിഞ്ഞിട്ടില്ലാത്ത ദുരന്തമായിരുന്നു.

എനോളഗെയിൽ നിന്ന് വേർപെടുത്തിയ 20,000 ടൺ ടി എൻ ടി സ്ഫോടക ശേഷിയുള്ള യുറേനിയം ബോംബ് ഹിരോഷിമയുടെ 1870 അടി ഉയരത്തിൽ വെച്ച് പൊട്ടിത്തെറിച്ചു. സൂര്യൻ ഭൂമിയിലുദിച്ചത് പോലെ ഉയർന്നുപൊങ്ങിയ തീജ്വാലകൾ, കൂൺ ആകൃതിയിൽ ഉയർന്നു പൊങ്ങിയ പുകപടലങ്ങൾ. ഒന്നര ലക്ഷത്തോളം മനുഷ്യർ കണ്ണടച്ചു തുറക്കുന്ന സമയം കൊണ്ട് വെന്ത് മരിച്ചു. ദേഹമാസകാലം ഉരുകി ഒലിച്ചു ജീവന് വേണ്ടി നെട്ടോട്ടം ഓടിയവർ സമീപത്തെ ജലാശയങ്ങളിൽ എടുത്തു ചാടി. തിളച്ചു മറിഞ്ഞ ആ വെള്ളവും അവരെ തുണച്ചില്ല 37,000 ത്തോളം പേർക്ക് ആണവ വികിരണത്താൽ ഗുരുതരമായി പൊള്ളലേറ്റു. അന്നു മരിക്കാതെ രക്ഷപ്പെട്ടവരും അവരുടെ പിൻതലമുറക്കാരുമായ 4 ലക്ഷത്തിലിധികം ജനങ്ങൾ കാൻസർ പോലുള്ള മാരക രോഗങ്ങൾ പിടിപെട്ട് പിന്നീട് മരിച്ചു. ഇന്നും മരിച്ചുകൊണ്ടേയിരിക്കുന്നു.

തീരാത്ത യുദ്ധക്കൊതി മൂന്നാം ദിവസം ഓഗസ്റ്റ് 9ന് നാഗസാക്കിൽ അടുത്ത ആക്രമണം നടത്തി. 1945 ആഗസ്റ്റ് ഒമ്പതിന് രാവിലെ 11. 02. 'ബോക്സ്കാർ' എന്ന ബോംബർ വിമാനം തെക്കൻ ജപ്പാനിലെ വലിയ തുറമുഖ

**Little Boy: Hiroshima**



**Fission Uranium-235**
**Weight: 4400 kg**
**Power: 15,000 tons of TNT**

**Fat Man: Nagasaki**



**Fission Plutonium-239**
**Weight: 4535 kg**
**Power: 21,000 tons of TNT**

നഗരമായ നാഗസാക്കിയെ ലക്ഷ്യമാക്കി പറന്നു. അതിൽ നിന്ന് 'ഫാറ്റ്മാൻ' എന്ന അണുബോംബ് ആ നഗരത്തിനുമേൽ വന്നു വീണു. അന്ന് 40,000 പേരാണ് തൽക്ഷണം മരണപ്പെട്ടത്. ഈ രണ്ട് ആക്രമണങ്ങളും ജപ്പാനെ നിരുപാധികം കീഴടങ്ങാൻ നിർബന്ധിച്ചു. യുദ്ധങ്ങളും രാജ്യങ്ങൾ തമ്മിലുള്ള പോരും തീവ്രവാദ ആക്രമണങ്ങളും തുടർക്കഥയാകുമ്പോൾ അണുബോംബ് എന്ന ഭീതി ലോകത്തെ വിട്ടൊഴിയുന്നില്ല. ഹിരോഷിമയിലും നാഗസാക്കിയിലും ഇപ്പോഴും ജനിക്കുന്ന കുട്ടികളിൽപ്പോലും അണുപ്രസരണത്തിന്റെ ഭാഗമായുള്ള ജനിതക വൈകല്യങ്ങൾ ഉണ്ടാകുന്നുവെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

ആഗസ്റ്റ് 15ന് ജപ്പാൻ ഭരണാധികാരി ഹിതോ ഹിതോ റേഡിയോ പ്രക്ഷേപണത്തിലൂടെ തങ്ങൾ കീഴടങ്ങുകയാണെന്ന് അറിയിച്ചു. അങ്ങനെ ആറുവർഷം നീണ്ടുനിന്ന, സാധാരണക്കാരും സൈനികരുമടക്കം ലക്ഷക്കണക്കിന് പേർ കൊല്ലപ്പെട്ട രണ്ടാം ലോകയുദ്ധത്തിന് അവസാനമായി.

കുട്ടികൾ നിശബ്ദരായി കേട്ട് നിൽക്കുകയാണ്. നിങ്ങളെപ്പോലെ എന്നെപ്പോലെ, എത്രയോ പേരാണ് അവരുടെ സ്വപ്നങ്ങൾ എല്ലാം ബാക്കിവെച്ച് ചെയ്യാത്ത തെറ്റിന് ജീവൻ വെടിഞ്ഞത്. എല്ലാ യുദ്ധങ്ങളും ബാധിക്കുന്നത് നിരപരാധികളായ മനുഷ്യരെയാണ്. യുദ്ധം കൊണ്ട് മനുഷ്യർക്ക് നഷ്ടങ്ങൾ മാത്രമേ ഉണ്ടായിട്ടുള്ളൂ. ജയവും പരാജയവും ഒക്കെ ചരിത്രത്തിൽ അടയാളപ്പെടുത്തുമെങ്കിലും മനുഷ്യരനുഭവിച്ച വേദനകൾക്ക് മുകളിൽ അല്ല അതൊന്നും. ഇന്നും നമ്മൾ എത്ര വാർത്തകളാണ് യുദ്ധങ്ങളെക്കുറിച്ച് കേൾക്കുന്നത്. ഒരു എട്ടുകാലി വല തകർത്തുകളഞ്ഞാൽ അത് വീണ്ടും കെട്ടിപ്പൊക്കുന്നത് കണ്ടിട്ടില്ലേ. അതുപോലെ വീണുപോയിടത്ത് തളർന്നു കിടക്കാതെ മനുഷ്യർ എഴുന്നേൽക്കും. പുതിയ സാമ്രാജ്യങ്ങൾ പടുത്തുയർത്തും. അപ്പോഴും... ഒരു ജനത അനുഭവിച്ച യാതനകളും വേദനകളും ബാക്കിനിൽക്കും.


സാധാരണ കഥ കേട്ട് കഴിയുമ്പോൾ നിങ്ങൾ ഒരുപാട് സംസാരിക്കാറുണ്ടല്ലോ. ഇന്നെന്തേ ഒന്നും പറയുന്നില്ലേ.? ഞാൻ കുട്ടികളോട് ചോദിച്ചു.

''അതിനിത് കഥയല്ലല്ലോ ടീച്ചറെ. കഥയായി പോകാതെ നമ്മൾ എപ്പോഴും ഓർക്കേണ്ടതല്ലേ. എന്തിനാ അല്ലേ എപ്പോഴും യുദ്ധം. എന്തിനാ ഇങ്ങനെ തമ്മിൽ തല്ലി കൊല്ലുന്നത്.'' പട്ടാളക്കാരൻ തന്നെയാണ് ചോദിച്ചത്.

രാവിലെ എനിക്ക് തോന്നിയ അസ്വസ്ഥത ആ കുട്ടികളിൽ ഞാൻ കണ്ടു. അതെ യുദ്ധം എന്നു കേൾക്കുമ്പോൾ അസ്വസ്ഥത തോന്നേണ്ടത് തന്നെയാണ്...









# ചില ആനക്കാര്യങ്ങൾ



**വിജയകുമാർ ബ്ലാത്തൂർ**

ആഗസ്റ്റ് 12ന് ആചരിക്കുന്ന അന്താരാഷ്ട്ര ആനദിനം (World Elephant Day) ആനകളുടെ സംരക്ഷണത്തിന്റെയും അവയുടെ ആവാസവ്യവസ്ഥയുടെ പ്രാധാന്യത്തിന്റെയും ഓർമ്മപ്പെടുത്തലാണ്. ഈ ഭീമാകാരരായ ജീവികൾ, അവയുടെ ബുദ്ധിശക്തി, സാമൂഹിക ബന്ധങ്ങൾ, പ്രകൃതിയിലെ സന്തുലിതാവസ്ഥ എന്നിവ കാരണം മനുഷ്യന്റെ ശ്രദ്ധയും സ്നേഹവും നേടിയിട്ടുണ്ട്. എന്നാൽ, ആവാസവ്യവസ്ഥയുടെ നാശം, വേട്ടയാടൽ, മനുഷ്യവന്യജീവി സംഘർഷങ്ങൾ എന്നിവയാൽ ആനകൾ വംശനാശ ഭീഷണിയിലാണ്. അന്താരാഷ്ട്ര ആനദിനം ഈ വെല്ലുവിളികളെക്കുറിച്ച് ബോധവൽക്കരണം നടത്താനും ആനകളെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. 2012ൽ കനേഡിയൻ ചലച്ചിത്ര നിർമ്മാതാവ് പട്രീഷ്യ സിംസ് (Ptaricia Sims) ഒപ്പം തായ്‌ലൻഡിലെ എലിഫന്റ് റീ ഇൻട്രൊഡക്ഷൻ ഫൗണ്ടേഷൻ എന്നിവർ ചേർന്നാണ് അന്താരാഷ്ട്ര ആനദിനം ആചരിക്കാൻ ആരംഭിച്ചത്. ആനകളുടെ ദുരവസ്ഥയെക്കുറിച്ച് ലോകമെമ്പാടും അവബോധം വളർത്തുക എന്നതായിരുന്നു ഈ ദിനത്തിന്റെ പ്രാഥമിക ലക്ഷ്യം. 2012 ഓഗസ്റ്റ് 12ന് ആദ്യമായി ആചരിച്ച ഈ ദിനം, ഇന്ന് ലോകമെമ്പാടുമുള്ള വന്യജീവി സംഘടനകൾ, സർക്കാരുകൾ, വ്യക്തികൾ എന്നിവർ ഒന്നിച്ച് ആഘോഷിക്കുന്നു.

ആനകൾ നമ്മുടെ പരിസ്ഥിതിയുടെ അവിഭാജ്യ ഘടകമാണ്. അവയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ്. അന്താരാഷ്ട്ര ആനദിനം നമ്മുടെ ഗ്രഹത്തിലെ ഏറ്റവും മനോഹരമായ ജീവികളിൽ ഒന്നിനെ സംരക്ഷിക്കേണ്ടതിന്റെ ഓർമ്മപ്പെടുത്തലാണ്. 'നിന്റെ ശബ്ദം, അവരുടെ ഭാവി' എന്ന മുദ്രാവാക്യത്തോടെ, ഈ ദിനം നമ്മെ ഒന്നിച്ച് പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നു. അന്താരാഷ്ട്ര ആനദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് വേണ്ടി അല്പം ചില ആനക്കാര്യങ്ങൾ.

## തുമ്പിക്കൈ

ആനയുടെ തുമ്പിക്കൈ ലക്ഷത്തിലധികം കുഞ്ഞ് മസിലുകൾ തലങ്ങനെയും വിലങ്ങനെയും ചുറ്റിയും ഒക്കെപോയി നിർമ്മിച്ച അതീവ പ്രാധാന്യമുള്ളൊരു അവയവമാണ്. മണം, സ്പർശം എന്നിവയറിയാൻ സഹായിക്കുന്നതു കൂടാതെ മരക്കൊമ്പുകളിൽ നിന്ന് ഇലകളെ താഴത്തുകൊണ്ടുവരാനും വെള്ളവും ഭക്ഷണവും വായിലെത്തിക്കാനും ഒക്കെ തുമ്പിക്കൈ വേണം. ചിന്നം വിളിക്കാനും വെള്ളം ദേഹത്ത് ചീറ്റാനും ഒക്കെ അത് സഹായിക്കുന്നു. മറ്റ് ആനകളെ ഗന്ധം കൊണ്ട് മനസിലാക്കാൻ തുമ്പിക്കൈയാണ് ഉപയോഗിക്കുക. സൗഹൃദം പ്രകടിപ്പിക്കാനായും മറ്റും നമ്മൾ കൈകൊടുക്കുന്നതുപോലെ പരസ്പരം തുമ്പിക്കൈകൾ പിണച്ച് ആനകൾ പെരുമാറാറുണ്ട്. ഇണചേരൽ സമയത്തും മറ്റ് ആനകളോടോ മൃഗങ്ങളോടോ പൊരുതുമ്പോഴും തുമ്പിക്കൈ സഹായിക്കും. ആഫ്രിക്കൻ ആനകളുടെ തുമ്പിക്കൈയുടെ അഗ്രത്തിൽ - തൂണി കൈയിൽ വിരലുപോലെ രണ്ട് ചുണ്ടുകൾ ഉണ്ടാകുമെങ്കിലും നമ്മുടെ ആനകളുടെ തുമ്പിക്കൈയിൽ ഒരു ചുണ്ടേ ഉള്ളു. നല്ല നീന്തൽക്കാരാണ് ആനകൾ വെള്ളത്തിലിറങ്ങി പുഴകടക്കുമ്പോഴുമൊക്കെ ആഴത്തിലൂടെ നടക്കാൻ തുമ്പിക്കൈ തലയുടെ മുകളിൽ ഉയർത്തിപ്പിടിച്ച് ശ്വാസം കഴിക്കാൻ പറ്റുന്നതിനാൽ എളുപ്പമാണ്. തുമ്പിക്കൈയിൽ എട്ടര ലിറ്റർ വെള്ളം വരെ ശേഖരിക്കാൻ ആനയ്ക്ക് കഴിയും.





## ആനക്കാൽ

ആനയുടെ കാൽപാദം നമ്മുടെ കാല് പോലെ ആയിരുന്നെങ്കിൽ ചളിയിൽ ചവിട്ടിപ്പോയാൽ ആന കാലെങ്ങനെ ഊരും എന്ന് സങ്കല്പിച്ച് നോക്കീട്ടുണ്ടോ? ആനക്കാൽ മറ്റ് ജീവികളുടെ കാലുകളിൽ നിന്ന് വ്യത്യസ്തമാകുന്നത് വേറൊരു ജീവിക്കും കരയിൽ ഇത്രയും ഭാരമില്ല എന്നത് തന്നെയാണ്. നാല് തൂണുകളിൽ താങ്ങിയാണല്ലോ ഈ ബൃഹത് രൂപി കഴിയുന്നത്.

ആനയുടെ കാലുകളിൽ വിരലുകൾ പുറത്ത് കാണുന്നില്ല എന്നേ ഉള്ളു. മുൻകാലുകളിൽ അഞ്ചും പിൻകാലുകളിൽ നാലും എന്ന വിധത്തിൽ നഖങ്ങൾക്കുള്ളിൽ വിരലുകളുടേതുപോലെ എല്ലുകൾ ഞെരുങ്ങി പാദത്തിനകത്ത് ഉണ്ട്. പാദത്തിനടിയിൽ മാംസളമായ പാഡ്പോലുള്ള സംവിധാനം ഉണ്ടെന്നതിനാൽ നിൽക്കുമ്പോൾ ഭാരംമൂലം അടിഭാഗം അൽപ്പം വിസ്താരത്തിലാകും. ഉയർത്തുമ്പോൾ തൂണുപോലെ ആവുകയും ചെയ്യും. അതിനാൽ ചെളിയിലും മറ്റും അമർന്ന കാൽ വേഗത്തിൽ വലിച്ചൂരാൻ ആനയ്ക്ക് കഴിയും. ശരീരത്തിൽ നഖങ്ങളുടെ മേൽഭാഗത്ത് മാത്രമാണ് കുറച്ച് വിയർപ്പ് ഗ്രന്ഥികൾ ഉള്ളത്. അതിനാൽ തന്നെ കാലുകൾ കാറ്റ് കിട്ടാൻ അല്പം ഉയർത്തിപ്പിടിക്കുന്ന ശീലമുണ്ട്. 'ഗജരാജ വി രാ ജി ത മന്ദ ഗതി' എന്നൊക്കെ ആന നടത്തത്തെ കവികൾ വിശേഷിപ്പിച്ചിട്ടുണ്ടല്ലോ. ഒരുവശത്തെ മുൻകാലും പിൻകാലും ഒന്നിച്ച് മുന്നോട്ട് വെച്ചുള്ള നടത്തമാണെങ്കിലും അല്പം ആടിയുലഞ്ഞതുപോലെയാണ് പിറകിൽ നിന്ന് നോക്കുമ്പോൾ തോന്നുക. ആനയ്ക്ക് വേഗത്തിൽ നടക്കാനും ഓടാനും കഴിയുമെങ്കിലും പെട്ടന്ന് വേഗത കൂട്ടാൻ കഴിയില്ല. ചാടാനും കഴിയില്ല. ഉള്ളടഞ്ഞ വനങ്ങളിൽ വലിയ ശരീരവുമായി ആന പോകുന്നതോടെ മറ്റ് മൃഗങ്ങൾക്കും വഴിയാകുകയാണ് ചെയ്യുക. അങ്ങിനെ ആന നടന്നുണ്ടാക്കിയ വഴികളാണ് പല കാട്ട് പാതകളും റോഡുകളും ആയി മാറിയത്. മന്ത് രോഗം വന്ന് കാലോ കൈയോ വീർത്ത് വണ്ണം വെച്ച രൂപത്തിലാകുന്നതിനാലാണ് Elephantiasis എന്ന് അതിന് പേര് വന്നത്.

വളരെ ദൂരെ നിന്നുള്ള വളരെ നേർത്ത കമ്പനങ്ങൾ വരെ കാലിലെ പാഡ് ഉപയോഗിച്ച് 'കേൾക്കാൻ' ആനകൾക്ക് കഴിയും. അതിനാൽ ആനയുടെ കാല് ചെവിയും കൂടി ആണെന്ന് പറയാം. കമ്പനങ്ങൾ കൂടുതലായി സ്വീകരിക്കാൻ തറയിൽ കാൽ കൂടുതൽ അമർന്നിരിക്കാൻ ഒരു കാൽ ഉയർത്തിപ്പിടിച്ച് അതിൽ ഭാരം കൂട്ടുന്ന ശീലവും ഉണ്ട്. കാലിനടിയിലെ കനത്ത പാഡ് ഷോക് അബ്സോർബറായും സഹായിക്കുന്നുണ്ട്.

ദിവസവും പെരുവയർ നിറക്കാനായി (വലിയ ഭാഗം ദഹിക്കാതെ ആനപ്പിണ്ഡമായി പുറത്ത് പോകുന്ന ദഹനസംവിധാനമാണ് ആനകൾക്ക് ഉള്ളത്) എത്രയോ മണിക്കൂറുകൾ തീറ്റതേടി  എത്രയോ കിലോമീറ്ററുകൾ ദിവസവും ഇവ നടക്കുന്നുണ്ട്. ആഫ്രിക്കൻ ആനകൾ മുറിവേറ്റാലോ അസുഖമായാലോ മാത്രമേ കിടക്കുകയുള്ളു. അതിനാൽ കാലിൽ ഭാരം ഒഴിയുന്നേ ഇല്ല ഒരിക്കലും. കാട്ടാനകൾ രണ്ടോ മൂന്നോ മണിക്കൂറുകൾ മാത്രം നീളുന്ന ഉറക്കവും നിന്നുകൊണ്ടുതന്നെയാണ്.





## ആനപ്പല്ല്

ആനകളുടെ മേൽത്താടിയിലെ രണ്ടാം ഉളിപ്പല്ലുകളാണ് കൊമ്പുകൾ ആകുന്നത്. അവ ജീവിതകാലം മുഴുവൻ വളർന്നുകൊണ്ടിരിക്കും. നമ്മുടെ പാൽപ്പല്ലുകൾ കൊഴിഞ്ഞ് പോകുന്നതും മുളച്ചുവരുന്നതും പോലെയല്ല ആനയുടെ ചവയ്ക്കാനുള്ള പല്ലുകൾ. നേരെ അടിയിൽ നിന്നല്ല അവ ഉയർന്ന് വരിക. വായുടെ പിറകുഭാഗത്ത് നിന്ന് മോണയിൽ വളർന്ന് വന്ന് പഴയ പല്ലുകളെ വായുടെ മുൻഭാഗത്തേക്ക് തള്ളിപ്പുറത്തേക്കാക്കി ആ സ്ഥാനം നേടുകയാണ് ചെയ്യുന്നത്. ജീവിതത്തിൽ ഇത്തരത്തിൽ ആറു തവണ പുതിയ പല്ലുകൾ വരും. പ്രായമാകുന്നതോടെ ഉറപ്പുള്ള ഭക്ഷണം ചവക്കാനൊന്നും ഉപകരിക്കാത്ത കുറ്റികളാകും വായിൽ ഉണ്ടാകുക. ഇളം പുല്ലുകൾ മാത്രമേ അപ്പോൾ കഴിക്കാൻ പറ്റൂ. അതിനാൽ വാർദ്ധക്യത്തിൽ ഭക്ഷണം കഴിക്കാനാകാതെ പട്ടിണികിടന്നാണ് ആനകളുടെ സ്വാഭാവിക അന്ത്യം പലപ്പോഴും സംഭവിക്കുക. മണ്ണിൽ കുഴിച്ച് വെള്ളം കണ്ടെത്താനും വേരുകളും കിഴങ്ങുകളും പുറത്തെടുക്കാനും മരത്തിന്റെ തൊലിഅടർത്താനും എതിരാളികളായ ആനകളേയും മറ്റ് മൃഗങ്ങളേയും നേരിടാനും, മേൽക്കോയ്മ സ്ഥാപിക്കാനും ഭാരം എടുത്ത് മാറ്റാനും വഴിയൊരുക്കാനും ഒക്കെ കൊമ്പ് സഹായിക്കുന്നുണ്ട്. മനുഷ്യർ ഇടംകൈ വലംകൈയന്മാർ ആകുന്നതുപോലെ ഇവരിലും ഇടംകൊമ്പ് വലംകൊമ്പന്മാർ ഉണ്ട്.

ആനകളുടെ കൊമ്പു മൂലമാണല്ലോ ആഫ്രിക്കയിലും ഏഷ്യയിലും ആനകൾ വംശനാശഭീഷണിയിൽ ആയത്. കലാസ്നേഹം മൂത്തവർ വാങ്ങിക്കൂട്ടിയ ശില്പങ്ങൾ! അലങ്കാര കമാനമായി ആനക്കൊമ്പുകൾ! പ്രധാനമായും ആനവേട്ട കൊമ്പിന് വേണ്ടി മാത്രമായിരുന്നു. ആഫ്രിക്കൻ ആനകളിൽ ആണിനും പെണ്ണിനും കൊമ്പുള്ളതിനാൽ രണ്ടും വെടിയേറ്റ് കൊല്ലപ്പെട്ടിരുന്നു. കൊമ്പ് യുദ്ധച്ചിലവിന് പണം കണ്ടെത്താനും മാംസം കൂലിപ്പട്ടാളക്കാർക്ക് ഭക്ഷണത്തിനും വേണ്ടിയും! ആഫ്രിക്കയിലെ പല രാജ്യങ്ങളിലേയും ആഭ്യന്തര യുദ്ധകാലത്ത് ഔദ്യോഗിക സംവിധാനങ്ങൾ അറിഞ്ഞ് തന്നെ വേട്ടകൾ നടത്തീട്ടുണ്ട്. അത്തരത്തിൽ കൊന്ന കൊമ്പുള്ള ആനകളുടെ എണ്ണം പതിനായിരക്കണക്കിനാണ്. യുദ്ധാനന്തരം പലയിടങ്ങളിലും കൊമ്പില്ലാത്തവയുടെ അനുപാതം വളരെ കൂടി. ജനിതക സമ്മർദ്ദം പുതിയ തലമുറകളിൽ കൊമ്പില്ലാത്തവ കൂടുതൽ ജനിക്കാനുള്ള കാരണമായിരിക്കാം എന്നും പഠനങ്ങൾ ഉണ്ട്. ഏഷ്യൻ

ആനകളിൽ വീരപ്പൻ എഫക്റ്റുമൂലം കാട്ടിൽ കൊമ്പില്ലാത്ത ആണാനകളായ മോഴകളുടെ എണ്ണം കൂട്ടിയപ്പോൾ ചില ഇടങ്ങളിൽ പുതിയ പ്രതിസന്ധികൾ ഉണ്ടായതായി കരുതപ്പെടുന്നു. അതുവരെയും ഇണ ചേരാൻ അവസരം കിട്ടാതെ പേടിച്ച് അലഞ്ഞ് നടന്ന മോഴകൾ കൊമ്പന്മാരുടെ സ്ഥാനത്ത് എത്തി ഇണ ചേർന്നു.. അവരുടെ കുഞ്ഞുങ്ങളുടെ തലമുറകളിൽ കൊമ്പില്ലാത്ത ആണാനകളുടെ എണ്ണം കൂടി കൊമ്പന്മാരുമായി പുതുതായി അവതരിച്ച മോഴകളുടെ മത്സരം കൂടി. കൂടുതൽ മോഴകൾ കൂട്ടങ്ങളിൽ നിന്ന് നിഷ്കാസിതരായി. കൂട്ടം വിട്ട് നടന്നു. കാട്ടിൽ നിന്ന് നാട്ടിലേക്കിറങ്ങി പ്രശ്നങ്ങൾ ഉണ്ടാക്കി.

കൊമ്പില്ലാത്ത ആനകൾ കൂടുന്നത് കാട്ടിൽ ആനകളുടെ ഇടപെടലുകളുടെ സ്വഭാവം മാറ്റി. അത് ലക്ഷക്കണക്കിന് വർഷമായുള്ള ആനകളുടെ ജീവിതത്തിൽ പുതിയ ഒരു പ്രതിസന്ധിയായിരുന്നു. കൊമ്പ് കൊണ്ട് ആനകൾ കാട്ടിൽ ചെയ്ത പല ഉപകാരങ്ങളുടെയും അളവ് കുറഞ്ഞു.

## ആനച്ചെവി

ആനകളുടെ ചെവി കേൾവിക്ക് മാത്രമുള്ള അവയവം അല്ല. ആഫ്രിക്കയുടെ മാപ്പ് പോലുള്ള വലിയ ചെവികളാണ് ആഫ്രിക്കൻ ആനകൾക്ക്. എന്നാൽ അവയേക്കാൾ ചെറിയതാണ് നമ്മുടെ ആനകളുടെ ചെവിക്കൂട. വളരെ ചൂട് കൂടിയ ഉഷ്ണ മേഖല പ്രദേശത്ത് പരിണമിച്ച് ഉണ്ടായതാണ് വമ്പൻ ചെവി.

ശരീരതാപം നിയന്ത്രിക്കാൻ മനുഷ്യരെ പോലെ വിയർപ്പിച്ച് തണുപ്പിക്കൽ ആനയ്ക്ക് സാധിക്കാറില്ല. ശരീരത്തിൽ നഖങ്ങളുടെ മേൽഭാഗത്ത് മാത്രമാണ് കുറച്ച് വിയർപ്പ് ഗ്രന്ഥികൾ ഉള്ളത്. കട്ടിയുള്ള തോലാണ് ശരീരം മുഴുവൻ. വിയർപ്പ് പുറത്ത് കളയാൻ സൗകര്യമില്ലാത്തതിനാൽ ചെവിക്കുടയിലെ രക്തക്കുഴലുകൾ വികസിപ്പിച്ച് അതിലെ വിശാലവിസ്തൃതിയിൽ പരന്ന് കിടക്കുന്ന ചെറു കാപ്പിലറിക്കുഴലുകളിലൂടെ ചോരയൊഴുക്കി, ചെവി വീശി ആറ്റിയാണ് ഉള്ളിലെ ചൂട് കുറക്കുന്നത്. ചൂട് കുറക്കാൻ എല്ലാ ആനകളും പൊടി ദേഹത്ത് വാരിപ്പൂശുകയും ചെളി വാരിയണിയുകയും ഒക്കെ ചെയ്യും. ഉഗ്രൻ സൺസ്ക്രീൻ ആണത്. ചൂട് അധികം താങ്ങാൻ സാധിക്കാത്ത പകൽ തണലിൽ ചെറു ഉറക്കത്തിലോ വിശ്രമത്തിലോ ഏർപ്പെട്ട് ചൂട് കുറഞ്ഞ സന്ധ്യയിലും പുലർച്ചെയും രാത്രിയിലും കൂടുതൽ സജീവമായി തീറ്റ തേടുന്നത്. എന്തായാലും ദിവസത്തിന്റെ മൂന്നിൽ രണ്ട് ഭാഗം സമയവും തിന്നാലേ പെരുവയർ നിറയൂ എന്ന പ്രശ്നവും ഉണ്ട്.

നമുക്ക് കേൾക്കാൻ ആവാതത്ര താഴ്ന്ന ആവൃതിയിലുള്ള ഇൻഫ്രാസോണിക് ശബ്ദങ്ങൾ ആനകൾ ആശയകൈമാറ്റത്തിനായി ഉണ്ടാക്കും. വളരെ ദൂരെയുള്ള ആനകളുമായി നമ്മൾ കേൾക്കാതെ അവർ തമ്മിൽ സംസാരിക്കും എന്ന് വേണമെങ്കിൽ പറയാം. കൂടാതെ മണ്ണിലൂടെ കൈമാറാൻ പറ്റും വിധമുള്ള കമ്പനങ്ങൾ വഴിയും തമ്മിൽ തമ്മിൽ വിവരങ്ങൾ കൈമാറും. കാലിലെ പാഡുകളിൽ ആ കമ്പനങ്ങൾ കൂടുതലായി കിട്ടാൻ, മണ്ണിൽ അമർന്നിരിക്കാൻ, ആ കാലിൽ ഭാരം കൂട്ടാൻ മറ്റേ കാൽ ഉയർത്തിപ്പിടിക്കുക കൂടി ചെയ്യും. തുമ്പിക്കൈ നിലത്ത് മുട്ടിച്ച് പിടിച്ചും ഈ കമ്പനങ്ങൾ സ്വീകരിക്കും.

ആനക്കൂട്ടങ്ങളിലെ മുതിർന്ന പെണ്ണാന ഉണ്ടാക്കുന്ന ചില പ്രത്യേക ശബ്ദങ്ങളോട് കൂട്ടത്തിലെ ഒരോരോ ആനകൾ മാത്രമായി പ്രതികരിക്കുന്നത് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നമ്മൾക്കൊക്കെ തിരിച്ചറിയാൻ പേരുകൾ ഉള്ളതുപോലെ ആനക്കൂട്ടത്തിലും ഓരോരുത്തർക്കും ഇത്തരത്തിൽ പേരുകൾ പോലെ തിരിച്ചറിയൽ ശബ്ദങ്ങൾ ഉണ്ടെന്നാണ് പുതിയ അറിവ്.





## ആനക്കുടുംബം

ആനകൾ വളരെ ദൃഢമായ സാമൂഹ്യ ജീവിതം നയിക്കുന്നവരാണ്. മുതിർന്ന ഒരു പെണ്ണാനയ്ക്കാകും സംഘ നേതൃത്വം. സംഘത്തിൽ കുറേ മുതിർന്ന പെണ്ണാനകളും കുട്ടികളും ആണുണ്ടാകുക. സ്വന്തം കുടുംബാംഗങ്ങളെ ഇവർക്ക് ഗന്ധം കൊണ്ട് തിരിച്ചറിയാനാകും. ആറ് ഏഴ് വയസായാൽ ആൺ ആനകൾ കൂട്ടത്തിൽ നിന്ന് പിരിയാൻ ആരംഭിക്കും. സാധാരണയായി, പന്ത്രണ്ട് വയസാകുന്നതോടെ ആൺ ആനകൾ കൂട്ടം വിട്ടുപോകും. അതുവരെ മുതിർന്ന പെണ്ണാന നയിക്കുന്ന കൂട്ടത്തിലെ കുട്ടിയായി അവരുണ്ടാകുമെങ്കിലും പ്രായപൂർത്തിയാകുന്നതോടെ കൂട്ടത്തിൽ നിന്നും പുറത്താക്കും. സ്വന്തം ബന്ധുക്കളായ പെൺ ആനകളുമായി ഇണചേരാനുള്ള സാദ്ധ്യത ഒഴിവാക്കാൻ കൂടിയാണിത്. കൂട്ടം വിട്ട് ഏകാന്ത സഞ്ചാരികളാകും അവർ. തിന്ന് മദിച്ച് വേറെ ആനക്കൂട്ടങ്ങളെ അന്വേഷിച്ച് സഞ്ചരിക്കും. ചിലപ്പോൾ സമാന സ്വഭാവത്തോടെ നടക്കുന്ന വേറെയും ആൺ ആനകളുമായി കൂട്ടുകൂടി ബാച്ചിലർ സംഘങ്ങളായും കഴിയും. അതിൽ കൊമ്പില്ലാത്ത മോഴകളും കാണും. ആനകളുടെ തലയുടെ ഇരു പാർശങ്ങളിലുമായുള്ള ടെമ്പറൽ ഗ്രന്ഥികൾ ഉണ്ട്. അത് ആനകളുടെ ലൈംഗീകതയുമായി ബന്ധപ്പെട്ട് കിടക്കുന്നു. ആൺ ആനകൾ മസ്ത് എന്ന പേരിലറിയപ്പെടുന്ന ലൈംഗീക ഉണർവ് കാലത്ത് ടെസ്റ്റോസ്റ്റിറോൺ ഉത്പാദനം കൂടുകയും ഗ്രന്ഥികളിൽ നിന്ന് രൂക്ഷ ഗന്ധമുള്ള സ്രവങ്ങൾ ഒലിച്ചിറങ്ങുകയും ചെയ്യും. മദപ്പാട് എന്നാണ് ഈ അവസ്ഥയ്ക്ക് പറയുക. മദപ്പാട് ഉണ്ടാകുന്ന സമയത്ത് ഇവയുടെ രൂക്ഷ ഗന്ധം അടിച്ചാൽ കൂട്ടത്തിലെ ആൺ ആനകൾ ഒഴിഞ്ഞ് മാറി നിൽക്കും. ചെവി ആട്ടുമ്പോൾ ഈ ഗന്ധം ദൂരേക്ക് പ്രസരണം ചെയ്യപ്പെടും. ഇണചേരാൻ ആഗ്രഹിച്ച് നടക്കുന്ന ചെറുപ്പകാരും മുതിർന്ന കൊമ്പന്മാർ വന്നാൽ ആഗ്രഹം ഒഴിവാക്കി സ്ഥലം കാലിയാക്കും. മദദ്രവം മരങ്ങളിലും പാറകളിലും ഉരച്ച് വെച്ച് ബാക്കിയുള്ള കൊമ്പന്മാർ സ്ഥലം കാലിയാക്കൂ എന്ന സന്ദേശം നൽകും. പലപ്പോഴും ചെറുപ്പാക്കാർക്കൊന്നും ഇണചേരാനുള്ള ഭാഗ്യം വളരെകൊല്ലങ്ങളോളം കിട്ടണം എന്നില്ല. ചിലപ്പോൾ കൊമ്പന്മാർ തമ്മിൽ ഇണയ്ക്കായി കടുത്ത പരസ്പരാക്രമണങ്ങൾ നടക്കും. പതിനെട്ട് മുതൽ ഇരുപത്തിരണ്ടു മാസം വരെ നീണ്ടതാണ് ആനയുടെ ഗർഭകാലം. പ്രസവ സമയത്ത് കുഞ്ഞിന്റെ ശരീരത്തിൽ ധാരാളം രോമങ്ങൾ ഉണ്ടാവും. കുറച്ച് മണിക്കൂറുകൾക്കകം തന്നെ ആനക്കുട്ടി നടക്കാൻ തുടങ്ങും. സംഘത്തിലെ എല്ലാവരുടെയും ശ്രദ്ധ കുഞ്ഞുങ്ങളിൽ ഉണ്ടാകും. അൽപ്പം മുതിർന്നാൽ അമ്മ ഭക്ഷണം തേടിപ്പോകുമ്പോൾ ആയമാർ സംരക്ഷിക്കും.

ഫിഷൻ ഫ്യൂഷൻ സംവിധാനം ഉള്ളതാണ് ഇവരുടെ സംഘരീതി. കുറച്ചുപേർ ഇടക്ക് പിരിഞ്ഞ് പോകും. വേറെ ഗ്രൂപ്പിലുള്ളവരാണെങ്കിലും ഒരേ ക്ലാനിൽ പെട്ടവരാണെങ്കിൽ ഇടയ്ക്ക് ഇതിലേക്ക് ചേരും. മുതിർന്ന പെൺ ആനകൾ ചിലപ്പോൾ ചെറു സംഘമായി പിരിഞ്ഞുപോകും. എങ്കിലും ബന്ധുക്കളെ ഇവർ മറക്കില്ല.



# കാവുകൾ

സുനീഷ് മുയിപ്പോത്ത്

കാവുകൾ കാണാനെന്തൊരു ഭംഗി
കാറ്റിൻ താളം കേൾക്കാലോ!
മയിലിൻ നൃത്തം കാണാലോ
കുയിലിൻ പാട്ടുകൾ കേൾക്കാലോ
പൂവുകൾ നിറയും പാലമരത്തിൻ
പൂമഴയേറ്റു കിടക്കാലോ
പലപല വർണം ചിറകിൽ ചാർത്തിയ
കിളികുല നാദം കേൾക്കാലോ!
കുളിരായൊഴുകും നീർച്ചോലകളുടെ
താരാട്ടിൻ ധ്വനി കേൾക്കാലോ.



വര: ഈശ്വരൻ നമ്പൂതിരി



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി



# വലിയവരും ചെറിയവരും

## പള്ളിയറ ശ്രീധരൻ

''എനിക്ക് ഈ ജീവിതം മടുത്തു'' ഒരു മുയൽ അഭിപ്രായപ്പെട്ടു. ''ഉം എന്തുപറ്റി നിനക്ക്?''
''ഈ കാട്ടിൽ എത്ര മൃഗങ്ങളാണ് നമ്മെ ആക്രമിക്കാറുള്ളത്. സിംഹം, ആന, പുലി, കാട്ടുപോത്ത് ഇവയെ എല്ലാം പേടിച്ചാണ് നമുക്ക് ജീവിക്കേണ്ടത്. സമാധാനമായി ജീവിക്കാൻ യാതൊരു വഴിയുമില്ല. ഇപ്പോ എന്തു ചെയ്യും?''
''നമുക്ക് കൂട്ടംകൂടി ഒന്നായി യാത്ര ചെയ്താലോ...''
''നല്ലതു തന്നെ, ഒന്നിച്ചാവുമ്പോൾ ആക്രമണം കുറയും.''

അങ്ങിനെ മുയലുകൾ ഒന്നിച്ചു യാത്ര ചെയ്യാനും, ആഹാരം കണ്ടെത്താനും തീരുമാനിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ വലിയ ഒരു സിംഹമാണ് ആക്രമിക്കാനെത്തിയത്. മുയലുകൾ പേടിച്ച് പ്രാണരക്ഷാർത്ഥം നാലുപാടും ഓടി. എങ്കിലും ഒരു മുയലിനെ സിംഹം പിടിച്ചു തിന്നു.
''വയ്യ, ഇവിടെ ജീവിക്കാൻ, ഞാൻ ആത്മഹത്യ ചെയ്യാൻ പോവുകയാണ്.''
''നല്ലവണ്ണം ശ്രദ്ധിച്ച് ജീവിക്കുക തന്നെ'' ഒരു മുയൽ അഭിപ്രായപ്പെട്ടു. ഏതായാലും യാത്രയും താമസവും അവർ ഒന്നിച്ച് തന്നെയായി.

മുയലുകൾ ഒരു അരുവിക്കരയിലൂടെ നടക്കുകയായിരുന്നു. ആ അരുവിയുടെ കരയിൽ വിശ്രമിക്കുകയായിരുന്ന തവളകൾ പെട്ടെന്ന് ഒന്നിച്ച് വെള്ളത്തിലേക്കു ചാടി.
''നോക്കു, നമ്മളെ പേടിക്കുന്നവരും ഈ ലോകത്ത് ജീവിക്കുന്നുണ്ട്.''
''ശരിയാണ് ലോകത്ത് ജീവികൾ വലുതും ചെറുതുമുണ്ട്. വലിയ ജീവികൾ ചെറിയവയെ ആക്രമിക്കുന്നു. അവയെ ഭക്ഷിക്കുന്നു. തവളകൾ നമ്മെക്കാൾ ചെറുതാണ്, നാമാണ് അവരേക്കാൾ വലുത്. അവർ നമ്മെ ഭയപ്പെടുന്നു. ശ്രദ്ധിച്ച് ജീവിക്കുക അതേ നമുക്ക് ഹിതമായുള്ളൂ.''
ചിലപ്പോൾ നാം ഓടി ഒളിക്കണം. ചിലപ്പോൾ ആക്രമിച്ച് ജയിക്കണം.

# മാനത്തുകണ്ണി


ശിവപ്രസാദ് പാലോട്

മാനത്തുകണ്ണീ
മാനത്തുകണ്ണീ
മാനത്തേക്കെന്താണു നോട്ടം?

മാനത്തല്ലേ സൂര്യൻ
ചന്ദ്രനും താരങ്ങളും
ഗ്രഹങ്ങളുമുപഗ്രഹങ്ങളും
മഴക്കാറുമിടിമിന്നലും
മഴവില്ലും മാനത്തല്ലേ
പലതല്ലേ പറവകൾ
കെട്ടുപൊട്ടിച്ചു പായും പട്ടങ്ങൾ

പാറുന്നില്ലേ പതാകകൾ
വിലങ്ങുപൊട്ടിച്ചു പായും
യുഗയുഗാന്തരങ്ങൾ
ഈ മാനത്തിനപ്പുറ
മെന്തെന്ന ചിന്തതൻ
ചിറകേറി നാമെന്നും
പറക്കാറുമില്ലേ
മാനമുണ്ടാകയാലെന്റെ
കണ്ണും മാനത്തേക്കു തന്നെ
മാനത്തുകണ്ണീയെന്നാരു വിളിച്ചാലും
മാനത്തോടതു കേട്ടു
ഞാൻ വിളി കേൾക്കും





വര: സുജിത്ത് രാജൻ എസ്






# ബാറ്റിൽഷിപ്പ് പൊടെംകിൻ
## നൂറു വർഷങ്ങൾ

**വിനു എ**

ലോകസിനിമയിലെ എക്കാലത്തെയും ക്ലാസിക്കുകളിലൊന്നാണ് ബാറ്റിൽഷിപ്പ് പൊടെംകിൻ. ലോകപ്രശസ്ത റഷ്യൻ ചലച്ചിത്ര സംവിധായകനായ സെർജി ഐസൻസ്റ്റീൻ സംവിധാനം ചെയ്ത നിശ്ശബ്ദ ചിത്രം. 1905ൽ റഷ്യൻ യുദ്ധക്കപ്പലായ പൊടെംകിനിൽ നടന്ന നാവികരുടെ കലാപമാണ് ചിത്രീകരിക്കുന്നത്.

നിരന്തരം നവീകരിച്ചുകൊണ്ടേയിരിക്കുന്ന ഒരു കലാരൂപമാണ് സിനിമ. ഇപ്പോൾ ഡിജിറ്റൽ സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തിയുള്ള സിനിമകളുടെ കാലമാണ്. അതിനൂതനമായ സാങ്കേതികവിദ്യ സിനിമയുടെ കാഴ്ചയെ കൂടുതൽ ആകർഷകമാക്കുന്നു. എന്നാൽ വളരെ പരിമിതമായ സാങ്കേതിക വിദ്യകൾ മാത്രമുണ്ടായിരുന്ന ഒരു കാലത്ത് നിർമിച്ച സിനിമക്ക് ഇന്നും പ്രേക്ഷകരെ പിടിച്ചിരുത്താൻ സാധിക്കുന്നുണ്ടെങ്കിൽ അത് അത്ഭുതം തന്നെയെന്ന് പറയാം. അടിമകളുടെ ജീവിതം അഞ്ച് ഭാഗങ്ങളായാണ് സിനിമ അവതരിപ്പിച്ചിട്ടുള്ളത്. സാർ ചക്രവർത്തിയുടെ കാലത്തെ ഒരു യഥാർത്ഥ സംഭവത്തെ അധികരിച്ചാണ് സിനിമ രൂപപ്പെട്ടത്. കരിങ്കടലിലെ പൊടെംകിൻ എന്ന യുദ്ധക്കപ്പലിലെ അസംതൃപ്തരായ നാവികർ ഒരു കലാപത്തിലേക്ക് നീങ്ങുകയാണ്.

ഭക്ഷണത്തിനുള്ള ഇറച്ചിയിൽ പുഴുവരിക്കുന്നതിലാണ് തുടക്കം. അത് ഭക്ഷിക്കാൻ നാവികർ തയ്യാറാവുന്നില്ല. എന്നാൽ

കപ്പലിലെ മെഡിക്കൽ ഓഫീസർ അത് ഭക്ഷ്യയോഗ്യമാണെന്ന് വിധിയെഴുതുന്നു. നാവികർ അതംഗീകരിക്കാൻ തയ്യാറാവുന്നില്ല. അധികൃതർ അവരെ നിർബന്ധിക്കുന്നു.

നാവികർ എതിർക്കുന്നതോടെ കലാപകാരികളെ ടാർപോളിൻ കൊണ്ട് മൂടുന്നു. എന്നിട്ട് അവരെ വെടിവെയ്ക്കാൻ റൈഫിൾ സേനയോട് ആവശ്യപ്പെടുന്നു. ഈ ഘട്ടത്തിൽ നാവികരുടെ നേതാവായി ഉയർന്നുവരുന്ന വകു ലിൻചുക് വെടിവെക്കരുതെന്നും നാം സോദരങ്ങളെ പോലെയാണെന്നതും ഓർമ്മിപ്പിക്കുന്നു. അപേക്ഷിക്കുന്നു. നാം സോദരങ്ങളാണെന്ന് പ്രഖ്യാപിക്കുന്നു.

തോക്കുകൾ താഴുകയും അതൊരു കലാപത്തിന് വഴിമരുന്നിടുകയും ചെയ്യുന്നു. മെഡിക്കൽ ഓഫീസറെ കലാപകാരികൾ കടലിലിടുന്നു. വകുലിൻചുകിന് വെടിയേൽക്കുന്നു. ഇതാണ് രണ്ടാംഭാഗത്ത് പറയുന്നത്. ഒഡേസയിലെ ജനങ്ങൾ കലാപകാരികളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതാണ് മൂന്നാം ഭാഗത്തുള്ളത്. അവർ കൊല ചെയ്യപ്പെട്ട നാവികന് ആദരമർപ്പിക്കുന്നു.

ഒഡേസ പടവുകൾ

സിനിമയിലെ ഏറെ ശ്രദ്ധിക്കപ്പെട്ട ഭാഗമാണ് ഒഡേസ പടവുകളിലേത്. കലാപകാരികളോടൊപ്പം ചേർന്ന ജനങ്ങളെ ലക്ഷ്യമിട്ട് പട്ടാളമെത്തുന്നു. ആളുകൾ ജീവനും കൊണ്ടോടുന്നു. വിവിധ ദൃശ്യങ്ങളെ ചേർത്തുനിർത്തി പുതിയൊരാശയം പകരുന്ന വിധമാണ് ഈ ഭാഗം അവതരിപ്പിച്ചിട്ടുള്ളത്. ഓരോ രംഗവും പ്രേക്ഷകരെ വലിയതോതിൽ ആകർഷിക്കുന്നു.

നിഷ്കളങ്കതയും ഭീകരതയും നിസ്സഹായവസ്ഥയുമൊക്കെ അവതരിപ്പിക്കുന്ന ഭാഗമാണിത്. തോക്കുമായി പടികളിലേക്ക് മാർച്ച് ചെയ്യുന്നതും സാധാരണക്കാരെ വെടിവെച്ചു കൊല്ലുന്നതുമായുള്ള കാൽപനികമായ സന്ദർഭമാണിത്. ഒരു സിംഹത്തിന്റെ ദൃശ്യത്തിലൂടെ ആ കാഴ്ചയെ കൂടുതൽ ആകർഷകമാക്കി മാറ്റുന്നുണ്ട്. റഷ്യൻ ജനതയെ പോരാടുന്ന ജനതയെന്ന വിധത്തിൽ പ്രതീകാത്മകമായി അവതരിപ്പിക്കുന്നു.

### കലാപമല്ല, പാഠം

അമേരിക്ക, ഫ്രാൻസ് തുടങ്ങിയ വിവിധ രാജ്യങ്ങളിൽ ബാറ്റിൽഷിപ് പൊടെംകിന് നിരോധനമുണ്ടായിരുന്നു. പ്രദർശനം അനുവദിച്ച രാജ്യങ്ങളിൽ തങ്ങളുടെ സൈനികർ ഈ സിനിമ കാണുന്നത് വിലക്കി. കലാപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതും രാഷ്ട്രീയമായ കാരണങ്ങളുമായിരുന്നു അതിനു പിന്നിലുണ്ടായിരുന്നത്.


സിനിമയുടെ അവസാനത്തെ ഭാഗം പൊടെംകിനെ കീഴ്പ്പെടുത്താൻ വരുന്ന കപ്പൽ സേനയുടെതാണ്. എന്നാൽ അരികിലെത്തുമ്പോൾ സഹോദരതുല്യമായാണ് അവർ കാണുന്നത്. സൈന്യം കലാപകാരികൾക്കൊപ്പം ചേരുന്നുവെന്ന ആശയത്തിലാണ് സിനിമ അവസാനിക്കുന്നത്.

അത്തരമൊരു ആശയത്തെ സർക്കാരുകൾക്ക് പിന്തുണയ്ക്കാൻ സാധിക്കുമായിരുന്നില്ല. തൊഴിലാളി സംഘടകളും ഫിലിം സൊസൈറ്റികളുമാണ് ബദൽ സിനിമയുടെ പ്രദർശനം സാധ്യമാക്കിയത്. സിനിമയെ ഗൗരവമായി കാണുന്നവരും പഠിക്കുന്നവരും ബാറ്റിൽഷിപ് പൊടെംകിനെ മികച്ച സൃഷ്ടിയായാണ് സമീപിച്ചത്. അതിനാൽ തന്നെയാണ് ഇന്നും ഈ സിനിമക്ക് കാഴ്ചക്കാരുള്ളത്.

ബാറ്റിൽഷിപ് പൊടെംകിൻ ഒരു റഷ്യൻ സിനിമയെന്ന നിലയിൽ മാത്രമല്ല അടയാളപ്പെടുത്തപ്പെടുന്നത്, ലോകത്തെ ഏറ്റവും മികച്ച സിനിമകളുടെ പട്ടികയിലാണ് ബാറ്റിൽഷിപ് പൊടെംകിന്റെ സ്ഥാനം.





### എന്താണ് പൊടെംകിൻ കലാപം?

റഷ്യയുടെ ചരിത്ര ഗതിയെ മാറ്റിമറിച്ച സുപ്രധാനമായ സംഭവങ്ങളിലൊന്നാണ് 1905ലെ പൊടെംകിൻ നാവിക കലാപം. ജൂൺ 27നായിരുന്നു കലാപത്തിന്റെ തുടക്കം.

പുഴുവരിച്ച മാംസം ഭക്ഷിക്കാൻ നാവികർ തയ്യാറാകാതെ വന്നതാണ് കലാപത്തിന്റെ തുടക്കം. നാവികരുടെ പ്രതിനിധിയായ വാലെൻചുകിനെ വെടിവെച്ച് കൊന്നതോടെ സ്ഥിതിഗതികൾ മാറുകയായിരുന്നു. ദിവസങ്ങൾ നീണ്ട കലാപത്തിലേക്കും ലഹളയിലേക്കും അത് നയിച്ചു.

ആ കാലത്ത് തുറമുഖ നഗരമായ ഒഡേസയിൽ ജനകീയപ്രക്ഷോഭങ്ങൾ നടക്കുകയായിരുന്നു. അങ്ങോട്ടെത്തിയ പൊടെംകിനിലെ നാവികർ വാലെൻചുകിന്റെ മൃതദേഹം ഒഡേസയിലെ കൽപടവിൽ വെക്കുന്നു. ജനങ്ങൾ ഒരു വീരനായകനെപ്പോലെ വാലെൻചുകിനെ ആദരിച്ചു. ജനക്കൂട്ടം അനുനിമിഷം വളർന്നുകൊണ്ടിരുന്നു. അതൊരു കലാപമായി മാറി.

വിവരമറിഞ്ഞ സാർ നിക്കോളസ് രണ്ടാമൻ കലാപത്തെ എന്തു വിലകൊടുത്തും അടിച്ചമർത്താൻ ഉത്തരവിടുന്നു. പട്ടാളനിയമം പ്രാബല്യത്തിൽ വരികയും ജനങ്ങൾക്കെതിരെ വെടിയുതിർക്കാൻ തുടങ്ങുകയും ചെയ്തു. രണ്ടായിരത്തോളം പേർ ആ കലാപങ്ങളിൽ കൊല്ലപ്പെട്ടു. മൂവായിരത്തിലേറെ പേർക്ക് പരിക്കേറ്റു.

കലാപം ശമിച്ചപ്പോൾ വാലെൻചുകിന് അന്തസായ സംസ്കാരം നടത്താൻ തീരുമാനമായി. എന്നാൽ കലാപകാരികൾക്ക് പൊതുമാപ്പ് നൽകണമെന്ന അഭ്യർത്ഥന തിരസ്കരിക്കപ്പെട്ടു. അതിനെ തുടർന്ന് പൊടെംകിൻ അവിടെ നിന്നും യാത്ര പുറപ്പെട്ടു. കലാപകാരികൾ ഇന്ധനവും ഭക്ഷണവും തേടി റൊമേനിയയിലെ കോസ്റ്റാൻഡാ തുറമുഖത്തെത്തിയെങ്കിലും സഹായം ലഭിച്ചില്ല.

പിടിച്ചുനിൽക്കാൻ സാധിക്കാത്ത അവസ്ഥ വന്നതിനെ തുടർന്ന് കപ്പൽ റൊമേനിയക്ക് കൈമാറി. അവരത് റഷ്യൻ അധികാരികളെ എൽപിച്ചു. പൊടെംകിന്റെ പോരാട്ടം ഫലം കണ്ടില്ലെങ്കിലും അത് വലിയ സന്ദേശമാണ് റഷ്യയിലെ കലാപകാരികൾക്ക് നൽകിയത്. അക്കാലത്തെ റഷ്യൻ ഭരണത്തിനെതിരായ രോഷവും വിദ്വേഷവും ജനങ്ങൾക്കിടയിൽ ശക്തമാക്കുന്നതിൽ ഈ കലാപം വലിയ പങ്ക് വഹിച്ചു.

### സെർജി ഐസൻസ്റ്റീൻ

സെർജി മിഖായിലോവിച്ച് ഐസൻസ്റ്റീൻ എന്നാണ് മുഴുവൻ പേര്. 1898 ജനുവരി 23ന് ലാത്വിയയിലെ റിഗയിൽ ഒരു ഇടത്തരം കുടുംബത്തിലാണ് ഐസൻസ്റ്റീൻ ജനിച്ചത്. വിദ്യാർത്ഥിയായിരിക്കെ റഷ്യൻ ചെമ്പടയിലംഗമായി. 1920 മുതൽ പീപ്പിൾസ് തിയറ്ററിന്റെ സജീവപ്രവർത്തകനായി.

ഐസൻസ്റ്റീൻ സിവിൽ എൻജിനീയറിങ്ങിലാണ് ബിരുദമെടുത്തത്. എന്നാൽ നാടകത്തിൽ സജീവമാകാനായി എഞ്ചിനീയറിംഗ് ഉപേക്ഷിച്ചു. പീപ്പിൾസ് തീയേറ്ററുമായി സഹകരിച്ചു പ്രവർത്തിച്ച അദ്ദേഹം സഹസംവിധായകനായി. ആദ്യസിനിമ സ്ട്രൈക്ക് 1924ൽ പുറത്തിറങ്ങി.

റഷ്യയിലെ സർ ചക്രവർത്തിക്കെതിരെയുള്ള 1905ലെ ആദ്യ വിപ്ലവ ശ്രമത്തിന്റെ ഇരുപതാം വാർഷികാഘോഷത്തിന്റെ ഭാഗമായാണ് അധികൃതർ ഒരു സിനിമയെന്ന ആശയം മുന്നോട്ടുവെക്കുന്നത്. അങ്ങനെയാണ് ബാറ്റിൽഷിപ് പൊടെംകിൻ പിറക്കുന്നത്.

ലോകപ്രശസ്തനായ റഷ്യൻ ചലച്ചിത്ര സംവിധായകനായിരുന്ന അദ്ദേഹത്തിന്റെ പ്രധാന സിനിമകൾ സ്ട്രൈക്ക്, ഓൾഡ് ആന്റ് ന്യൂ, അലക്സാണ്ടർ നെവ്സ്കി, ഐവാൻ ദി ടെറിബിൾ (രണ്ട് ഭാഗങ്ങൾ), തണ്ടർ ഓവർ മെക്സിക്കോ തുടങ്ങിയവയാണ്. 1948 ഫെബ്രുവരി 11ന് അന്തരിച്ചു. സെർജി ഐസൻസ്റ്റീൻ.



കവിത

# പളുങ്കു മണികൾ

## അജിത മാധവ്

**സ്കൂ**ൾ തുറന്നേവം പുസ്തകക്കെട്ടുമായ്
യാത്ര തുടങ്ങുന്ന കൊച്ചുബാല്യങ്ങൾ

സ്വച്ഛന്ദമൊഴുകുന്ന വാനിൻ പരപ്പിലെ
പറവയായ് പാറാൻ കൊതിക്കുന്ന കാലം

ചോറ്റുപാത്രങ്ങളിൽ മാതാവിൻ സ്നേഹം
പോകും വഴിയിൽ പിതാവിൻ സംരക്ഷണം

പട്ടുപോലുള്ള കരങ്ങളിൽ പുസ്തക
ഭാണ്ഡം ചുമന്നു കഴയ്ക്കുന്ന പാടുകൾ.

നേരത്തെ നിത്യവും കാലത്തുണർന്ന്
സ്നാനത്തിലമ്മയെ പഴിയും പറഞ്ഞ്

പോകുന്ന വഴികളിൽ കുശലം പറഞ്ഞ്
ചെന്നെത്തി നിൽക്കുന്ന സ്കൂളങ്കണത്തിൽ

പലതരം നാമത്തിൽ തെളിയും മുഖങ്ങളിൽ
കൈതവമറിയാത്ത കുറുമ്പു മണികൾ

പ്രഥമ കാലത്തിൽ തുടങ്ങും പരിചയം
നാൾക്കുനാൾ കൈപ്പും മധുരവുമേറ്റും.

കണ്ണൊന്നു ചിമ്മിത്തുറക്കുന്നതിൻ മുമ്പേ
കാലചക്രങ്ങൾ കുതിച്ചേറെ നീങ്ങും

പിന്നോട്ടു നോക്കി തിരിഞ്ഞു നിൽക്കുമ്പോൾ
സംഭവബഹുലം കലാലയ ജീവിതം.

ബാല്യങ്ങളാകും പളുങ്കുപാത്രങ്ങൾ
പൊട്ടിത്തകരാനെളുപ്പമെന്നോർക്കണം.

തെറ്റും ശരിയും അറിവിൻ വെളിച്ചവും
കഠിനപ്രയത്നവും വിജയം സുനിശ്ചിതം.


വര: സചീന്ദ്രൻ കാറഡ്ക്ക

# ലാവോയ്സിയെയുടെ തല; മനുഷ്യരാശിയുടെ നഷ്ടം

## സി എം മുരളീധരൻ

"അയ്യോ, ഗില്ലറ്റിനില്ലേ ഗില്ലറ്റിൻ. അത് വല്ലാത്തൊരു സാധനം തന്നെ ട്ടോ ദേവ്വോ. അതിനെക്കുറിച്ച് ഓർക്കുമ്പോത്തന്നെ എനിക്ക് പേട്യാവ്ണ്.'' രമ്യയുടെ മുഖത്ത് ഭയം അപ്പോഴും ഉണ്ടായിരുന്നു.

''അതെന്തിനാ പൊട്ടത്തീ ഗില്ലെറ്റിനെ പേടിക്കണേ. അച്ഛൻ സ്ഥിരമായി അതോണ്ടാണല്ലോ ഷേവ് ചെയ്യുന്നത്. നിന്റെ അച്ഛന്റെ മുഖം മുറിഞ്ഞോ? ചോര കണ്ടിട്ട് പേടിയായതാണോ നിനക്ക്.'' രമ്യ പറഞ്ഞുതീരുംമുമ്പ് ദേവുവിന്റെ പ്രതികരണം വന്നുകഴിഞ്ഞു.

''ബുദ്ധൂസേ... കേട്ട പാതി ചാടിക്കേറാതെ. ഷേവ് ചെയ്യണ കാര്യല്ല ഞാൻ പറഞ്ഞത്. ഇത് ഗില്ലറ്റ് അല്ല. ഗില്ലറ്റിൻ. ഗില്ലറ്റിൻ.'' രമ്യ പെട്ടെന്ന് ചിരിച്ചുപോയി.

''ഇത് ആളോളെ കഴുത്തറുക്കാൻ ഉപയോഗിക്കുന്ന യന്ത്രം.''

''കഴുത്തറുത്ത് കൊല്ലണ യന്ത്രോ? എന്റമ്മോ? പത്രത്തിൽ വന്നതാണോ? അതോ ടീവീലോ? ന്നിട്ട് പോലീസ് പിടിച്ചില്ലേ? ഓരോരുത്തര് ഓരോ കുന്ത്രാണ്ടം കണ്ടുപിടിക്കും. വല്ലാത്ത മനുഷ്യന്മാർതന്നെ.'' ദേവു ആകാംക്ഷയോടെ രമ്യയെ നോക്കി.

''പറഞ്ഞുതീരുന്നതുവരെ ഇത്തിരിയൊന്ന് കാത്തൂടെ. തോക്കിലേക്ക് വെടിവെക്കാൻ മത്സരം ണ്ടെങ്കില് നിനക്ക് തന്ന്യാ സമ്മാനം. ഒറപ്പാ...''

''ഓ.. ഞാൻ വെടിവെക്കാനൊന്നും വരുന്നില്ല. എന്തേലും പറഞ്ഞു തൊടങ്ങുമ്പൊഴേക്കും തോക്കിലേക്ക് വെടിവെക്കണ കാര്യം പറയും.'' ദേവു മുഖം വീർപ്പിച്ചു.

''പെണങ്ങല്ലെടീ മുത്തേ.. ഗില്ലെറ്റിന്റെ കഥ ഇന്നലെ അച്ഛൻ പറഞ്ഞുതന്നതാ. കഥ വേണ്ടെങ്കി വേണ്ട. നീ പെണങ്ങ്വൊന്നും വേണ്ട.''

കഥയെന്നു കേട്ടപ്പോഴേക്കും അവളുടെ പിണക്കം അലിഞ്ഞുപോയി. ''കഥയോ പറ... പറ... ദേവു രമ്യയുടെ കൈപിടിച്ചു.''

''ബെല്ലടിക്കാറായില്ലേ. നമുക്ക് ഉച്ചയ്ക്ക് ഊണ് കഴിഞ്ഞിട്ട് വിശദമായി പറയാം. ഇപ്പോ പറഞ്ഞാ തീരൂല.'' കഥ മുറിച്ചുപറയേണ്ടിവരുന്നത് അത്ര സുഖമുള്ള കാര്യമല്ല. അതുകൊണ്ടാണ് ദേവു അതിനോട് യോജിച്ചത്. എങ്കിലും കേൾക്കാതെ പോയ കഥയെക്കുറിച്ചുള്ള ആലോചനകൾ അവളുടെ മനസ്സിൽ ഇടയ്ക്കിടെ കടന്നുകൂടി. ഉച്ചയ്ക്ക് ഊണ് ധൃതിയിൽ കഴിച്ച് അവൾ കാത്തുനിന്നു. കൂടെ ഷീജയുമുണ്ടായിരുന്നു.

''എന്തോന്നെടീ ഈ കഴുത്തറക്കുന്ന യന്ത്രം.'' ഷീജയാണ് തുടങ്ങിയത്.

''ആ, അത് ഗില്ലറ്റിൻ. വധശിക്ഷ നടപ്പാക്കാൻ ഉണ്ടാക്കിയ ഒരു യന്ത്രം. ഇവിടെയല്ല, ഇപ്പോഴുമല്ല. പണ്ട്... അങ്ങ് ഫ്രാൻസിൽ ഉണ്ടാക്കിയതാ. ഫ്രഞ്ച് വിപ്ലവം ന്ന് കേട്ടിട്ടില്ലേ... അതിനും കുറച്ച് മുമ്പാണ് ഇത് കണ്ടുപിടിച്ചത്. അതായത് 1789 നും മുമ്പ്.''

''ഒരു മിനിറ്റേ. ഫ്രഞ്ച് വിപ്ലവം ന്ന് പറഞ്ഞാൽ ഫ്രാൻസിൽ രാജവാഴ്ച അവസാനിപ്പിച്ച് ഫ്രാൻസിനെ ഒരു റിപ്പബ്ലിക്ക് ആക്കിയ സംഭവം. അതല്ലേ? ഞാൻ മുമ്പ് വായിച്ച ഒരോർമ യാണ്.'' ഷീജ ഇടയിൽ ചോദിച്ചു.

''അതുതന്നെ. ഫ്രഞ്ചുവിപ്ലവകാലത്ത് വിപ്ലവശത്രുക്കളെന്ന് കരുതിയവരെയൊക്കെ വധശിക്ഷയ്ക്ക് വിധേയ മാക്കി പോലും. അവരെയൊക്കെ

എളുപ്പത്തിൽ കൊല്ലാൻ ഗില്ലറ്റിനാണ് ഉപയോഗിച്ചത്.''

''എളുപ്പത്തിൽ കൊല്ല്വാന്ന് പറഞ്ഞാല്?'' ദേവു ചോദ്യമെറിഞ്ഞു

''തൂക്കിക്കൊല്ലാൻ കുറേ മെനക്കേടല്ലേ. ഇത് അതൊന്നും വേണ്ട. ഒരു പ്ലാറ്റ്ഫോമിൽ കുത്തനെ സ്ഥാപിച്ച രണ്ട് ബീമുകൾ. അവയ്ക്കിടയിൽ നല്ല മൂർച്ചയും കനവുമുള്ള ഒരു ലോഹബ്ലേഡ്. ബ്ലേഡ് സാധാരണഗതിയിൽ ബീമുകളുടെ മുകൾ ഭാഗത്തായിരിക്കും. അത് കട്ടിയുള്ള ലോഹവടം കൊണ്ട് ബന്ധിച്ചതുമായിരിക്കും. ബീമുകളുടെ താഴെ പ്ലാറ്റ് ഫോമിനോട് തൊട്ട് ലൂനറ്റ് എന്നൊരു ഭാഗമുണ്ട്. ലൂനറ്റ് ന്ന് പറഞ്ഞാൽ അടുക്കിവെച്ച രണ്ട് മരക്കഷണങ്ങളാണ്. അതിന്റെ രണ്ടിന്റേയും നടുവിൽക്കൂടി വൃത്താകൃതിയിൽ മുറിച്ചെടുത്തിരിക്കും. അതിന്റെ മേൽഭാഗം അൽപ്പം ഉയർത്തി താഴത്തെ മരക്കഷണത്തിന്റെ ദ്വാരത്തിൽ പ്ലാറ്റ്ഫോമിൽ കിടക്കുന്ന ഒരാളുടെ കഴുത്ത് കടത്തും. എന്നിട്ട് പൊക്കിയ ഭാഗം താഴ്ത്തിയാൽ കിടന്ന ആളുടെ കഴുത്ത് ലൂനറ്റിൽ ഫിറ്റായി കിടക്കും.''

''മതി മതി, ബാക്കി പറയണ്ട... എന്നിട്ട് മോളിലത്തെ ബ്ലേഡ് ശക്തിയിൽ താഴത്തേക്ക് ഇടുക അല്ലേ. അയ്യോ.. ആലോചിക്കാൻ വയ്യ...''

''അതുതന്നെ ഒന്ന് കണ്ണുചിമ്മുന്ന നേരം കൊണ്ട് ഉടലും തലയും വേറെ വേറെ ആവും. അച്ഛൻ ഇത് പറഞ്ഞുതന്നപ്പം ഞാനും ഒരു പാട് നേരം ആലോചിച്ചു. ഈ മനുഷ്യന്മാര് എന്താ ഇങ്ങനെ ക്രൂരരാവുന്നേന്ന്. പതിനേഴായിരത്തോളം ആളുകളെ ഇങ്ങനെ അക്കാലത്ത് അവിടെ ഗില്ലറ്റിന്റെ അടീല് കിടത്തി കൊന്നുപോലും. എന്തൊരു കഷ്ടാ അല്ലേ.''

''എന്നിട്ട് ഇതാ ഇപ്പോ നീ കഥയാണ്ന്ന് പറഞ്ഞത്. കേട്ടിട്ട് സങ്കടാവുന്ന്.'' ദേവുവിന്റെ കണ്ണിൽ നീരുപൊടിഞ്ഞു.

''ഇപ്പഴും പേട്യാവ്ണ്ണ്ന്നല്ലേ ഞാൻ രാവിലെ പറഞ്ഞത്. പിന്നെ, കഥാന്ന് പറഞ്ഞത് നീ പിണങ്ങുംന്ന് പറഞ്ഞപ്പോൾ... അച്ഛനിത് പറഞ്ഞത് ലാവോയ്സിയുടെ കഥ പറഞ്ഞപ്പഴാ.''

''ലാവോയ്സ്യോ? അതാരാ?' ഷീജയ്ക്ക് ആളെ പിടികിട്ടിയില്ല.

''വലിയ ശാസ്ത്രജ്ഞനായിരുന്നു. ആധുനിക രസതന്ത്രത്തിന്റെ പിതാവ് എന്ന് വിളിക്കുന്ന വല്യ ശാസ്ത്രജ്ഞൻ.''

''ഏ... രസതന്ത്രത്തിന്റെ പിതാവ് എന്നൊക്കെ വിളിക്കുന്ന ആളെ കൊല്ലേ? എന്താപ്പം ഇത് കഥ.'' ദേവു ആശ്ചര്യപ്പെട്ടു. അപ്പോഴേക്കും കുറച്ച് കൂട്ടുകാർ കൂടി അവർക്കുചുറ്റും കൂടിയിരുന്നു. രഹാനയും കാവ്യ



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

യുമൊക്കെ. രമ്യയുടെ കഥ ഉണ്ടെന്നറിഞ്ഞ് വന്നവരാണ്.

''അല്ല, എന്തിനാപ്പോ മൂപ്പരെ രസതന്ത്രത്തിന്റെ

പിതാവ് എന്നൊക്കെ പറയുന്നത്? നിനക്ക് വല്ല ഐഡിയയും ഉണ്ടോ? എല്ലാത്തിനും പിതാക്കന്മാരേ ഉള്ളൂ. ഒന്നിനും മാതാക്കളില്ല, അല്ലേ?'' ഗില്ലറ്റിനെക്കുറിച്ചു കേട്ട വിഷമത്തിലും ഷീജയ്ക്ക് രോഷം അടക്കാനായില്ല.

''ഹ... ഹ... ഇതുതന്നെ ഇന്നലെ അച്ഛനോട് ഞാനും ചോദിച്ചിരുന്നു. ഏതായാലും ലാവോയ്സിയെയുടെ നേട്ടങ്ങൾ ഞാൻ പറയാം. രസതന്ത്രത്തെ കൃത്യതയുള്ള ഒരു ശാസ്ത്രവിഭാഗമായി മാറ്റാൻ അദ്ദേഹം ശ്രമിച്ചു എന്നതാണ് പ്രധാനം. ഉദാഹരണമായി, വസ്തുക്കൾ കത്തുന്നതിനെക്കുറിച്ച് ഒരു പാടുകാലമായി നിലനിന്നിരുന്ന ഫ്ലോജിസ്റ്റൺ സിദ്ധാന്തം തെറ്റാണെന്ന് സ്ഥാപിച്ചു. പിന്നെ...''

''നില്ല് നില്ല് ഞാൻ തോക്കിലേക്ക് ഒന്ന് വെടി വെച്ചോട്ടെ. അതെന്തരപ്പീ... ഈ ഫ്ലോജിസ്റ്റൺ..'' ദേവു സിനിമാനടൻ സുരാജ് വെഞ്ഞാറമൂടിനെ അനുകരിച്ചുപറഞ്ഞത് കേട്ട് എല്ലാവരും ചിരിച്ചു.

''ഫ്ലോജിസ്റ്റണൊന്നും അറിയില്ലേ ഈ പുള്ളാർക്ക്. ശിവനേ...'' ജഗതിയെ അനുകരിച്ചാണ് രമ്യ അതിനോട് പ്രതികരിച്ചത്. എന്നിട്ട് ചിരിച്ചു.

''ഒരുപാടൊന്നും എനിക്കറിയില്ല. അറിയുന്നത്രയും തന്നെ പറയാൻ ഇപ്പോൾ നേരോമില്ല. നമുക്ക് ലാവോയ്സിയുടെ കഥ ബെല്ലിനുമുമ്പ് തീർക്കണ്ടേ. എല്ലാ വസ്തുക്കളിലും ഫ്ളോജിസ്റ്റൺ എന്നൊരു വസ്തുവുണ്ടെന്നും കത്തുമ്പോൾ അത് നഷ്ടപ്പെടുന്നതിനാലാണ് കിട്ടിയ ചാരത്തിന്റെ ഭാരം കത്തിയ വസ്തുവിനേക്കാൾ കുറയുന്നതെന്നുമായിരുന്നു അക്കാലത്ത് കരുതിയിരുന്നത്. അത് തെറ്റാണെന്ന് ലാവോയ്സിയെ തെളിയിച്ചു. പിന്നെ, മൂലകങ്ങൾക്കുള്ള കൃത്യമായ നിർവചനം രൂപീകരിച്ചു. പിന്നെ...''

''ആ.. നീ ഫ്ളോജിസ്റ്റണിനെ തൽക്കാലം വിട്., നമുക്കേ പിന്നെ... അതിനെ പിന്നെ നോക്കാം... ഏ...'' കൂടിനിന്നവരിലാരോ മോഹൻലാലിന്റെ ശബ്ദത്തിൽ പറഞ്ഞു.

''ഞാനെപ്പഴേ വിട്ടു. ലാവോയ്സിയേ ഒരു വല്യ ശാസ്ത്രജ്ഞാനായീന്ന് മക്കൾക്ക് മനസ്സിലായല്ലോ. ഇപ്പം അത്ര മതി. ഇരുപത്തഞ്ച് വയസ്സാവുമ്പോഴേക്കുതന്നെ ലാവോയ്സിയെക്ക് ഫ്രഞ്ച് സയൻസ് അക്കാദമീല് അംഗത്വം കിട്ടി. ജനറൽ ഫാം എന്നൊരു കമ്പനീല് മൂപ്പര്ക്ക് ഉദ്യോഗോം ഉണ്ടായിരുന്നു. അക്കാലത്ത് സ്വകാര്യ കമ്പനികള് ആയിരുന്നൂത്രെ അവിടെ നികുതി പിരിക്ക്യ. ആ നികുതി പിരിവിന്റെ ചുമതലക്കാരനായിരുന്നു ലാവോയ്സിയെ. പിന്നെ രാജാവിന്റെ ശാസ്ത്ര ഉപദേഷ്ടാവായിരുന്നു പുള്ളി. വേറെയും പല ചുമതലകളും കൊട്ടാരത്തിനുവേണ്ടി വഹിച്ചിരുന്നു. പത്രങ്ങളിലൊക്കെ ചില വാർത്തകൾ വന്നതിനെത്തുടർന്ന് പണം കൈപ്പറ്റിയുള്ള എല്ലാ സർക്കാർ സ്ഥാനങ്ങളും ലാവോയ്സിയെ രാജിവെച്ചു. തുടർന്ന് ശമ്പളമില്ലാതെ ദേശീയ അസംബ്ലിയെ സേവിക്കലാണ് തന്റെ പരിപാടിയെന്ന് അദ്ദേഹം വിശദീകരിച്ചു.''

''മൂപ്പര്ക്ക് കമ്പനീൽ പണീണ്ടല്ലോ. അവിടന്ന് ശമ്പളം ഉണ്ടാവ്വല്ലോ അല്ലേ.''ഷീജ ഇടപെട്ടു.

''ജനറൽ ഫാം കമ്പനി 1791ൽ പൂട്ടുന്നുണ്ട്. അതിനു മുമ്പേ അവിടത്തെ ജോലിയും ലാവോയ്സിയെ രാജിവെച്ചിരുന്നു.''

''അതുനന്നായി'' കൂടിനിന്നവരിലാരോ കമന്റ് പാസ്സാക്കി.

''കമ്പനി സാധാരണക്കാരായ പൗരന്മാരെ ചൂഷണം ചെയ്യുകയായിരുന്നു എന്നാണ് പുതുതായി വന്ന വിപ്ലവഭരണകൂടം കണക്കാക്കിയത്. അവിടത്തെ പണമിടപാടുകളിൽ ഉദ്യോഗസ്ഥർ കൃത്രിമത്വം കാട്ടിയതായും ആരോപണം ഉയർന്നു. ജനശത്രുക്കളെ വിചാരണചെയ്ത് ശിക്ഷിക്കണം എന്നായിരുന്നു അവരുടെ നയം. പിന്നെ, എരികൂട്ടാൻ ഒരു വില്ലനുമുണ്ടായിരുന്നു. അയാൾ ലാവോയ്സിയെക്കിട്ട് ഒരുപണികൊടുക്കാൻ അവസരം നോക്കി നടക്ക്വായിരുന്നു.''

''അതാരാണ് ആ വില്ലൻ?''കാവ്യക്കാണത് അറിയേണ്ടത്.

''അത് ഴാങ്ങ് പോൾ മാറാ എന്നൊരാൾ. മാറാ തയ്യാറാക്കിയ പ്രബന്ധത്തിന് നിലവാരമില്ലാത്തതിനാൽ സയൻസ് അക്കാദമിയിൽ അയാൾക്ക് അംഗത്വം നൽകാൻ ലാവോയ്സിയേ അനുകൂലിച്ചിരുന്നില്ല.''

''അതിന് കേസിൽ കുടുക്കീട്ട് കൊല്ലിയ്ക്കേ... അയാളെന്തൊരു മനുഷ്യനാ...'' ദേവുവിനത് സഹിച്ചില്ല.

''ലാവോയ്സിയെ അവിടുന്ന് നേരത്തെ രാജി

വെച്ചിരുന്നൂന്നല്ലേ പറഞ്ഞത്. പിന്നെന്താ പ്രശ്നം?'' നേരത്തെ കമന്റ് പറഞ്ഞ ആള് വിട്ടില്ല.

''പറയട്ടെ മക്കളെ, പറയട്ടെ. ഇടങ്കോലിടല്ലേ. 1789 ലാണ് വിപ്ലവം ആരംഭിച്ചത്. രാജവാഴ്ചയ്ക്ക് അറുതിവരുത്തിയെങ്കിലും അത് കലാപങ്ങളിലേക്ക് കടന്നു. 1793 ആവുമ്പോഴേക്കും വിപ്ലവം വലിയതോതിലുള്ള അക്രമസ്വഭാവത്തിലേക്ക് കടന്നിരുന്നു. ജനറൽ ഫാം കമ്പനിയുടെ ഭാഗമായിരുന്ന ഇരുപത്തെട്ടുപേരെയും അറസ്റ്റ് ചെയ്തു തുടങ്ങി. കഥാനായകൻ കുറച്ചു ദിവസം ഒളിവിൽ കഴിഞ്ഞു. ഒളിവിൽനിന്ന് വിപ്ലവ കമ്മിറ്റിക്ക് മൂപ്പര് ഒരു കത്തെഴുതി. കമ്പനിയിൽ നിന്ന് താൻ നേരത്തെ തന്നെ രാജിവെച്ചിട്ടുണ്ടെന്നും അവിടുത്തെ കണക്കുകൾ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസത്തിന് തനിക്ക് ഒരു ഉത്തരവാദിത്വവും ഇല്ലെന്നും കത്തിൽ വിശദീകരിച്ചിരുന്നു. തന്നെ കേസിൽനിന്ന് ഒഴിവാക്കുമെന്നുള്ള സൂചന കിട്ടിയതുകൊണ്ടാണെന്നു തോന്നുന്നു, ലാവോയ്സിയെ സ്വയം കീഴടങ്ങി.''

''ന്നിട്ട് വെറുതെ വിട്ടോ? തോക്കിലേക്ക് വെടിവെച്ചതാണെന്ന് പറയരുതേ. കഷ്ടം തോന്നീട്ട് പറഞ്ഞതാ.'' ദേവു ജാമ്യമെടുത്തു.

''എവിടെടോ... ജനരോഷം വലിയതോതിലുണ്ടായിരുന്നു. കേസിന്റെ വിചാരണ നടന്നുകൊണ്ടിരിക്കേ, താനൊരു ശാസ്ത്രജ്ഞനാണെന്നും ഇപ്പോൾ വലിയൊരു ഗവേഷണം നടത്തിക്കൊണ്ടിരിക്കയാണെന്നും ലാവോയ്സിയെ ജഡ്ജിയോട് പറഞ്ഞു. ലോകത്തിനു മുഴുവൻ പ്രയോജനം ചെയ്യുന്ന ആ ഗവേഷണം പൂർത്തിയാക്കാൻ അനുവദിക്കണമെന്നും അദ്ദേഹം കോടതിയോട് അഭ്യർത്ഥിച്ചു.''

''അത് ശരിയാ, പുതിയ ഭരണക്കാർക്ക് അദ്ദേഹത്തെ പ്രയോജനപ്പെടുത്താലോ ല്ലേ. ഒറപ്പായിട്ടും അദ്ദേഹത്തെ കുറ്റവിമുക്തനാക്കിയിട്ടുണ്ടാവും. വല്യ ശാസ്ത്രജ്ഞനല്ലേ.'' ഷീജയ്ക്ക് സംശയമുണ്ടായിരുന്നില്ല.

''ന്നാലേ, ജഡ്ജി എന്താ വിധിച്ചത്ന്ന് അറിയ്യോ നിങ്ങക്ക്. റിപ്പബ്ലിക്കിന് ശാസ്ത്രജ്ഞരുടെ ആവശ്യമില്ല നീതി അതിന്റെ വഴിക്ക് പോകട്ടെ, എന്ന്. അന്നു തന്നെ ഇരുപത്തിയെട്ടു പേരേം ഗില്ലറ്റിൻ ചെയ്യാനുള്ള സ്ഥലത്തേക്ക് കൊണ്ടുപോയി. നാലാമത്തെതായിരുന്നു ആ മഹാശാസ്ത്രജ്ഞന്റെ ഊഴം. ലോഹവടം അയച്ചപ്പോൾ മൂർച്ചയേറിയ ബ്ലേഡ് ഒരു നിമിഷംകൊണ്ട് താഴെ വീണ് ലാവോയ്സിയെയുടെ ഉടലും ശിരസ്സും വെവ്വേറെ...'' രമ്യയുടെ ശബ്ദം ഇടറി.

''കഷ്ടം. വകതിരിവില്ലാത്തോര്.'' ദേവു നെടുവീർപ്പിട്ടു.

''ആ സന്ദർഭത്തെ മുൻനിർത്തി ലാവോയ്സിയെയുടെ പേരിൽ പറഞ്ഞു വരുന്ന ഒരു കാര്യമുണ്ട്. അത് വെറും കെട്ടുകഥയാവാനേ തരമുള്ളൂ എന്നും അച്ഛൻ പറഞ്ഞിരുന്നുട്ടോ.''

''അതെന്താ സംഗതി? പറയ്.'' രഹാന രമ്യയെ പ്രോത്സാഹിപ്പിച്ചു.

''തലയറുത്തതിന് ശേഷം കുറച്ചുസമയത്തേക്കുകൂടി ബോധം നിലനിൽക്കുമോ എന്നറിയാൻ ആ ശാസ്ത്രജ്ഞൻ കണ്ണുകൾ ചിമ്മി എന്നാണ് കഥ. ബോധമുണ്ടെങ്കിൽ ഞാൻ കണ്ണ് ചിമ്മും എന്ന് അദ്ദേഹം ആരോടോ പറഞ്ഞ് ഏൽപ്പിച്ചിരുന്നു പോലും. അടിസ്ഥാനശാസ്ത്രതത്വങ്ങൾക്കെതിരാണ് അത് എന്നതിനാൽ സത്യമാവില്ല.''

''അതെന്തിനാണാവോ ആളോള് ഇങ്ങനത്തെ കഥയൊക്കെ ഉണ്ടാക്കിപ്പറയുന്നത്.'' ഷീജയുടെ ആത്മഗതം ഉറക്കെയായിരുന്നു.

''അക്കാലത്ത് ലാവോയ്സിയയുടെ ഭാര്യയേയും അറസ്റ്റ് ചെയ്തിരുന്നു. ജയിൽമോചിതയായ ശേഷം അവർക്ക് തന്റെ ഭർത്താവിന്റെ നിരപരാധിത്വം തെളിയിക്കാൻ കഴിഞ്ഞു എന്നാണ് പറയുന്നത്.''

''അതോണ്ട്, എന്തു കാര്യം, ല്ലേ...'' കാവ്യയാണത് പറഞ്ഞത്.


''അതേ, വെറുതെ. മഹാനായ ഗണിത ശാസ്ത്രജ്ഞൻ ലഗ്രാൻഷ് ലാവോയ്സിയെയുടെ മരണവാർത്തയോട് പ്രതികരിച്ചത് ഇങ്ങനെയായിരുന്നത്രേ, ആ തല വെട്ടിമാറ്റാൻ അവർക്ക് ഒരു നിമിഷം മാത്രമേ വേണ്ടി വന്നുള്ളൂ, നൂറു വർഷങ്ങൾ കഴിഞ്ഞാലും ഇതുപോലുള്ള മറ്റൊന്ന് സൃഷ്ടിക്കാൻ കഴിഞ്ഞേക്കില്ല.''

''അതാണ് സത്യം.'' കോറസ് ഒന്നിച്ചത് ശരിവച്ചു.



# ഇന്ത്യൻ സ്വാതന്ത്ര്യ സമരം:
## ചരിത്രം ഒറ്റ നോട്ടത്തിൽ

**അനീഷ പി എം**





ഇന്ത്യൻ സ്വാതന്ത്ര്യ സമരം ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരെ നൂറ്റാണ്ടുകളിലൂടെ നീണ്ടുനിന്ന സുദീർഘവും തീവ്രവുമായ പോരാട്ടമായിരുന്നു. 1608ൽ ക്യാപ്റ്റൻ വില്യം ഹോക്കിൻസ് സൂറത്തിൽ എത്തുന്നതോടെയാണ് ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഇന്ത്യൻ അധിനിവേശത്തിനു തുടക്കമാവുന്നത്. എന്നാൽ ആ ശ്രമം പൂർണ വിജയം കണ്ടില്ല. 1615ൽ തോമസ് റോ കടൽ കടന്നെത്തുകയും സൂറത്തിൽ ആദ്യ പാണ്ടികശാല സ്ഥാപിക്കുകയും ചെയ്തു. ക്രമേണ കൽക്കട്ട, മദ്രാസ്, ബോംബെ എന്നീ സുപ്രധാന കേന്ദ്രങ്ങൾ ബ്രിട്ടീഷുകാരുടെ അധീനത്തിലായി. ഇതേ കാലത്ത് തന്നെ ഇംഗ്ലീഷുകാർ കേരളത്തിലെത്തുകയും സാമൂതിരി രാജാവിനെ കണ്ട് കരാറിൽ ഒപ്പുവെക്കുകയും ചെയ്തു.

1600കളുടെ പകുതി മുതൽ 1800കൾ വരെ വിവിധ നാട്ടുരാജാക്കൻമാരുടെ നേതൃത്വത്തിൽ ചെറുതും വലുതുമായ ബ്രിട്ടീഷ് വിരുദ്ധ കലാപങ്ങൾ നടന്നു. 1764 ലെ ബക്സർ യുദ്ധം, ടിപ്പു സുൽത്താന്റെ പടയോട്ടങ്ങൾ, പഴശ്ശി രാജയുടെ കലാപങ്ങൾ എന്നിവ ഈ കൂട്ടത്തിൽ ചിലതാണ്.

ശിപായ് ലഹള എന്നറിയപ്പെട്ട 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരായ ആദ്യത്തെ വലിയ കലാപമായിരുന്നു. പശുക്കളുടെയും പന്നികളുടെയും കൊഴുപ്പ് ഉപയോഗിച്ചു വെന്ന് ആരോപിക്കപ്പെട്ട എൻഫീൽഡ് റൈഫിളുകളുടെ കാട്രിഡ്ജുകൾ സൈനികരുടെ മതവികാരത്തെ വ്രണപ്പെടുത്തിയതാണ് പ്രത്യക്ഷ കാരണം. എന്നാൽ ബ്രിട്ടീഷ് ഭരണത്തോടുള്ള അതൃപ്തിയും സ്വാതന്ത്ര്യ വാഞ്ഛയും തന്നെയായിരുന്നു അടിസ്ഥാന കാരണങ്ങൾ. മംഗൾ പാണ്ഡെ, ഝാൻസി റാണി ലക്ഷ്മിഭായ്, താന്ത്യാ തോപ്പെ, ബഹദൂർ ഷാ സഫർ എന്നിവരായിരുന്നു നേതാക്കൾ. കലാപം ബ്രിട്ടീഷുകാർ അടിച്ചമർത്തി, പക്ഷേ ഇത് ദേശീയബോധം ഉണർത്തി.

1885ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് (INC)രൂപീകരിക്കപ്പെട്ടു. എ ഒ ഹ്യൂം എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ (INC) രൂപീകരിച്ചതിലൂടെ ഇന്ത്യക്കാർക്ക് രാഷ്ട്രീയ അവകാശങ്ങൾക്കായി പ്രവർത്തിക്കാൻ ഒരു വേദി നൽകി. ദാദാഭായ് നവ്റോജി, വി സി ബാനർജി, സുരേന്ദ്രനാഥ് ബാനർജി. മഹാദേവ ഗോവിന്ദ റാനഡ തുടങ്ങിയവർ നേതൃത്വം നൽകി.

ലോർഡ് കഴ്സൺ ബംഗാളിനെ രണ്ടായി വിഭജിച്ചത് ദേശീയ വാദികൾക്കിടയിൽ വൻ പ്രതിഷേധത്തിന് കാരണമായി. 1905 ആഗസ്റ്റ് 7ന് കൽക്കത്തയിൽ നടന്ന വിഭജന വിരുദ്ധ സമ്മേളനത്തിൽ സ്വദേശി പ്രസ്ഥാനം, ബ്രിട്ടീഷ് ഉൽപ്പന്നങ്ങൾ ബഹിഷ്കരിക്കൽ തുടങ്ങിയ സമര മാർഗ്ഗങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. ബിപിൻ ചന്ദ്ര പാൽ, ബാലഗംഗാധര തിലക്, ലാലാ ലജ്പത് റായ് തുടങ്ങിയ നേതാക്കൾ പ്രക്ഷോഭത്തിന് നേതൃത്വം നൽകി.

1915ൽ മഹാത്മ ഗാന്ധി

ദക്ഷിണാഫ്രിക്കയിൽ നിന്നും ഇന്ത്യയിലേക്ക് തിരിച്ചെത്തിയത് സ്വാതന്ത്ര്യ പോരാട്ടങ്ങൾക്ക് പുതിയ ദിശാബോധം പകർന്നു. ഗാന്ധിജിയുടെ നേതൃത്വത്തിൽ അഹിംസയും സത്യാഗ്രഹവും അടിസ്ഥാനമാക്കി പ്രസ്ഥാനങ്ങൾ ആരംഭിച്ചു. ബീഹാറിലെ നീലക്കർഷകർക്ക് വേണ്ടി നടത്തിയ ചമ്പാരൻ സത്യാഗ്രഹം (1917), ഗുജറാത്തിലെ കർഷകർക്ക് വേണ്ടി നടത്തിയ ഖേദ സത്യാഗ്രഹം (1918) എന്നിവയാണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല പ്രധാന സമരങ്ങൾ. തുടർന്ന് നിസ്സഹകരണ പ്രസ്ഥാന (1920–22)ത്തിന് തുടക്കമിട്ടു. ഇതിലൂടെ ബ്രിട്ടീഷ് ഭരണവുമായുള്ള സഹകരണം ഉപേക്ഷിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.

### മറ്റ് സമരങ്ങൾ ചുവടെ കൊടുക്കുന്നു;

ഉപ്പ് നികുതിക്കെതിരെ ദണ്ഡി യാത്രയും ഉപ്പ് സത്യാഗ്രഹവും (1930), സിവിൽ നിസ്സഹകരണ പ്രസ്ഥാനം (1930–34) :ബ്രിട്ടീഷ് ഉൽപ്പന്നങ്ങളുടെ ബഹിഷ്കരണവും ജയിൽ നിറയ്ക്കൽ പ്രക്ഷോഭവും.

ക്വിറ്റ് ഇന്ത്യ പ്രക്ഷോഭം (1942): 'ഇന്ത്യ വിടുക' എന്ന മുദ്രാവാക്യത്തോടെ ബ്രിട്ടീഷുകാർക്കെതിരെ വൻ ജനകീയ പ്രക്ഷോഭം.

സ്വാതന്ത്ര്യ സമര പോരാളികളെ തുറങ്കിലടയ്ക്കുക എന്ന ഗൂഢമായ ലക്ഷ്യത്തോടെ നടപ്പിലാക്കിയ റൗലറ്റ് ആക്റ്റിനെതിരെ രാജ്യ വ്യാപകമായി പ്രക്ഷോഭം ശക്തിപ്പെട്ടു. പഞ്ചാബിൽ പ്രതിഷേധം ശക്തമായി. 1919 ഏപ്രിൽ 13ന് ജനറൽ ഡയർ ജലിയൻവാലാ ബാഗിൽ നിരായുധരായ ജനക്കൂട്ടത്തിന് നേരെ വെടിവെപ്പ് നടത്തി. നൂറുകണക്കിനു നിരായുധരായ മനുഷ്യർ കൊല്ലപ്പെട്ടു.

ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ഏറ്റവും രക്തരൂക്ഷിതമായ അധിനിവേശ വിരുദ്ധപ്പോരാട്ടമാണ് 1921ൽ തെക്കേ മലബാറിൽ പൊട്ടിപ്പുറപ്പെട്ട മലബാർ കലാപം. ആലി മുസലിയാരും വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുമായിരുന്നു പ്രക്ഷോഭ നേതാക്കൾ. കലാപകാരികളെ കോയമ്പത്തൂർ ജയിലിലേക്ക് ചരക്ക് തീവണ്ടിയിൽ കൊണ്ടുപോയത് വലിയ മനുഷ്യക്കുരുതിയ്ക്ക് ഇടയാക്കി. ചരിത്രത്തിൽ വാഗൺ ട്രാജഡി എന്നറിയപ്പെട്ട ഈ ദുരന്തം സ്വാതന്ത്ര്യ സമര ചരിത്രത്തിലെ സമാനതകളില്ലാത്ത ദുരന്തമായി.

1925ഓടെ ഇന്ത്യൻ സ്വാതന്ത്ര്യ പോരാട്ടത്തിൽ കമ്യൂണിസ്റ്റ് പാർട്ടികൾ ചുവടുറപ്പിച്ചു. രാജ്യത്തെമ്പാടും തൊഴിലാളി വർഗ്ഗ സമരങ്ങളുടെ വേലിയേറ്റം ഉണ്ടായി. തേഭാഗ സമരം, തെലങ്കാന സമരം, കയ്യൂർ സമരം, പുന്നപ്ര വയലാർ പ്രക്ഷോഭം എന്നിവ ഇവയിൽ ചിലത് മാത്രം.

1926ൽ നൗ ജവാൻ ഭാരത് സഭ എന്ന സായുധ സംഘടനയ്ക്ക് രൂപം നൽകിക്കൊണ്ട് ഭഗത് സിങ്, ചന്ദ്രശേഖർ ആസാദ്, സുഖ്ദേവ്, രാജ് ഗുരു എന്നിവർ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലെ സായുധ പോരാട്ടങ്ങളുടെ മുഖമായി മാറി. ലാലാ ലജ്പത് റായിയുടെ മരണത്തിന് കാരണമായ ലാത്തിച്ചാർജ്ജിന് നേതൃത്വം നല്കിയ പോലീസ് സൂപ്രണ്ട് ജോൺ സാൻഡേഴ്സിനെ ഭഗത് സിങ്ങിന്റെ നേതൃത്വത്തിൽ യുവ വിപ്ലവകാരികൾ വെടിവെച്ചുകൊന്നു. 1931 മാർച്ച് 23ന് ഭഗത് സിംഗ്, രാജ് ഗുരു, സുഖ് ദേവ് എന്നീ വീരയോദ്ധാക്കളെ ബ്രിട്ടീഷ് സർക്കാർ തൂക്കിലേറ്റി. ലാഹോർ ജയിൽ ഇൻക്വിലാബ് സിന്ദാബാദ് വിളിയിൽ പ്രകമ്പനം കൊണ്ടു.

1930–32 വട്ടമേശ സമ്മേളനങ്ങളുടെ കാലമായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യൻ നേതാക്കളുമായി ഭരണപരിഷ്കാരങ്ങൾ സംബന്ധിച്ച് ചർച്ച നടത്തി. ഗാന്ധിജി രണ്ടാം സമ്മേളനത്തിൽ പങ്കെടുത്തു.

സുഭാഷ്ചന്ദ്ര ബോസിന്റെ നേതൃത്വത്തിൽ രൂപീകരിച്ച ഇന്ത്യൻ നാഷണൽ ആർമി (INA) 1942–1945 കാലഘട്ടത്തിൽ ജപ്പാന്റെ സഹായത്തോടെ ബ്രിട്ടീഷുകാർക്കെതിരെ സായുധ പോരാട്ടം നടത്തി. പരാജയപ്പെട്ടെങ്കിലും 'ജയ് ഹിന്ദ്' പോലുള്ള മുദ്രാവാക്യങ്ങൾ ദേശീയവാദത്തെയും ഇന്ത്യൻ സ്വാതന്ത്ര്യ ദാഹത്തെയും ശക്തമാക്കി.

1947 ആഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം നേടി. എന്നാൽ ഭിന്നിപ്പിക്കുക എന്ന നയം അവസാന ഘട്ടം വരെയും ബ്രിട്ടീഷുകാർ തുടർന്നു. ഇന്ത്യയും പാകിസ്ഥാനും രണ്ട് രാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടു. ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു. വിഭജനം ഉണ്ടാക്കിയ കലാപങ്ങളിൽ ഇരകളാക്കപ്പെട്ടവരെ സാന്ത്വനിപ്പിക്കാനും കലാപം ശമിപ്പിക്കാനും വേണ്ടി മഹാത്മാ ഗാന്ധി അഹോരാത്രം പരിശ്രമിച്ചു.

# ഒരു കുഞ്ഞു സ്നേഹം

സന്ധ്യ യു



മനസ്സില്ലാമനസ്സോടെയാണ് ഇന്ന് അഭി സ്കൂളിലേക്ക് തയ്യാറായത്. ആ ചിണുക്കം അവന്റെ ഓരോ പ്രവർത്തിയെയും ബാധിച്ചു. അതുകൊണ്ടാണ് അമ്മ ആദ്യം പോയി സ്കൂൾ ബസ്സിന് കാവൽ നിന്നത്. ഒരു കുട്ടി മാത്രമുള്ള സ്റ്റോപ്പിൽ ഒരുമിനിട്ട്. അതിനപ്പുറം അനുവദിക്കാത്ത ഡ്രൈവറോട് അമ്മ പ്ലീസ് ചെയ്തു. ''ഒരു നിമിഷം. പ്ലീസ്. അഭീ... ഈ ചെക്കനെ ഞാൻ...''

അമ്മയുടെ ടെൻഷൻ അവന് മനസ്സിലാകും. ആകെയുള്ള പൊന്നോമനയെ സുരക്ഷിതമായി സ്കൂളിലേക്ക് പറഞ്ഞയച്ചിട്ട് വേണം അവർക്ക് ബാങ്കിലേക്ക് ഓടാൻ. ബസ്സിൽ കയറാൻ നേരം അഭിയുടെ മൂർദ്ധാവിൽ തടവിക്കൊണ്ട് അമ്മ അവനെ ആശ്വസിപ്പിച്ചു. ''കുഞ്ഞിയെ ഞാൻ നോക്കിക്കൊള്ളാം മോൻ സമാധാനമായി പോയിട്ട് വാ.''

കണ്മറയുവോളം അഭി സങ്കടത്തോടെ അമ്മയെ തന്നെ നോക്കിയിരുന്നു.

അഞ്ചു മാസം മുൻപ് അഭി അച്ഛനോടൊപ്പം വൈകിട്ട് നടക്കാൻ പോയപ്പോൾ കിട്ടിയതാണ് കുഞ്ഞിയെ. ആ പൂച്ചമ്മ ആകെ അവശയായി കുരിശ്ശടിയുടെ മുന്നിൽ കിടക്കുന്നത് കണ്ടപ്പോൾ അഭി അവിടെ തന്നെ നിന്നു. അച്ഛൻ എത്ര പറഞ്ഞിട്ടും അവൻ അനങ്ങിയില്ല.

''ഡാ അത് വയ്യാത്ത പൂച്ചയാ. രക്ഷപെടത്തില്ല. നീ വന്നേ.''

''അച്ഛാ, പാവാ അതിനെ നമുക്ക് വീട്ടി കൊണ്ട് പോവാം. ഷാനിന്റെ അച്ഛനെ കാണിക്കാം. മരുന്ന് കിട്ടും.''

വിവാഹം കഴിഞ്ഞ് വർഷങ്ങൾ കാത്തിരുന്ന് കിട്ടിയ സന്തതിയെ വിഷമിപ്പിക്കാൻ അച്ഛന് പിന്നെ കഴിഞ്ഞില്ല. അടുത്തുള്ള ടെയിലറിങ് ഷോപ്പിൽ നിന്നും ഒരു പ്ലാസ്റ്റിക് കവർ വാങ്ങി പൂച്ചമ്മയെ അതിലാക്കി. അത് ഒന്ന് മൂളുകപോലും ഉണ്ടായില്ല.

''നിങ്ങള് വീട്ടിലെത്തുമ്പോഴേ ഇത് ചത്ത് പോകും. ചെറിയൊരു പതപ്പേ ഒള്ളു.'' ഷോപ്പുടമ പറഞ്ഞു.

അവർ വരുന്നവഴി ഷാനിന്റെ വീട്ടിൽക്കയറി. ഭാഗ്യത്തിന് അവന്റെ അച്ഛൻ വീട്ടിൽ ഉണ്ടായിരുന്നു. അയാൾ കുഞ്ഞിയെ പരിശോധിച്ചു. ഡ്രിപ്പ് ഇട്ടു. എന്തൊക്കെയൊ കഴിക്കാൻ കൊടുത്തു. ഇതിനിടയിൽ കുഞ്ഞിയെ ഏറ്റെടുത്ത കഥ അച്ഛൻ അയാളോട് പറഞ്ഞു. മരുന്നിനോടൊപ്പം മെഡിക്കൽ റെപ്പ്മാർ പരീക്ഷണത്തിന് കൊടുത്ത കുറേ ഫുഡ് സപ്ലിമെന്റുകളും അയാൾ അച്ഛനെ ഏൽപ്പിച്ചു.

വീട്ടിൽ എത്തിയപ്പോൾ പതിവിലും വൈകിയതിന്റെ ആശങ്കയിൽ അമ്മ സിറ്റൗട്ടിലുണ്ട്. ''കവറിലെന്താ?'' അമ്മയുടെ ചോദ്യം കേട്ടതും അഭി പേടിച്ചു. അത് കണ്ട് അച്ഛൻ ആദ്യമേ ഇടപെട്ടു. ''വഴിയിൽ വയ്യാതെ കിടന്ന പൂച്ചയാ. അഭിക്ക് അതിനെ കൊണ്ടുവരണമെന്ന് വാശി. പാവല്ലേ അവന്റെ മനസ്സ് അത്രയും ആർദ്രമായത് കൊണ്ടല്ലേ. ഈ കാലത്ത് ഇങ്ങനത്തെ കുഞ്ഞുങ്ങള് കാണാൻ കിട്ടില്ല.''

''എന്ത് ചിന്തിച്ചോണ്ടാ, വല്ല പേയും പിടിച്ചതാണോന്നു ആർക്കറിയാം.''

''ഏതോ വീട്ടിൽ വളർന്ന പേർഷ്യൻ ക്യാറ്റാ. വയ്യാണ്ടായപ്പോൾ കൊണ്ട് കളഞ്ഞതാ.എഴെട്ടുവയസ്സുണ്ടെന്നാണ് ഡോക്ടർ പറഞ്ഞത്. ഇൻജക്ഷനൊക്കെ എടുത്തു കാണും.''

''എന്തോ ആയിക്കോ. എനിക്ക് ഇതിനൊന്നും സമയമില്ല. എല്ലാം അച്ഛനും മോനും കൂടി നോക്കിക്കോണം.''

അമ്മ പറഞ്ഞു.

‘‘അതിന്ന് തന്നെ ചാവും. ഇവനെ സങ്കേടപ്പെടുത്തണ്ടാന്ന് വിചാരിച്ചല്ലേ.’’ അമ്മയോട് അഭി കേൾക്കാതെ അച്ഛൻ പറഞ്ഞു.

രാത്രി ഒരു കാർഡ് ബോഡ്പെട്ടിക്കുള്ളിലാക്കി കുഞ്ഞിയെ അച്ഛൻ സംരക്ഷിച്ചു. രാവിലെ അച്ഛൻ ഉണർന്നയുടനെ പെട്ടി വച്ചിരുന്ന വർക്ക് ഏരിയയിലേക്ക് പോയി നോക്കി. അവിടെ അഭി സന്തോഷത്തോടെ പെട്ടിക്കുള്ളിലേക്ക് നോക്കി നിൽപ്പുണ്ട്. അച്ഛനെ കണ്ടതും അഭിക്ക് ഉത്സാഹം കൂടി. ‘‘അച്ഛാ നോക്കിയേ അത് എണീറ്റിരിക്കുന്നു.’’

അച്ഛൻ നോക്കിയപ്പോൾ അത് ശരിയായിരുന്നു. അച്ഛനെ കണ്ടതും കുഞ്ഞി വളരെ പതിയെ കരഞ്ഞു. അച്ഛന് കുറച്ച് നിരാശ വന്നു. ‘ഇനി ഇതിനെ നോക്കണമല്ലോ.’ അച്ഛന് പിണഞ്ഞ അബദ്ധത്തിൽ അമ്മ ഊറിച്ചിരിച്ചു.

പതുക്കെ പതുക്കെ കുഞ്ഞിക്ക് സുഖമായി. അവൾക്ക് അമ്മയാണ് കുഞ്ഞിയെന്ന് പേരിട്ടത്. വെളുപ്പിന് അടുക്കളയിൽ വച്ച് മുട്ടിയുരുമ്മി വർത്തമാനം പറഞ്ഞ് കുഞ്ഞി അമ്മയെ പാട്ടിലാക്കി. അച്ഛന്റെ പത്രവായനയെ അലോസരപ്പെടുത്തിക്കൊണ്ട് കുഞ്ഞി മടിയിൽ കയറിക്കിടന്നു. അഭിയുടെ പിന്നാലെ ഓടി അവൾ ചിലപ്പോഴൊക്കെ വശം കെട്ടു.അഭിയ്ക്ക് സമയമുള്ളപ്പോഴാണ് കുഞ്ഞിയെ പെറ്റ്സലൂണിൽ കൊണ്ടുപോകുന്നത്. അവന് അത് വളരെ സന്തോഷമായിരുന്നു.

ഉച്ചയ്ക്ക് വീട്ടിൽ ആരുമില്ലാത്ത നേരങ്ങളിൽ കുഞ്ഞി മതിൽ നൂഴ്ന്ന് അയലത്തേക്ക് ഓടാറുണ്ട്. അങ്ങനെ അവൾക്ക് കുറച്ച് കൂട്ടുകാരെയും കിട്ടി. ഒരു ദിവസം അവളുടെ വയറിന്റെ വലുപ്പം പതിവില്ലാത്തതാണെന്ന് അമ്മയ്ക്ക് തോന്നി. ‘‘വയറു വലുതായത് പോലെ. നീരോമറ്റോ ആണോന്നറിയില്ല. വയ്യാവേലി ആകുന്നേന് മുന്നേ കൊണ്ട് ഡോക്ടറെ കാണിക്ക്.’’അമ്മ അച്ഛനെ ഉപദേശിച്ചു.

അങ്ങനെ അച്ഛൻ കുഞ്ഞിയെ ഷാന്റെ അച്ഛനെ കാണിച്ചു. കുഞ്ഞി ഗർഭിണിയാണെന്നു അങ്ങനെയാണ് അറിഞ്ഞത്. കുഞ്ഞിക്ക് പിന്നങ്ങോട്ട് പ്രത്യേക കെയറിങ് ആയിരുന്നു. പ്രസവം അടുക്കെ കുഞ്ഞി ക്ഷീണിച്ചു തുടങ്ങി. പഴയപോലെ ഓട്ടവും ചാട്ടവുമില്ല. ഏതെങ്കിലും ഒരുമൂലയിൽ ചുരുണ്ടു കൂടിക്കിടക്കും. ഡോക്ടർ എപ്പോഴും കുഞ്ഞിക്ക് വിളർച്ചയാണെന്ന് കണ്ടുപിടിച്ചു. വിലകൂടിയ മരുന്നുകൾ, ഫുഡ് സപ്ലിമെന്റുകൾ എല്ലാം കൊടുത്തിട്ടും വലിയ മാറ്റമൊന്നുമില്ല. പ്രസവം രണ്ടു ദിവസത്തിനകം ഉണ്ടാകുമെന്ന് ഡോക്ടർ പറഞ്ഞു. രണ്ടാം ദിവസം തിങ്കളാഴ്ചയായതുകൊണ്ട് എല്ലാവരും തിരക്കിലായി. അഭി സ്കൂളിൽ പോകാൻ മടിച്ചു. ക്ലാസ്സ് ടെസ്റ്റ് ഉള്ളതുകൊണ്ട് പോകണമെന്നു അമ്മ നിർബന്ധം പിടിച്ചു.

അമ്മക്ക് അത്യാവശ്യമായി ജോലിക്ക് പോണം. ഉച്ചയ്ക്ക് ശേഷം ലീവ് പറഞ്ഞു. പഞ്ചായത്ത് ഉദ്യോഗസ്ഥനായ അച്ഛൻ രാവിലേ പോയി.

സ്കൂളിൽ അഭി വല്ലാതെ അസ്വസ്ഥനായിരുന്നു. എങ്ങനെയാണു വൈകുന്നേരം വരെ അവൻ സ്കൂളിൽ ഇരുന്നതെന്ന് അറിയില്ല. സ്കൂൾ ബസ്സിൽ നിന്നും ഇറങ്ങി അവൻ നേരെ പാഞ്ഞത് കുഞ്ഞി കിടന്ന മുറിയിലേക്കായിരുന്നു. മുറിക്കുള്ളിൽ കുഞ്ഞിയെ കണ്ടില്ല. അഭിയുടെ നെഞ്ച് പിടഞ്ഞു. ‘അമ്മേ’ എന്ന് നിലവിളിച്ച് കൊണ്ട് പിന്തിരിഞ്ഞ് നോക്കുമ്പോൾ അമ്മ നെഞ്ചോട് ചേർത്ത് കുഞ്ഞിയെ പിടിച്ചിരിക്കുന്നു. കയ്യിൽ ഒരു ബാസ്ക്കറ്റിൽ കണ്ണുതുറക്കാത്ത മൂന്ന് പൂച്ചക്കുഞ്ഞുങ്ങൾ സുഖമായി ഉറങ്ങുന്നു.

തുളുമ്പിനിന്ന അഭിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൻ ഓടിവന്ന് കുഞ്ഞിയെ തഴുകി. കുഞ്ഞി സ്നേഹത്തോടെ കരഞ്ഞു. അഭി തുള്ളിച്ചാടി. ബാസ്ക്കറ്റിലെ കുഞ്ഞുങ്ങളെ അരുമയോടെ കയ്യിലെടുത്തു. ഒരാൾ കുഞ്ഞിയെ പോലെയായിരുന്നു. മറ്റൊന്ന് അപ്പുറത്തെ വീട്ടിൽ കണ്ടിട്ടുള്ള കണ്ടൻ പൂച്ചയെ പോലെയും ഇനിയൊരാൾ ഇവരാരെപ്പോലെയുമല്ല. അഭിയുടെ ആനന്ദം ആ വീടാകെ നിറഞ്ഞു.


വര: പി ജി ബാലകൃഷ്ണൻ



# കുഞ്ഞുഭാഷ

**സതീശൻ മോറായി**

കാക്കേ... കാക്കേ... അമ്മ വിളിച്ചു
കാറ്റേ.... കാറ്റേ... കുഞ്ഞു മൊഴിഞ്ഞു
പൂച്ചേ...മ്യാവൂ...അമ്മ വിളിച്ചു
പൂത്തേ...മാവൂ... കുഞ്ഞു മൊഴിഞ്ഞു

ഇത്തിരി വറ്റുകുഴച്ചുകൊടുക്കെ
അമ്മ പറഞ്ഞു കോഴിവരുന്നേ
ചോറുതരില്ലേ... കൊക്കരക്കോഴീ
ചോറുതരില്ലേ... മ്യാവൂപ്പൂച്ചേ
ചോറുതരില്ലേ... അമ്പപ്പയ്യേ
പുന്നാരക്കു കഴിക്കാനാണേ...

കാറ്റത്തുലയും മാവിൻ കൊമ്പിൽ
കാക്കയിരുന്നു വിരുന്നു വിളിച്ചു
വലിയ തിരക്കുകളുണ്ടെന്നാലും
ഭൗ... ഭൗ... എന്നൊരു നായകുരച്ചു
ഭാഷകൾ പലവിധമെങ്ങും കേൾക്കെ
കുഞ്ഞിക്കൺകൾ നിറഞ്ഞു ചിരിച്ചു.

വര: വെങ്കി

# സന്ധി

**സാബു കോട്ടുക്കൽ**

സന്ധി എന്നാൽ ചേർച്ച എന്നർഥം. അപ്പോൾ എന്തിന്റെ ചേർച്ച എന്ന് ചോദ്യം വരും. ശബ്ദങ്ങളുടെയും പദങ്ങളുടെയും ചേർച്ച എന്നാണുത്തരം. പദം, ശബ്ദം എന്നിവ എന്താണെന്ന് മുൻപ് പറഞ്ഞിട്ടുള്ളത് ഓർക്കുക. പദങ്ങളും ശബ്ദങ്ങളും കൂടിച്ചേരുമ്പോൾ വർണ്ണങ്ങൾക്കുണ്ടാകുന്ന മാറ്റമാണ് സന്ധിയിൽ ചർച്ചചെയ്യുന്നത്.

എന്തിനാണ് ഇപ്രകാരം സന്ധി ചെയ്യുന്നത്? ഉച്ചാരണം എളുപ്പമുള്ളതാക്കാൻ പദങ്ങളെ സന്ധിചെയ്യും. ശബ്ദഭംഗിക്കായും അർഥവ്യക്തതയ്ക്കു വേണ്ടിയും സന്ധി ചെയ്യാറുണ്ട്. താഴെ കൊടുത്തിട്ടുള്ള പദങ്ങൾ ശ്രദ്ധിക്കുക. രണ്ടു പദങ്ങൾ ചേർന്നും പ്രകൃതിയും പ്രത്യയവും ചേർന്നും ഒറ്റപ്പദമായി നിൽക്കുന്നതിന് ഉദാഹരണമാണ്അവയെല്ലാം.

പച്ചരി, തണുപ്പുണ്ട്, വന്നില്ല, പോയില്ല
കരിയില, തിരുവോണം, പോകുക, വിലസിന
വിണ്ടലം, വെണ്ണീർ, നെന്മണി
താമരക്കുളം, വെണ്ണീർ, മടിശ്ശീല, ഓടിപ്പോയി

പച്ചയും അരിയും ചേർന്നാണ് പച്ചരി എന്ന പദം ഉണ്ടായത്. ആ ചേർച്ചമൂലം ഒരു വർണ്ണമാറ്റം സംഭവിച്ചിട്ടുണ്ട്. എന്തുമാറ്റമാണ് അതെന്ന് നോക്കാം. പച്ച എന്ന പദത്തിലും അരി എന്ന പദത്തിലും ആകെയുള്ള വർണ്ണങ്ങൾ ഏതെല്ലാമാണെന്ന് ആദ്യം നോക്കാം. പിന്നീട് പച്ചരി എന്ന പദത്തിലുള്ള വർണ്ണങ്ങളും നോക്കാം. അപ്പോൾ വന്ന വർണ്ണമാറ്റം എന്തെന്ന് വ്യക്തമാകും.

പച്ച എന്ന പദത്തിലെ വർണ്ണങ്ങൾ  പ് + അ + ച് + ച് + അ
അരി എന്ന പദത്തിലെ വർണ്ണങ്ങൾ  അ + ര് + ഇ
പച്ചരി എന്ന പദത്തിലെ വർണ്ണങ്ങൾ  പ് + അ + ച് + ച് + അ+ ര് + ഇ

പച്ചയും അരിയും ചേർന്ന് പച്ചരിയായപ്പോൾ സംഭവിച്ച വർണ്ണമാറ്റം എന്താണ്? പച്ചയിലും അരിയിലുമായി ആകെ മൂന്ന് അകാരം ഉണ്ടായിരുന്നു. എന്നാൽ പച്ചയും അരിയും ചേർന്ന് പച്ചരിയായപ്പോൾ ഒരു അകാരം നഷ്ടമായി. ബാക്കി എല്ലാ വർണ്ണങ്ങളും അവിടെ ഉണ്ട് എന്നും കാണുക. ഇതുപോലെ മറ്റു പദങ്ങളിലും സംഭവിച്ച വർണ്ണമാറ്റം താഴെ പട്ടികയായി കൊടുത്തത് ശ്രദ്ധിക്കുമല്ലോ.

**പട്ടിക**

| | | |
|---|---|---|
| പച്ച + അരി = പച്ചരി | അ | ഒരു വർണ്ണം ഇല്ലാതായി |
| തണുപ്പ് + ഉണ്ട് = തണുപ്പുണ്ട് | ഉ് | |
| വന്നു + ഇല്ല = വന്നില്ല | ഉ | |
| പോയി + ഇല്ല = പോയില്ല | ഇ | |
| കരി + ഇല = കരിയില | യ് | ഒരു വർണ്ണം അധികമായി വന്നു |
| തിരു + ഓണം = തിരുവോണം | വ് | |
| പോ + ഉക = പോകുക | ക് | |
| വിലസി + അ = വിലസിന | ന് | |
| വിൺ + തലം = വിണ്ടലം | ത് - ട് | ഒരു വർണ്ണം പോയി മറ്റൊന്ന് വന്നു |
| വെൺ + നീർ = വെണ്ണീർ | ന് - ണ് | |
| നെൽ + മണി = നെന്മണി | ൽ - ന | |
| താമര + കുളം = താമരക്കുളം | ക് - ക്ക് | ഒരു വർണ്ണം ഇരട്ടിച്ചു |
| പച്ച + ചീര = പച്ചച്ചീര | ച് - ച്ച് | |
| മടി + ശീല = മടിശ്ശീല | ശ് - ശ്ശ് | |
| ഓടി + പോയി = ഓടിപ്പോയി | പ് - പ്പ് | |

# ചവിട്ടിനിന്ന മണ്ണ്

**ഹരീഷ് ആർ നമ്പൂതിരിപ്പാട്**

"അമ്മൂ, നമ്മൾ പുതിയ വീടു പണിയാൻ പോവുകയാണ്?" അപ്പു ആവേശത്തോടെ പറഞ്ഞു.

"എവിടെ?എവിടെയാണ് നമ്മൾ വീട് പണിയുന്നത്?" അമ്മുവിന് അത്ഭുതമായി.

"കിഴക്കേ മ്യാൽക്കണ്ടത്തിൽ."

"ഏത്! ഞാറുനടുന്ന കണ്ടത്തിലോ, അത് നികത്താൻ പോവുകയാണോ?" അമ്മു കണ്ണുമിഴിച്ചുകൊണ്ട് ചോദിച്ചു.

"ചോറ് ലഭിക്കുവാനായി നമ്മൾ ഞാറുവളർത്തുന്ന കണ്ടമല്ലേ."

"പാടം നികത്തി പണിഞ്ഞിടുന്ന വീടാണോ കഷ്ടം! ഹാ കഷ്ടംതന്നെ."

"അല്ലെങ്കിൽപ്പിന്നെ ആ കുന്ന് ഇടിച്ചുനിരത്തി അവിടെ വേണം പണിയാൻ. അത് അതിലും ഭേദമല്ലേ?" അമ്മ



വര: സുധീർ പി വൈ

ചോദിച്ചു.

''എങ്കിൽ അതാ, ഭേദം അവിടെ കൃഷിയൊന്നുമില്ലല്ലോ.''അപ്പു ചാടിപ്പറഞ്ഞു.

''അയ്യോ അതു മരുന്നു മലയാണ് മോനേ, അവിടെ വിളയാത്ത ഔഷധ സസ്യങ്ങളില്ല. നാട്ടിലൊരിടത്തും കിട്ടാത്ത വില പിടിപ്പുള്ള മരുന്നുകളും പലതരം ചെടികളും നിറഞ്ഞ ജൈവകേന്ദ്രമാണത്. നട്ടുവളർത്തി നനച്ചുണ്ടാക്കുന്നതിന്റെ നാലിരട്ടി വിളവ് അവിടെ തന്നത്താനുണ്ടാവും. അത്രയ്ക്ക് നല്ല മണ്ണാണ്.'' മുത്തശ്ശന് തൊണ്ടയിടറി.

''കുന്ന് നിരത്തി, ആ മണ്ണുകൊണ്ട് പാടവും നികത്താം. അപ്പോൾ മൊത്തം വലിയ പ്ലോട്ടുകൾ കിട്ടും. അത് കൊടുത്തു കിട്ടുന്ന പണംകൊണ്ട് ഗംഭീര വീട് പണിയാം. പണത്തിനായി വേറെ വഴി തേടേണ്ട.'' കുഞ്ഞുങ്ങളുടെ അമ്മാവനാണ് മറുപടി നൽകിയത്. അദ്ദേഹം നല്ലൊരു കോൺട്രാക്ടറാണ്. അത്യാവശ്യം പ്ലാനുകളും പദ്ധതികളും തയ്യാറാക്കാനുള്ള കഴിവുണ്ട്.

''രാജേഷ് നീ, പറയുന്നതുപോലെ നടത്തുന്നത് ശരിയല്ലെന്നാണ് എന്റെ പക്ഷം. കുന്നും കുളവും പാടവും പറമ്പും ഒരേ നിരപ്പാക്കുകയല്ലേ? എല്ലാം നിരപ്പാക്കിയാണ് നിങ്ങൾക്ക് ശീലമെന്ന് തോന്നുന്നു.''

''അതല്ല ഞാൻ നല്ലൊരു പദ്ധതി പറഞ്ഞെന്നു മാത്രം.''

''അവൻ പറഞ്ഞത് നല്ല കാര്യമല്ലേ അച്ഛാ?'' അമ്മ മുത്തശ്ശനെ തിരുത്തി.

''അവനു നല്ലതായി തോന്നുന്നുണ്ടാവും. എനിക്കതത്ര നന്നായി തോന്നിയില്ല. അതല്ലേ, രാഗിണി വിളിച്ചിട്ട് ഞാൻ പോവാത്തത്? മണ്ണ് തൊടാത്ത ഫ്ളാറ്റിൽ കഴിഞ്ഞാൽ ശ്വാസം മുട്ടി മരിച്ചുപോകും.''

''അത് ശരിയാ, ഞാൻ പോയിനിന്നതെങ്ങനെയാണെന്ന് എനിക്കും ഈശ്വരനും മാത്രമേ അറിയൂ.''മുത്തശ്ശി ആവേശം പൂണ്ടു.

''എന്താ, ഞാനറിയാതെ ഇവിടൊരു ഗൂഢാലോചന?'' അപ്പോഴേക്കും അച്ഛൻ ഓഫീസ് വിട്ട് വന്നു.

''അല്ല ചേട്ടാ, പ്ലോട്ട് തിരിച്ച് വീട് പണിയുന്ന കാര്യം പറയുകയായിരുന്നു.'' രാജേഷ് അളിയനോട് പറഞ്ഞു.

''തൽക്കാലം അതൊന്നും വേണ്ട. കുറച്ചു ദിവസം നമുക്ക് ഒരു വാടക വീട്ടിൽ കഴിയേണ്ടി വരുമെന്നുമാത്രം. ഈ വീട് പൂർണമായും പൊളിച്ചു പണിയാം. അതേ, പറ്റുകയുള്ളൂ. പൊളിക്കുമ്പോഴും അതിൽ നിന്ന് എടുക്കാവുന്നതെല്ലാം നമുക്കെടുക്കണം. അതിലെ നന്മകളൊന്നും കളയാതെ പുതിയ വീട്ടിലുപയോഗിക്കണം. അങ്ങനെയാണെങ്കിൽ നീ, ആലോചിച്ചോ. അല്ലെങ്കിൽ ഞാൻ വേറെ ആളെ നോക്കിക്കോളാം.'' അച്ഛന്റെ വാക്കുകളിൽ ഗൃഹാതുരത്വവും നന്മയും നിറഞ്ഞിരുന്നു.

''ചേട്ടനതാണ് ഇഷ്ടമെങ്കിൽ നമുക്ക് അങ്ങനെ നോക്കാം.''

''ഞാനൊന്നും പറയുന്നില്ല.'' അകത്തേക്കുപോയി.

''ചവിട്ടിനിന്നു കളിച്ചുവളർന്ന മണ്ണ് നശിപ്പിക്കാൻ എനിക്ക് വയ്യ. ഞാനേ, ഈ കർഷകന്റെ മകനാ, ചേറിൽ വിളഞ്ഞ ചോറുണ്ട് വളർന്നവനാ. എനിക്കിങ്ങനെയേ പറ്റൂ.''

''മോനേ..!'' എന്ന് നീട്ടിവിളിച്ചുകൊണ്ട് മുത്തശ്ശൻ അച്ഛന്റെ തോളിൽ തലോടി. മുത്തശ്ശിയും തേങ്ങുകയായിരുന്നു. അച്ഛന്റെ തീരുമാനം കേട്ട് കുഞ്ഞുങ്ങൾ ആവേശത്തോടെ തുള്ളിച്ചാടി.






# ചരിത്രം കുറിച്ച് ശുഭാംശു ശുക്ല

## സീമ ശ്രീലയം

*“നമസ്ക്കാരം എന്റെ പ്രിയപ്പെട്ട ഇന്ത്യക്കാരേ, എത്ര അതിശയകരമാണീ യാത്ര!”* ആക്സിയം4 മിഷന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശനിലയത്തിലെത്തി ഇന്ത്യയുടെ അഭിമാനം വാനോളമുയർത്തിയ ശുഭാംശു ശുക്ലയുടെ വാക്കുകളാണിത്. ബഹിരാകാശത്തു നിന്നു നോക്കുമ്പോൾ അതിരുകളില്ലാത്ത ലോകമാണ് താൻ കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. രാകേഷ് ശർമ്മയ്ക്ക് ശേഷം ബഹിരാകാശ യാത്ര നടത്തുന്ന ഇന്ത്യക്കാരൻ, അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരൻ, ഏറ്റവും കൂടുതൽ സമയം ബഹിരാകാശത്ത് ചെലവഴിച്ച ഇന്ത്യക്കാരൻ തുടങ്ങിയ റെക്കോഡുകളും ഇപ്പോൾ 39 വയസ്സുകാരനായ ശുഭാംശുവിന് സ്വന്തം. 41 വർഷം മുമ്പ് ആദ്യ ഇന്ത്യൻ ബഹിരാകാശ സഞ്ചാരി രാകേഷ് ശർമ്മ ഇന്ത്യയെ നോക്കിപ്പറഞ്ഞത് ‘സാരേ ജഹാം സേ അഛാ’ എന്നായിരുന്നു. രാകേഷ് ശർമ്മയുടെ ആരാധകനായ ശുഭാംശുവിന് ആക്സിയം ദൗത്യത്തിൽ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളും ലഭിച്ചു. മനുഷ്യനെ ബഹിരാകാശത്തേക്ക് എത്തിക്കാനുള്ള ഇന്ത്യയുടെ ഗഗൻയാൻ ദൗത്യത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നാലു യാത്രികരിൽ ഒരാളും ശുഭാംശു തന്നെ. നാസ, ഐ എസ് ആർ ഒ, സ്പേസ് എക്സ്, ആക്സിയം സ്പേസ് എന്നീ ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങളുടെ സംയുക്ത സംരംഭമായ ആക്സിയം 4 ദൗത്യം ബഹിരാകാശയാത്രയിൽ അന്താരാഷ്ട്ര സഹകരണത്തിന്റെ പുതുചരിത്രം കുറിച്ചിരിക്കുകയാണ്. ആദ്യം 14 ദിവസമാണു ദൗത്യ കാലാവധി കണക്കാക്കിയതെങ്കിലും 18 ദിവസം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ചെലവഴിച്ച ശേഷമാണ് ശുഭാംശുവും സംഘവും തിരിച്ചെത്തിയത്. അറുപതോളം നിർണ്ണായക പരീക്ഷണങ്ങളും നടത്തി. ആകാശഗംഗ എന്നു കൂടി വിളിപ്പേരുള്ള ഈ ദൗത്യത്തിലൂടെ ശുഭാംശു ശുക്ല ഇന്ത്യയുടെ അഭിമാനവും പ്രതീക്ഷകളും വാനോളമുയർത്തി. ആകെ 21 ദിവസത്തോളം നീണ്ട ദൗത്യത്തിൽ ശുഭാശുവും സംഘവും സഞ്ചരിച്ചത് 1.3 കോടി കിലോമീറ്റർ. 310 തവണ ഭൂമിയെ വലംവയ്ക്കുകയും ചെയ്തു.



**ഫൈറ്റർ പൈലറ്റിൽ നിന്നു ബഹിരാകാശ യാത്രികനിലേക്ക്**

1985 ഒക്ടോബർ 10ന് ലഖ്നൗവിൽ ശംഭു ദയാൽ ശുക്ലയുടെയും ആശ ശുക്ലയുടെയും മകനായാണ് ശുഭാംശുവിന്റെ ജനനം. ലഖ്നൗവിലെ സിറ്റി മോണ്ടിസോറി സ്കൂൾ, ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി എന്നിവിടങ്ങളിലെ പഠനത്തിനു ശേഷം ശുഭാംശു നാഷണൽ ഡിഫൻസ് അക്കാദമിയിലേക്ക് (എൻ ഡി എ) പ്രവേശനത്തിനായി അപേക്ഷിച്ച അയച്ചത് വീട്ടുകാർ അറിയാതെ! കാർഗിൽ യുദ്ധസമയത്താണ് ഇന്ത്യൻ സൈന്യത്തിൽ സേവനമനുഷ്ഠിക്കണം എന്ന ആഗ്രഹം ശുഭാംശുവിൽ വളരുന്നത്. എൻഡിഎ യിൽ നിന്ന് 2004ൽ കമ്പ്യൂട്ടർ സയൻസിൽ ബിരുദം നേടി. തുടർന്ന് ഇന്ത്യൻ എയർ ഫോഴ്സ് അക്കാദമിയിൽ ചേർന്നു. 2006ൽ ഇന്ത്യൻ വ്യോമസേനയിൽ ഫൈറ്റർ പൈലറ്റ് ആയി നിയമിതനായി. സുഖോയ് 30 MKI, മിഗ്21, മിഗ്29. ജാഗ്വാർ, ഹോക്ക്, ഡോണിയർ, എ എൻ32 തുടങ്ങി നിരവധി യുദ്ധവിമാനങ്ങളിലായി 2000 മണിക്കൂറിലധികം പറക്കൽ പരിചയമുള്ള അദ്ദേഹം 2024ൽ വ്യോമസേനയിൽ ഗ്രൂപ്പ് ക്യാപ്റ്റൻ ആയി നിയമിതനായി. 2019ലാണ് ISROയിൽ നിന്നും ഇന്ത്യൻ സ്പേസ് ഫ്ളൈറ്റ് പ്രോഗ്രാമിലേക്ക് ഷോർട്ട് ലിസ്റ്റ് ചെയ്തുകൊണ്ടുള്ള ആ സ്വപ്ന സമാനമായ അറിയിപ്പ് ശുഭാംശുവിന് ലഭിക്കുന്നത്. തുടർന്ന് 2020ൽ മോസ്ക്കോയിലെ യൂറി ഗഗാറിൻ കോസ്മോനോട്ട് ട്രെയിനിങ് സെന്ററിൽ ഒരു വർഷം നീണ്ട കഠിന പരിശീലനം. തുടർന്ന് ബംഗളൂരുവിലെ ISRO യുടെ ആസ്ട്രോനോട്ട് പരിശീലന കേന്ദ്രത്തിൽ മൈക്രോ ഗ്രാവിറ്റി പരിശീലനം. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിൽ നിന്ന് എയ്റോസ്പേസ് എഞ്ചിനീയറിങ്ങിൽ എംടെക്കും നേടി. ഇന്ത്യയുടെ ഗഗൻയാൻ ദൗത്യത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതായി 2024ൽ ഔദ്യോഗിക പ്രഖ്യാപനവും വന്നു.

**ആക്സിയം ദൗത്യവും സഞ്ചാരികളും**

ഗഗൻയാൻ ദൗത്യത്തിനു മുന്നേ ആക്സിയം 4 മിഷൻ ദൗത്യത്തിന്റെ മിഷൻ പൈലറ്റ് എന്ന സുവർണാവസരമാണ് ശുഭാംശുവിനെ തേടിയെത്തിയത്. 1984ലെ രാകേഷ് ശർമ്മയുടെ യാത്രയ്ക്കു ശേഷം വീണ്ടും ഒരു ഇന്ത്യക്കാരന്റെ ബഹിരാകാശ യാത്രയെന്ന സ്വപ്നസാക്ഷാൽക്കാരത്തിനായി രാജ്യം കാത്തിരിക്കുകയായിരുന്നു. അറുപത്തിയഞ്ചുകാരിയായ പെഗ്ഗീ വിറ്റ്സൺ (യു എസ്) കമാൻഡർ ആയ യാത്രാ സംഘത്തിൽ ശുഭാംശുവിനൊപ്പം സ്ലാവോസ് വിസ്നീവ്സ്കി



Axiom 4.
Photos: Wikimedia Commons,
AXIOM SPACE

(പോളണ്ട്), ടിബോർകാപു (ഹംഗറി) എന്നിവരായിരുന്നു മറ്റു സഹയാത്രികർ. പെഗ്ഗി വിറ്റ്സന്റെ അഞ്ചാമത്തെയും ബാക്കിമൂന്നു പേരുടെയും ആദ്യത്തെയും ബഹിരാകാശ യാത്രയാണിത്. 2024ൽ കാലിഫോർണിയയിൽ സ്പേസ് എക്സ് ഡ്രാഗൺ ക്രൂ പരിശീലനം നേടിയ ശേഷം ശുഭാംശു നാസയുടെ ജോൺസൺ സ്പേസ് സെന്ററിൽ പരിശീലനം തുടർന്നു. എന്തെങ്കിലും കാരണവശാൽ അദ്ദേഹത്തിന് യാത്ര ചെയ്യാൻ കഴിയാതെ വന്നാൽ പകരക്കാരനായി പാലക്കാട്ടുകാരനായ പ്രശാന്ത് ബാലകൃഷ്ണൻ നായരെ തയ്യാറാക്കി നിർത്തിയിരുന്നു. ഫാൽക്കൺ9 റോക്കറ്റിലെ ദ്രവ ഓക്സിജൻ ചോർച്ചയുണ്ടാക്കിയ സാങ്കേതിക പ്രശ്നങ്ങളെത്തുടർന്ന് ആറു തവണ ദൗത്യം മാറ്റിവയ്ക്കേണ്ടി വന്നെങ്കിലും ജൂൺ 25ന് ആ ചരിത്രപ്പറക്കൽ യാഥാർഥ്യമാവുക തന്നെ ചെയ്തു.

**അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ആദ്യ ഇന്ത്യക്കാരൻ**

2025 ജൂൺ25 നാണ് നാലു ബഹിരാകാശ സഞ്ചാരികളെ വഹിക്കുന്ന സ്പേസ് എക്സിന്റെ ഡ്രാഗൺ സി 213 പേടകവുമായി ഫാൽക്കൺ9 ബ്ലോക്ക്5 റോക്കറ്റ് ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിലെ 39 എ ലോഞ്ച് കോംപ്ലക്സിൽ നിന്നും കുതിച്ചുയർന്നത്. വിക്ഷേപണശേഷം ഭൂമിയെ വലം വയ്ക്കുന്ന പേടകത്തിന്റെ ഭ്രമണപഥം പടിപടിയായി ഉയർത്തി ബഹിരാകാശനിലയത്തിനു സമീപം എത്തിക്കുക എന്ന സങ്കീർണ ഘട്ടത്തിന്റെ പ്രധാന ചുമതല മിഷൻ പൈലറ്റ് ആയ ശുഭാംശുവിനായിരുന്നു. 28 മണിക്കൂർ കൊണ്ടാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തിയത്. ജൂൺ 27ന് ഇന്ത്യൻ സമയം വൈകിട്ട് നാലേ കാലോടെയാണ് സ്പേസ് എക്സ് ഡ്രാഗൺ പേടകം

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ ഹാർമണി സെനിത്ത് കവാടവുമായി ബന്ധിപ്പിക്കുന്ന ഡോക്കിങ് പൂർത്തിയായത്. ആശയവിനിമയ, ഊർജ്ജവിനിമയ സൗകര്യങ്ങൾ പ്രവർത്തനസജ്ജമാക്കൽ ആയിരുന്നു അടുത്ത പടി. തുടർന്ന് 6.10 ഓടെ ദൗത്യ കമാൻഡർ ആയ പെഗ്ഗി വിറ്റ്സൺ ആദ്യം ബഹിരാകാശ നിലയത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് ശുഭാംശു നിലയത്തിലേക്ക് പ്രവേശിച്ചത് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ആദ്യ ഇന്ത്യക്കാരൻ എന്ന റെക്കോഡ് സ്വന്തമാക്കിക്കൊണ്ടാണ്. നാലു യാത്രികരെയും ബഹിരാകാശ നിലയത്തിൽ ഇപ്പോഴുള്ള ഏഴു പേർ ഹാർദ്ദമായി വരവേറ്റത് ലോകത്തിന് ആഹ്ലാദക്കാഴ്ചയായി. അങ്ങനെ ബഹിരാകാശ നിലയത്തിൽ ശുഭാംശു ക്രൂ നമ്പർ 634 ആയി. ഭാരമില്ലായ്മ അനുഭവപ്പെടുന്ന നിലയത്തിൽ നടക്കാൻ പഠിക്കുന്ന ഒരു കുഞ്ഞിനെപ്പോലെയാണു താൻ എന്നാണ് ശുഭാംശു ശുക്ല പറഞ്ഞത്. ഭൂമിയിൽ നിന്ന് 400 കിലോമീറ്റർ ഉയരത്തിൽ സെക്കന്റിൽ എട്ടു കിലോമീറ്റർ വേഗതയിൽ സഞ്ചരിക്കുന്ന നിലയത്തിൽ യാത്രികർക്ക് ദിവസം 16 സൂര്യോദയങ്ങൾ കാണാം! വലിയ സ്വപ്നങ്ങൾ കാണണം, അതിനായി പരിശ്രമിച്ചുകൊണ്ടേയിരിക്കണം എന്നാണ് യുവതലമുറയോടുള്ള അദ്ദേഹത്തിന്റെ സന്ദേശം.



## വിസ്മയ പരീക്ഷണങ്ങൾ, നൂതന സാധ്യതകൾ

പതിനെട്ട് ദിവസമാണ് ശുഭാംശു ശുക്ലയും മറ്റു മൂന്നു യാത്രികരും ബഹിരാകാശനിലയത്തിൽ തങ്ങിയത്. ഇക്കാലയളവിൽ അറുപതു പരീക്ഷണങ്ങളിൽ പങ്കാളിയായി. ഇതിൽ ഏഴെണ്ണം ഐ എസ് ആർ ഒ യുടെ വകയാണ്. മനുഷ്യ ശരീരത്തിലെ മാറ്റങ്ങൾ, കൃഷി, കമ്പ്യൂട്ടർ, സൂക്ഷ്മജീവികൾ എന്നിവയൊക്കെ ഉൾപ്പെടുന്ന പഠനങ്ങൾ ഇന്ത്യയുടെ ഗഗൻയാൻ ഉൾപ്പെടെയുള്ള ഭാവി ദൗത്യങ്ങൾക്ക് ഏറെ പ്രയോജനകരമാവും. മൈക്രോ ഗ്രാവിറ്റിയിൽ മസിലുകളുടെ പുനരുജ്ജീവനത്തിൽ മെറ്റബോളിക് സപ്ലിമെന്റുകളുടെ സ്വാധീനം സംബന്ധിച്ച പഠനം പേശീസംബന്ധമായ പ്രശ്നങ്ങളിലേക്ക് വെളിച്ചം വീശാനും നൂതന വിത്തുകോശ ചികിത്സ പോലുള്ള സാധ്യതകൾ വികസിപ്പിക്കാനും സഹായകമാവും. ബഹിരാകാശത്ത് പേശികൾക്കും അസ്ഥികൾക്കും സംഭവിക്കുന്ന മാറ്റങ്ങൾ, ശരീരത്തിന്റെ സന്തുലനാവസ്ഥ, രക്തചംക്രമണം, പ്രതിരോധശക്തി, രക്തത്തിലെ ഗ്ലൂക്കോസ് നില, തലച്ചോറിന്റെ പ്രവർത്തനങ്ങൾ, കാഴ്ച, മാനസികവും വൈകാരികവുമായ മാറ്റങ്ങൾ എന്നിവയൊക്കെ സംബന്ധിച്ച വിലപ്പെട്ട അറിവുകൾ ഭാവി ദൗത്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കും എന്നുറപ്പ്. മൈക്രോഗ്രാവിറ്റിയിൽ ഭക്ഷ്യയോഗ്യമായ മൈക്രോ ആൽഗകളുടെ വികാസം, വികിരണങ്ങളോടുള്ള അവയുടെ പ്രതികരണം എന്നിവ സംബന്ധിച്ച പരീക്ഷണം, ചെറുപയർ, ഉലുവ എന്നിവയുടെ പരീക്ഷണ കൃഷി, വിവിധ വിത്തുകൾക്ക് ബഹിരാകാശത്ത് സംഭവിക്കുന്ന മാറ്റങ്ങൾ സംബന്ധിച്ച പഠനങ്ങൾ എന്നിവയൊക്കെ ആകാംക്ഷയോടെയാണ് ലോകം നോക്കിക്കണ്ടത്. ഉമ, ജ്യോതി എന്നീ നെൽ വിത്തുകൾ, തിലകാര എന്ന എള്ളുവിത്ത്, പയർ, തക്കാളി, വഴുതന വിത്തുകൾ എന്നിങ്ങനെ വെള്ളായണി കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള വിത്തുകളും ഇതിൽപ്പെടുന്നു. ബഹിരാകാശത്തെ ഡിസ്പ്ലേ സ്ക്രീൻ ഉപയോഗം സംബന്ധിച്ചും പഠനങ്ങൾ നടന്നു. അതീവ ദുഷ്കര സാഹചര്യങ്ങളെയും അതിജീവിക്കുന്ന ടാർഡിഗ്രേഡുകൾ എന്ന സൂക്ഷ്മ ജീവിക



ളുടെ ബഹിരാകാശത്തെ വളർച്ച, അതിജീവനം, മൈക്രോഗ്രാവിറ്റിയിൽ സയനോബാക്റ്റീരിയയുടെ വളർച്ച തുടങ്ങിയ പരീക്ഷണങ്ങൾ എന്തൊക്കെ നൂതന സാധ്യതകളിലേക്ക് വഴിതുറക്കുമെന്നറിയാൻ കൺതുറന്നിരിക്കുകയാണ് ശാസ്ത്രലോകം.

**തിരികെ ഭൂമിയിലേക്ക്**

'ഇന്നും ഭാരതം സാരേ ജഹാംസെ അച്ഛാ' എന്നാണ് രാകേഷ് ശർമ്മയുടെ വാക്കുകൾ കടമെടുത്തുകൊണ്ട് ശുഭാംശു പറഞ്ഞത്. 18 ദിവസത്തെ ബഹിരാകാശ നിലയ വാസത്തിനുശേഷം ജൂലൈ 14ന് ബഹിരാകാശ നിലയത്തിൽ നിന്ന് യാത്രികർ പേടകത്തിലേക്ക് പ്രവേശിച്ചു. നിലയത്തിൽ നിന്ന് പേടകം വേർപെടുത്തുന്ന അൺഡോക്കിങ് പ്രക്രിയ ഇന്ത്യൻ സമയം വൈകിട്ട് 4.35 ഓടെ പൂർത്തിയാക്കി ഭൂമിയിലേക്ക് യാത്ര തിരിച്ചു. ഭൂമിയെ ചുറ്റിക്കറങ്ങി കൃത്യമായ ഘട്ടങ്ങളിൽ ഉയരം കുറച്ചു കുറച്ചു കൊണ്ടുവന്ന് ഡീ ഓർബിറ്റ് ഘട്ടമൊക്കെ ഉൾപ്പെടുന്ന സങ്കീർണ്ണ യാത്രയാണിത്. അന്തരീക്ഷ ഘർഷണവും പുന:പ്രവേശന സമയത്തെ ഉയർന്ന താപനിലയുമൊക്കെ അതിജീവിച്ച് വേണം ഭൂമിയിൽ ഇറങ്ങാൻ. പേടകത്തിനു സംരക്ഷണമേകാനായി താപകവചമുണ്ട്. അങ്ങനെ ജൂലൈ 15 ന് വൈകിട്ട് 3.03 മണിയോടെ ആക്സിയം ദൗത്യസംഘത്തെ വഹിക്കുന്ന ഡ്രാഗൺ പേടകം പാരഷൂട്ടിൽ തെക്കൻ കാലിഫോർണിയ തീരത്തിനടുത്ത് പസിഫിക് സമുദ്രത്തിൽ സുരക്ഷിതമായി സ്പ്ലാഷ് ഡൗൺ ചെയ്തു. തുടർന്ന് സ്പേസ് എക്സിന്റെ റിക്കവറി ടീം പേടകം കപ്പലിൽ കയറ്റി യാത്രികരെ കരയിലെത്തിച്ചു. അതിനുശേഷം അവർ പുറത്തിറങ്ങുകയും ഭൂമിയുടെ ഗുരുത്വാകർഷണവുമായി പൊരുത്തപ്പെടാനായി ഏഴു ദിവസത്തെ ക്വാറന്റൈനിലേക്കു പ്രവേശിക്കുകയും ചെയ്തു.

**ഭാവി ദൗത്യങ്ങൾക്ക് പുതിയ ഊർജ്ജം**

ഏതാണ്ട് 550 കോടി രൂപയാണ് ശുഭാംശുവിന്റെ യാത്രയ്ക്കായി ഐഎസ്ആർഒ ചെലവഴിച്ചത്. ഈ യാത്രയിൽ നിന്നുള്ള വിലപ്പെട്ട അറിവുകൾ നമ്മുടെ ഭാവി പദ്ധതികൾക്ക് ഇന്ധനമാവും. ഗഗൻയാൻ ദൗത്യത്തിന്റെ ആളില്ലാ ദൗത്യം ഈ വർഷവും വ്യോമമിത്ര എന്ന ഹ്യൂമനോയ്ഡ് റോബോട്ടിനെയും വഹിച്ചുകൊണ്ടുള്ള ദൗത്യം അടുത്ത വർഷവും ഉണ്ടാവും. 2027ൽ മനുഷ്യനെയും വഹിച്ചുകൊണ്ട് 400 കിലോമീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിലേക്ക് കുതിക്കുകയാണ് തുടർന്നുള്ള ലക്ഷ്യം. ബഹിരാകാശത്തെ അന്താരാഷ്ട്ര സഹകരണത്തിനും നിരവധി സംയുക്ത ദൗത്യങ്ങൾക്കും വഴിയൊരുക്കിയ അന്താരാഷ്ട്ര ബഹിരാകാശ നിലയം പ്രവർത്തനക്ഷമം അല്ലാതായാൽ പിന്നെ നമുക്ക് സ്വന്തമായി ബഹിരാകാശ നിലയം ആവശ്യമായി വരും. 2035 ഓടെ ഇന്ത്യ യാഥാർഥ്യമാക്കാൻ ഉദ്ദേശിക്കുന്ന ഭാരതീയ അന്തരീക്ഷ് സ്റ്റേഷൻ എന്ന ബഹിരാകാശ നിലയം, 2040ഓടെ മനുഷ്യനെ ചന്ദ്രനിൽ ഇറക്കാനുള്ള പദ്ധതി എന്നിവയ്ക്കൊക്കെ ശുഭാംശുവിന്റെ യാത്ര കരുത്തു പകരും.

സോവിയറ്റ് യൂണിയന്റെ സോയൂസ് ടി11 പേടകത്തിലേറി 1984 ഏപ്രിൽ 3 ന് ബഹിരാകാശത്തേക്ക് കുതിച്ച രാകേഷ് ശർമ്മ 7 ദിവസമാണ് റഷ്യൻ സ്പേസ് സ്റ്റേഷൻ ആയ സല്യൂട്ട്7 ൽ ചെലവഴിച്ചത്. കല്പന ചൗള, സുനിതാ വില്യംസ്, രാജാ ചാരി തുടങ്ങിയ ഇന്ത്യൻ വംശജരും ബഹിരാകാശ നിലയത്തിലേക്ക് യാത്ര നടത്തി ചരിത്രം കുറിച്ചവരാണ്. ഒരു ജനതയുടെ മുഴുവൻ പ്രതീക്ഷകളും സ്വപ്നങ്ങളും വഹിച്ചുകൊണ്ട് ബഹിരാകാശത്തേക്ക് കുതിച്ച ശുഭാംശുവിന്റെ വിജയഗാഥ ബഹിരാകാശ രംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന യുവതലമുറയ്ക്ക് വലിയ പ്രചോദനമാണ്. കാമ്ന മിശ്രയാണ് ശുഭാംശുവിന്റെ ഭാര്യ. മകൻ സിദ്.





# ഡോക്കിംഗ്

**രേഖ ആർ.താങ്കൾ**

ഉത്സവം ഷൂട്ട് ചെയ്യാൻ വന്ന സ്വകാര്യ ചാനലുകാർ പറത്തിവിട്ട ഡ്രോൺ ക്യാമറയ്ക്കൊപ്പമാണ് ഓടിത്തുടങ്ങിയത്. എഴുന്നള്ളിച്ച് നിർത്തിയ ആനയുടെ മുന്നിൽ കൈകൂപ്പി നിൽക്കാൻ അമ്മ പറഞ്ഞതനുസരിച്ച് നിന്നപ്പോഴാണ് ആകാശത്തിനു വളരെ താഴെ നക്ഷത്രക്കണ്ണുകൾ ചിമ്മുന്നത് കണ്ടത്. പിന്നെ ഒറ്റയോട്ടമായിരുന്നു. എവിടെ വച്ചാണ് ഡ്രോണിനെ പിന്നിലാക്കിയതെന്ന് അറിയില്ല. പാടങ്ങളും നഗരങ്ങളും കടന്നു. ചോലകൾ ചാടിക്കടന്നു. നദിയുടെ അക്കരെയിക്കരെ പറന്നു. നഗരത്തിലെത്തിയപ്പോൾ ഒരു രണ്ടുനില ബസ് പോകുന്നത് കണ്ടു. പറക്കുന്നതിനിടയിൽ ഇടയ്ക്ക് താഴേക്ക് നോക്കിയപ്പോൾ മരുഭൂമി കണ്ടു. ആടുജീവിതത്തിൽ ഹക്കീമണ്ണൻ മണ്ണുവാരിക്കുടിച്ച് പ്രാണ വേദനയോടെ പുളഞ്ഞ മരുഭൂമി. പെരിയോനേ... എന്ന് ആർത്തുവിളിച്ചു. പിന്നെയെപ്പോഴാണ് താൻ ശൂന്യാകാശത്ത് ബഹിരാകാശ പേടകത്തിൽ സുനിതാ വില്യംസിനും ബുച്ച് വിൽമോറിനും ഒപ്പമെത്തിയതെന്ന് അറിയില്ല? പറന്നുപറന്ന് ഇവിടെയെത്തിയപ്പോൾ ഇവർ തനിക്ക് വാതിൽ തുറന്നു തന്നുകാണുമോ. അതിന് ബഹിരാ



കാശത്ത് കാലുറപ്പിച്ച് നിൽക്കാനാവുമോ? അവിടെ ഭൂഗുരുത്വാകർഷണശക്തി ഇല്ലെന്നും പറന്നു നടക്കുമെന്നുമാണല്ലോ ലിസി ടീച്ചർ പറഞ്ഞത്. സുകു തലയിൽ തപ്പി നോക്കി. മുടി മുള്ളൻ പന്നിയുടെ മുള്ളു പോലെ എഴുന്നുനിൽക്കുകയാണോ. ഇനിയിപ്പോ 2025 ജൂണിൽ ഇവർക്കൊപ്പം നാട്ടിലേക്ക് മടങ്ങിയാൽ മതിയായിരുന്നു. ഉത്സവം കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ താനെന്താണ് മടങ്ങി വരാത്തതെന്ന് അമ്മ ചിന്തിക്കും. മനീഷിനൊപ്പം ഒന്ന് ചുറ്റിത്തിരിഞ്ഞിട്ട് രാത്രി വൈകുന്നതിന് മുന്നേ എത്തുമെന്നു കരുതും. സമയം പോകുന്തോറും കാര്യങ്ങൾ കുഴപ്പമാവും. സ്കൂളിൽ നിന്ന് എത്താൻ താമസിച്ചാൽത്തന്നെ അമ്മ ടീച്ചറെ വിളിക്കും. അച്ഛൻ തിരക്കിയിറങ്ങും. പണ്ടത്തെപ്പോലെയല്ല ഇപ്പൊ കാര്യങ്ങളെന്ന് അമ്മയ്ക്ക് വിശദമായി പറഞ്ഞു കൊടുത്തിട്ട് പോരാൻ പറ്റിയില്ല. ആദ്യമായി ബഹിരാകാശത്തേക്കയച്ച ലെയ്ക്കയെന്ന നായക്കുട്ടിയുടെ കഥ വായന മത്സരത്തിന് ചിന്നു കൊണ്ടുവന്ന പുസ്തകത്തിൽ ഉണ്ടായിരുന്നു. അന്ന് പാവത്തിനെ പരീക്ഷണവസ്തുവാക്കുകയായിരുന്നല്ലോ. തിരികെവരാനാവില്ലെന്നറിയാതെ കുളിച്ചൊരുങ്ങി മരണത്തിലേക്ക് നടന്നുപോയ അവളുടെ കണ്ണുകളിലെ തിളക്കം മനസ്സിൽ അവശേഷിപ്പിച്ചത് നീറുന്ന വേദനയാണ്.

ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെന്ററിലെ ഒന്നാം വിക്ഷേപണത്തറയിൽ നിന്ന് 476 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിലേക്ക് രണ്ടുപഗ്രഹങ്ങളും വഹിച്ചു കൊണ്ട് പി എസ് എൽ വി സി 60 റോക്കറ്റ് ഉയർന്ന കാഴ്ച കഴിഞ്ഞയാഴ്ച ടി വി യിൽ കണ്ടപ്പോൾ മുതൽ ആഗ്രഹം കലശലായി. ഭ്രമണപഥത്തിൽ 30 km അകലത്തുള്ള രണ്ടു പേടകങ്ങളെ 10- 15 കിലോമീറ്റർ അകലെ എത്തിച്ചശേഷം പതിയെപ്പതിയെ അകലം കുറച്ച് ഒന്നിച്ചു ചേർക്കുന്ന ആ പ്രക്രിയ തനിക്കൊന്ന് നേരിൽ കാണണം. രണ്ട് പേടകങ്ങളെയും പിടിച്ചെടുത്ത് ഒന്നിച്ചു ചേർക്കുന്നതിനു വേണ്ടി ഐ എസ് ആർ ഒ ബഹിരാകാശത്ത് എത്തിച്ച റോബോട്ടിക് ആമും മറ്റ് ഉപകരണങ്ങളും കണ്ടപ്പോൾ ശരീരമാസകലം ഒരു കുളിരുണ്ടായി. ഇസ്രോയുടെ ബാംഗ്ലൂരിലെ ടെലിമെട്രി ട്രാക്കിങ് ആൻഡ് കമാൻഡ് നെറ്റ്‌വർക്കിൽ (ISTRAC) നിന്നാണ് ശാസ്ത്രജ്ഞർ ഈ പേടകങ്ങളെ നിയന്ത്രിക്കുന്നതത്രെ. അതു വായിച്ചപ്പോൾ കഴിഞ്ഞവർഷം ലീവിന് വന്ന അമ്മാവൻ കൊണ്ടുത്തന്ന ഹെലികോപ്റ്റർ ഓർത്തു. പറത്തിവിട്ടിട്ട് ചാഞ്ഞും ചരിഞ്ഞും അതിനെ നിയന്ത്രിച്ചു കൊണ്ട് റിമോട്ടുമായി പിന്നാലെ ഓടിയിരുന്ന ആ ദിവസങ്ങൾ. ഹിസ്റ്ററി ക്ലാസിൽ രണ്ടാം ലോകമഹായുദ്ധം പഠിപ്പിച്ചപ്പോൾ ഷൈമ ടീച്ചർ പറയുകയുണ്ടായി ആ യുദ്ധത്തിൽ ഡ്രോണുകൾ ഉപയോഗിച്ചിരുന്നുവെന്ന്. റേഡിയോ സിഗ്നലുകൾ ഉപയോഗിച്ച് നിയന്ത്രിക്കുന്ന ഇത്തരം ഉപകരണങ്ങളൊക്കെ അന്നേ ഉണ്ടായിരുന്നുവെന്നറിഞ്ഞപ്പോൾ അത്ഭുതം തോന്നി.

ഭൂമിയിലിരുന്നുകൊണ്ട് ബഹിരാകാശത്തുള്ള രണ്ട് പേടകങ്ങളെ കൂട്ടി യോജിപ്പിക്കാൻ കഴിയുന്ന സ്പെയ്ഡെക്സ് ഡോക്കിങ് നടത്തുന്ന ശാസ്ത്രജ്ഞരെ സമ്മതിക്കണം. ബഹിരാകാശത്തെത്തിച്ചു മുളപ്പിച്ച പയർ വിത്തിന് ഇല വന്നെന്നും ബഹിരകാശത്തു സ്റ്റാർട്ടപ്പുകൾ തുടങ്ങിക്കഴിഞ്ഞെന്നും പത്രത്തിൽ വായിച്ചിരുന്നു. ഇത്രയുമൊക്കെ ആയ സ്ഥിതിക്ക് കുറച്ചുനാൾ ഇവിടെ കറങ്ങി കാര്യങ്ങൾ ഒക്കെ നേരിട്ട് കാണാമായിരുന്നു. സുനിതാന്റിക്കൊപ്പം ബഹിരാകാശ നടത്തം പ്രാക്റ്റീസ് ചെയ്യാമായിരുന്നു. കുറച്ചീസം മുന്നേ ചിന്തിച്ചെങ്കിൽ ന്യൂ ഇയർ കേക്ക് ഇവിടെ മുറിക്കാമായിരുന്നു. ചന്ദ്രനിലേക്കും ചൊവ്വയിലേക്കുമൊന്നും ഇവിടുന്ന് സർവീസ് ഉണ്ടാകാൻ വഴിയില്ല. അതൊക്കെ തിരികെയങ്ങ് ചെന്നിട്ട് അടുത്ത തവണ പോകാം. അതുവരെ സുനിതാന്റിയും വിൽമോർ അങ്കിളും തന്നെ നോക്കിക്കോളുമെന്ന് അമ്മയെ അറിയിക്കാൻ എന്താണ് വഴി? ഓടാൻ തുടങ്ങിയപ്പോ അമ്മേടെ ഫോൺ വാങ്ങിയിരുന്നെങ്കിൽ അച്ഛന്റെ നമ്പറിൽ വിവരം അറിയിക്കാമായിരുന്നു. പെട്ടെന്നാണ് സുകു ഓർത്തത് അമ്മയ്ക്ക് മെയിൽ ഐഡി ക്രീയേറ്റ് ചെയ്തുകൊടുത്തത് താനാണ്. തന്റേം ചേച്ചിയുടേം പേര് ഇംഗ്ലീഷ് കൊച്ചക്ഷരത്തിൽ ടൈപ്പ് ചെയ്തതാണത്. അതിൽ സുനിതാന്റിയോട് പറഞ്ഞ് അമ്മയ്ക്കൊരു മെയിൽ അയച്ചാലോ.


വര: ബോബി എം പ്രഭ

സുനിതാന്റീ...ന്ന് വിളിച്ച് സുകു ചാടി എഴുന്നേറ്റു.

''എന്തോന്നാടാ ചെക്കാ... ഉറക്കത്തിലും പ്രാന്ത് പിടിച്ച ഈ ചെക്കനെ ഇനി അമ്മേടെ കൂടെ കിടത്തിക്കോ.''

കട്ടിലിൽ നിന്ന് തള്ളി താഴെയിട്ടിട്ട് ചിന്നു പുതപ്പ് വലിച്ച് തലവഴി മൂടി. തിരിഞ്ഞു കിടന്നുറങ്ങി.


# ഇളം തളിര്

ഇളംതളിരിലേക്ക് കൂട്ടുകാരുടെ സൃഷ്ടികൾ അയക്കൂ. രചനകൾ ചെറുതായിരിക്കണം. കുഞ്ഞുകഥയോ കവിതയോ ലേഖനമോ ആകാം. തളിരിനെക്കുറിച്ചുള്ള അഭിപ്രായങ്ങളും അയക്കാം.

## സൂര്യകാന്തി

സൂര്യകിരണത്തിൽ
ഉയർത്തെഴുന്നേൽക്കുന്ന
സൂര്യനായുള്ളയൊരു സൂര്യകാന്തി...
നിന്റെയീ ഹരിതാഭ ഇതളുകൾ
ഷഡ്പദം പോലും നോക്കി നിൽക്കെ...
ഇളം മാരുതൻ ഉഷസ്സിൽ വീശവേ...
ദലമർമ്മരം കേട്ടു വണ്ടുകൾ
മുഴുകിയിരിക്കേ
ഉഷ്ണത്തിൽ അഴകേറുന്നു നീ
മഴത്തുള്ളികൾ നിന്റെ ഇതൾ
തലോടുമ്പോൾ
ഹാ... നീയെന്തു ഭംഗി!

**ദേവനന്ദ കെ.,**
ജി എച്ച് എസ് എസ്
ബല്ല ഈസ്റ്റ്
കാഞ്ഞങ്ങാട്



വര: സചീന്ദ്രൻ കാറഡ്ക്ക

## വര



**അന്ന ബിനോയ്**
ക്ലാസ് 5
ഗാന്ധിജി ഇംഗ്ലീഷ് മീഡിയം ജി എച്ച് എസ് ശാന്തിഗ്രാം,
ഇരട്ടയാർ, ഇടുക്കി

# വര



**ഈശ്വർ എം വിനയൻ**
ക്ലാസ്സ് 7
എസ് എച്ച് യു പി എസ് ചുള്ളിമാനൂർ,
തിരുവനന്തപുരം





**അനുഷ്ക ആർ എൻ**
ക്ലാസ്സ് 8
ഗവ: ജി എച്ച് എസ് എസ് കരമന

# അവൾ


വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

വീട്ടിൽ കെട്ടിയിട്ട് വളർത്തി
സ്വാതന്ത്ര്യം കിട്ടി
അവൾ പറന്നുയർന്നു!

**തീർത്ഥ വിനോദ് എം**
ക്ലാസ് 8
ജി എം എച്ച് എസ് എസ്, പെരിന്തൽമണ്ണ

---

# കുഞ്ഞിപ്പൂമ്പാറ്റ



പാറിവരുന്നു പൂമ്പാറ്റ
പൂന്തേനുണ്ടു പൂമ്പാറ്റ
പലനിറത്തിൽ ചിറകുകളായി
പാറിവരുന്നു പൂമ്പാറ്റ.
ആകാശത്ത് പാറിപ്പറന്ന്
സന്തോഷത്തിൽ പോകുന്നു.
പച്ച, മഞ്ഞ, നീല നിറത്തിൽ
ചിറകുകൾ വിരിച്ച് പോകുന്നു.
പൂമഴയായി പൂമ്പാറ്റ
പൂവിതളായി പൂമ്പാറ്റ
പൂപ്പന്തലേറി പൂമ്പാറ്റ
പൂങ്കരളായി പൂമ്പാറ്റ
നമ്മുടെ സ്വന്തം പൂമ്പാറ്റ

**ബി. കാതറിൻ ഏയ്ഞ്ചൽ**
ക്ലാസ് 4
സെന്റ് റോക്ക്സ് ടി ടി ഐ/ എൽ പി എസ്
, തോപ്പ്


വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# പുസ്തകത്തെ കൂട്ടുകാരനാക്കണമെന്ന് കാരശ്ശേരി




പുസ്തകത്തെ കൂട്ടുകാരനാക്കണം. ആ കൂട്ടുകാരൻ നിങ്ങളെ ചതിക്കില്ല. ഒറ്റു കൊടുക്കില്ല. പിണങ്ങില്ല. ഇതു മാത്രമല്ല വായന കൊണ്ടുള്ള ഗുണം. അത് നമ്മുടെ വ്യക്തിത്വത്തെ അടയാളപ്പെടുത്തും. കാരശ്ശേരി പറഞ്ഞു. കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോടു ജില്ലയിലെ തിരഞ്ഞെടുത്ത പത്തു സ്കൂളുകളിൽ നടത്തുന്ന പുസ്തകനിറവ് പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം സിൽവർ ഹിൽസ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വായന കൊണ്ടുള്ള ഗുണങ്ങളും വായിക്കാത്തതു കൊണ്ടുള്ള നഷ്ടവും അദ്ദേഹം സരസമായി വിവരിച്ചു.

ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷത വഹിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് എഡിറ്റർ ഡോ. രാധിക സി നായർ ആമുഖഭാഷണം നടത്തി. സ്കൂളിൽ 36 വർഷം മലയാള വിഭാഗം അധ്യാപിക യായിരുന്ന ശശികല ടീച്ചറെ ചടങ്ങിൽ ആദരിച്ചു. വായനമത്സരത്തിലും കാവ്യാലാപനമത്സരത്തിലും വിജയികളായവർക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്തു.

ഇൻസ്റ്റിറ്റ്യൂട്ട് ഭരണ സമിതിയംഗം ജാനമ്മ കുഞ്ഞുണ്ണി, സ്കൂൾ പ്രിൻസിപ്പൽ ഫാദർ ജോൺ മണ്ണാരത്തറ, മനോജ് വി പി തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.

കുട്ടികളെ വായനയിലേക്ക് കുടുതൽ അടുപ്പിക്കുക, വായനയിലൂടെ കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള വരാക്കുക തുടങ്ങിയ ലക്ഷ്യത്തോടെയാണ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിവിധ ജില്ലകളിലെ സ്കൂളുകളിൽ പുസ്തകനിറവ് പരിപാടി സംഘടിപ്പിക്കുന്നത്. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ പുസ്തകനിറവിൽ കുട്ടികൾക്ക് 20 ശതമാനം വിലക്കുറവിലും വിവിധ വിഭാഗങ്ങളിൽപ്പെട്ട 245 പുസ്തകങ്ങൾ അടങ്ങുന്ന ഒരു മുഴുവൻ സെറ്റ് 50 ശതമാനം വിലക്കുറവിലുമാണ് നൽകുന്നത്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗവ. ഹയർ സെക്കൻഡറി സ്കൂൾ, നടക്കാവ് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, ഗവ. ഹയർ സെക്കൻഡറി സ്കൂൾ അത്തോളി, ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കടമേരി, ഗവ ഹയർ സെക്കൻഡറി സ്കൂൾ കാരപ്പറമ്പ്, ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ നടുവണ്ണൂർ സെയ്ന്റ് ജോസഫ്സ് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ, ഗവ ഹയർ സെക്കൻഡറി സ്കൂൾ നൊച്ചാട്, എം ജെ എച്ച് എസ് എസ് എളേറ്റിൽ എന്നീ വിദ്യാലയങ്ങളിലും പുസ്തകനിറവ് നടന്നു. ■

# ലഹരിക്കെതിരെ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 10 പുസ്തകങ്ങൾ മുഖ്യമന്ത്രി പ്രകാശനം ചെയ്തു.




ലഹരിക്കെതിരെ കുട്ടികളെ ബോധവത്ക്കരിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 10 പുസ്തകങ്ങളുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ലഹരി വിരുദ്ധ ദിനമായ ജൂലൈ 26ന് തിരുവനന്തപുരം നിശാഗന്ധിയിൽ സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ലഹരിവിരുദ്ധ പരിപാടിയിൽ പുസ്തകങ്ങൾ ബഹു വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടിക്ക് നൽകിയാണ് മുഖ്യമന്ത്രി പ്രകാശനം നിർവഹിച്ചത്. കുട്ടികൾക്കും കൗമാരക്കാർക്കിടയിലും വർദ്ധിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ സർക്കാർ നിരവധി പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അതിന്റെ ഭാഗമായാണ് വായനയിലൂടെ ലഹരിക്കെതിരെ പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ കേരളസംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് കഥ, നോവൽ, നാടകം, വൈജ്ഞാനികം തുടങ്ങിയ വിഭാഗങ്ങളിൽ പത്ത് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചത്. ചടങ്ങിൽ ആരോഗ്യമന്ത്രി വീണ ജോർജ്ജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം ബി രാജേഷ്, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ എന്നിവർ പങ്കെടുത്തു.■

THALIRU
August 2025, Volume 32, Issue No. 08, 48 Pages
Printed and Published by Palliyara Sreedharan on behalf of Kerala State Institute of Children's Literature, Thiruvananthapuram. Printed at St. Joseph's Press, Thiruvananthapuram, Kerala and Published at Kerala State Institute of Children's Literature, Sanskrit College campus, Palayam, Thiruvananthapuram -34
Editor: Palliyara Sreedharan

## തളിര് സ്കോളർഷിപ്പ് 2025 രജിസ്ട്രേഷന്റെ ഉദ്ഘാടനം ബഹു. വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു.



കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന തളിര് സ്കോളർഷിപ്പ് 2025 രജിസ്ട്രേഷന്റെ ഉദ്ഘാടനം ബഹു. വിദ്യാഭ്യാസമന്ത്രി വി ശിവൻകുട്ടി നിർവഹിച്ചു. കുട്ടികളുടെ സ്പീക്കർ നിധി പി എയുടെ രജിസ്ട്രേഷൻ സ്വീകരിച്ചുകൊണ്ടായിരുന്നു ഉദ്ഘാടനം. സാംസ്കാരിക വകുപ്പു ഡയറക്ടർ ഡോ. ദിവ്യ എസ് അയ്യർ ഐ എ എസ്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ, ഓഫീസ് മാനേജർ പ്രദീപ്കുമാർ ബി എസ് എന്നിവർ സന്നിഹിതരായിരുന്നു. അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് https://scholarship.ksicl.kerala.gov.in/ എന്ന ലിങ്കു വഴി സ്കോളർഷിപ്പ് പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്യാം.■



കോട്ടൺഹിൽ പ്രീ- പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റൂട്ടിൽ വായനാദിനം ആചരിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച കൊച്ചുകുട്ടികൾക്കുള്ള പുസ്തകങ്ങൾ ഡയറക്ടർ പള്ളിയറ ശ്രീധരൻ കൈമാറി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫീസ് മാനേജർ ബി എസ് പ്രദീപ് കുമാർ, പി.ടി എ പ്രസിഡന്റ് സജീർഖാൻ എസ്, പ്രിൻസിപ്പാൾ ശ്രീമതി വീണ ബി ആർ, എസ് എം സി ചെയർമാൻ മഹേഷ് സി എസ്, പി ടി എ വൈസ് പ്രസിഡൻറ് റാം എന്നിവർ പങ്കെടുത്തു.■

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970 August 2025
Regd KL/TV (N)/399/2024-2026 Published on 01-08-2025 Vol:32, Issue: 08, ₹25

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)

# തളിര് സ്കോളർഷിപ്പ് 2025

യു. പി, ഹൈസ്കൂൾവിഭാഗങ്ങളിലായി
ഓരോ ജില്ലയിലും ചുരുങ്ങിയത് **100**
പേർക്ക് സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക്
**10000, 5000, 3000** രൂപ എന്നിങ്ങനെ
സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.
**100** കുട്ടികൾ തളിര്
സ്കോളർഷിപ്പിനു ചേരുന്ന
സ്കൂളുകൾക്ക് **1000** രൂപയുടെ
പുസ്തകങ്ങൾ സൗജന്യം.

തളിരിന്റെ വാർഷികവരിസംഖ്യയായ **250 രൂപ**
അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക്
സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം.
**2026 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള
തളിര് തപാലിൽ ലഭ്യമാവും.



രജിസ്റ്റർ ചെയ്യാൻ

**https://scholarship.ksicl.kerala.gov.in**

കൂടുതൽ വിവരങ്ങൾക്ക് 8547971483 എന്ന നമ്പറിലോ
scholarship@ksicl.org എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്

SCAN ME!